മലപ്പുറത്തെ ആന
ഫാത്വിമ സഹ്റ ബത്തൂൽ

ശ്വാസം മുട്ടിക്കുന്ന വംശീയത
ശിഹാബ് പൂക്കോട്ടൂർ


# പ്രബോധനം

₹12 | 2020 JUNE 19

വാരിക


## വലിയ സ്വപ്നങ്ങൾ കാണേണ്ട കാലത്തെ വിദ്യാഭ്യാസം

ഡോ. കെ. എം മഹ്മൂദ് ശിഹാബ്

## ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസം: മികവിന്റെ മാനദണ്ഡങ്ങൾ

യാസിർ ഇല്ലത്തൊടി

## 'ക്രോധത്തിന്റെ കാലം' ഫാഷിസ്റ്റ് വിരുദ്ധ പോരാളികൾക്ക് ഒരു കൈപ്പുസ്തകം

ഡോ. ഉമർ ഒ. തസ്നീം



بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# 3156

പ്രബോധനം
വാരിക

www.prabodhanam.net | 1441 ശവ്വാൽ 27 / 2020 ജൂൺ 19 | വാള്യം 77 ലക്കം 04



**05** മുഖവാക്ക് /
**ഓസ്‌ലോ കരാറിന് ഇതു മാത്രമേ സംഭവിക്കുമായിരുന്നുള്ളൂ**

**08** വിശകലനം / ശിഹാബ് പൂക്കോട്ടൂർ
**വംശീയതയുടെ ശ്വാസംമുട്ടിക്കുന്ന പുകപടലങ്ങൾ**

**11** സ്മരണ / അബ്ദുൽഹകീം നദ്‌വി
**മൗലാനാ മുഹമ്മദ് റഫീഖ് ഖാസിമി; പ്രസ്ഥാന പാതയിൽ സമർപ്പിത ജീവിതം**

**33** തർബിയത്ത് / കെ.പി പ്രസന്നൻ
**മാപ്പർഹിക്കാത്ത കുറ്റം**

**35** കുറിപ്പ് / അഫ്‌ലഹുസ്സമാൻ
**വായനയുടെ സാധ്യതകളും പരിമിതികളും**

**37** കുടുംബം / എം.എസ്.എ റസാഖ്
**സന്താനലബ്ധി എന്ന അനുഗ്രഹം**

**39** പുസ്തകം/ ഡോ. ഉമർ ഒ. തസ്നീം
**'ക്രോധത്തിന്റെ കാലം' ഫാഷിസ്റ്റ് വിരുദ്ധ പോരാളികൾക്ക് ഒരു കൈപ്പുസ്തകം**

**49** ഹദീസ് / ഫാത്വിമ കോയക്കുട്ടി
**വെളിച്ചമാണ് അധ്യാപകൻ**

06 / കത്ത്
29 / ഖുർആൻ ബോധനം
43 / അനുഭവം
44 / അനുസ്മരണം
47 / വാർത്ത
50 / കവിത

**13** കവർ സ്റ്റോറി / ഡോ. കെ.എം മഹ്മൂദ് ശിഹാബ്
**വലിയ സ്വപ്നങ്ങൾ കാണേണ്ട കാലത്തെ വിദ്യാഭ്യാസം**






**18** കവർ സ്റ്റോറി / യാസിർ ഇല്ലത്തൊടി
**ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസം മികവിന്റെ മാനദണ്ഡങ്ങൾക്ക് ഒരാമുഖം**

**22** വീക്ഷണം / ഫാത്വിമ സഹ്റ ബത്തൂൽ
**മലപ്പുറത്തെ ആന**

**25** ലേഖനം / ശിഹാബുദ്ദീൻ ആരാമ്പ്രം
**മരണത്തെ ഭയക്കാത്ത നീതിബോധം**



പ്രബോധനം വാരിക, ഐ.എസ്.ടി ബിൽഡിംഗ്
സിൽവർ ഹിൽസ്, കോഴിക്കോട് 673 012


കവർ ഡിസൈൻ
**സി.എം ശരീഫ്**



എഡിറ്റർ / **ടി.കെ ഉബൈദ്** | എക്സിക്യൂട്ടീവ് എഡിറ്റർ/ **അശ്റഫ് കീഴുപറമ്പ്**
സീനിയർ സബ് എഡിറ്റർ/ **സദ്റുദ്ദീൻ വാഴക്കാട്** | ലേ ഔട്ട്/ **എം.വി. ജലീൽ ഒതളൂർ**



**എഡിറ്റോറിയൽ:** 0495 2730099 editorprabodhanam@gmail.com
**അക്കൗണ്ട്സ്** : 0495 2732888 | **സർക്കുലേഷൻ മാനേജർ:** 0495 2730744, 9544060886
circulationprabodhanam@gmail.com | **പരസ്യവിഭാഗം:** 9496772448 | advtprabodhanam@gmail.com
**മാനേജർ:** 0495 2730073 | 9496772448 | managerprabodhanamclt@gmail.com

www.prabodhanam.net f prabodhanam

# ആ എട്ടു ലക്കങ്ങൾ ഒന്നിച്ച് പുറത്തിറങ്ങുന്നു



**കോവിഡ് 19ന്റെ അടച്ചുപൂട്ടൽ കാരണം അച്ചടിക്കാൻ സാധിക്കാതിരുന്ന പ്രബോധനം വാരികയുടെ എട്ടുലക്കങ്ങൾ ഒറ്റ ബൈൻഡായി പ്രിന്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നു**

2020 ഏപ്രിൽ 3, 10, 17, 24. 2020 മെയ് 1, 8, 15, 22
എന്നീ ലക്കങ്ങളാണ് ഒന്നിച്ച് പ്രസിദ്ധീകരിക്കുന്നത്.

388 പേജ്
128 പേജ് കളർ
വില
₹125

മുൻകൂട്ടി പണമടച്ച വരിക്കാർക്ക് അച്ചടിക്കാത്ത ലക്കങ്ങൾക്ക് പകരം എട്ടു ലക്കങ്ങൾ വരിസംഖ്യ ദീർഘിപ്പിച്ച് നൽകുന്നതാണ്.

കോപ്പികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് മാത്രം.
ആവശ്യമുള്ളവർ പ്രബോധനം ഏജന്റുമാരെ സമീപിക്കുക.
അല്ലെങ്കിൽ, പൂർണ്ണവിലാസവും
കോപ്പികളുടെ എണ്ണവും വാട്സാപ്പ് ചെയ്യുക 7559996677

**പ്രബോധനം**
വാരിക

കൂടുതൽ വിവരങ്ങൾക്ക്

0495 2730744 circulationprabodhanam@gmail.com

മാനേജർ, പ്രബോധനം വാരിക, ഐ.എസ്.ടി ബിൽഡിംഗ് വെള്ളിമാട്കുന്ന് കോഴിക്കോട്-12

മുഖവാക്ക്

# ഓസ്‌ലോ കരാറിന് ഇതു മാത്രമേ സംഭവിക്കുമായിരുന്നുള്ളൂ

ഏതാനും ആഴ്ചകൾക്കു മുമ്പ് ഇസ്രയേൽ തലസ്ഥാനമായ തെൽ അവീവിൽ ആയിരങ്ങൾ പങ്കെടുത്ത ഒരു പ്രതിഷേധ റാലി നടന്നു. ഫലസ്ത്വീനീ വംശജർക്കൊപ്പം ജൂതമത വിശ്വാസികളായ മനുഷ്യാവകാശ പ്രവർത്തകരും അണിനിരന്നു എന്നതാണ് അതിന്റെ പ്രത്യേകത. വെസ്റ്റ് ബാങ്കിൽ നേരത്തേ കൈയേറിയ ഭൂമിയുടെ മുപ്പതു ശതമാനം ഇസ്രയേലിനോട് കൂട്ടിച്ചേർക്കുമെന്ന ഇസ്രയേൽ പ്രധാനമന്ത്രി ബെൻയാമിൻ നെതന്യാഹുവിന്റെ പ്രഖ്യാപനമാണ് പ്രതിഷേധ റാലിക്ക് വഴിവെച്ചത്. പൊതുവെ ലോകനേതാക്കൾ കോവിഡ് മഹാമാരിയെ നേരിടാൻ മുഴുവൻ പൗരന്മാരുടെയും പൊതുവേദികളുടെയും സഹായത്തോടെ കിണഞ്ഞു ശ്രമിക്കുകയാണ്. എന്നാൽ, ചില രാഷ്ട്രത്തലവന്മാരുടെ കുടിലതയും ദുഷ്ട ലാക്കും അപ്പാടെ പുറത്തു ചാടുക ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിലായിരിക്കും. ലോകം മുഴുക്കെ ജീവന്മരണപ്പോരാട്ടത്തിൽ ഏർപ്പെട്ടു നിൽക്കുമ്പോൾ തങ്ങളുടെ കുടില പദ്ധതികൾ ഒന്നൊന്നായി ചുട്ടെടുക്കാനായിരിക്കും അവരുടെ തത്രപ്പാട്. ഇന്ത്യയിലെ സംഘ് പരിവാർ ഭരണകൂടത്തിന്റെ അതിനീചമായ നീക്കങ്ങൾ നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ. പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രക്ഷോഭം നടത്തിയവർക്കെതിരെ യു.എ.പി.എ ചുമത്തി അവരെ ജയിലിൽ തള്ളുകയാണ് ഈ പ്രതിസന്ധി ഘട്ടത്തിൽ. ജനങ്ങൾക്ക് പുറത്തിറങ്ങാൻ നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ട് വലിയ പ്രക്ഷോഭവും ഒച്ചപ്പാടുമൊന്നും ഉണ്ടാകില്ലെന്ന് ഈ ഭരണാധികാരികളുടെ കുടില മനസ്സ് കണക്കു കൂട്ടുന്നു.

ഇതേ കുതന്ത്രം തന്നെയാണ് നെതന്യാഹുവും പയറ്റുന്നത്. ഇപ്പോൾ ഭൂമി പിടിച്ചെടുത്താൽ ഒറ്റപ്പെട്ട പ്രതിഷേധ ശബ്ദങ്ങളേ ഉയരൂ. ഇത്തരം കാര്യങ്ങളൊന്നും ശ്രദ്ധിക്കാൻ ലോക രാഷ്ട്രങ്ങൾക്ക് സമയമുണ്ടാവില്ല. അവ കോവിഡിനെ മെരുക്കുന്ന തിരക്കിലാണല്ലോ. നെതന്യാഹു എന്ന രാഷ്ട്രീയ ചാണക്യന്റെ കണക്കുകൂട്ടലുകൾ തെറ്റിയില്ല. പ്രതിഷേധങ്ങൾ ഉയരുന്നുണ്ടെങ്കിലും അതൊന്നും കാര്യമായി ശ്രദ്ധിക്കപ്പെടുന്നില്ല. ആദ്യം കോവിഡിലും ഇപ്പോൾ അമേരിക്കയിലെ വംശീയവിരുദ്ധ പ്രക്ഷോഭങ്ങളിലും മുങ്ങിപ്പോയി, 1993-ൽ ഇസ്രയേലും പി.എൽ.ഒയും ഒപ്പുവെച്ച ഓസ്‌ലോ കരാറിന്റെ നഗ്നമായ ഈ ലംഘനം. ഇസ്രയേലിലെ പ്രമുഖ രാഷ്ട്രീയ നേതാക്കളും മുൻ സൈനിക കമാന്റർമാരുമൊക്കെ വരുന്ന ജൂലൈയിൽ നടപ്പാക്കപ്പെടുമെന്ന് പറയുന്ന ഈ നീക്കത്തിനെതിരാണ്. പക്ഷേ കരാർ ലംഘനമോ ഫലസ്ത്വീനികൾക്ക് നിഷേധിക്കപ്പെടുന്ന പൗരാവകാശങ്ങളോ ഒന്നുമല്ല അവരെ എതിർ ചേരിയിൽ നിർത്തുന്നത്. ഫലസ്ത്വീനികൾക്ക് നൽകും എന്ന് പറയപ്പെട്ടിരുന്ന പടിഞ്ഞാറേ കരയോ ഗസ്സയോ കിഴക്കൻ ജറൂസലമോ മൊത്തം പിടിച്ചെടുത്ത് ഇസ്രയേലിന്റെ ഭാഗമാക്കിയാലും ഇക്കൂട്ടർക്ക് എതിർപ്പുണ്ടാവില്ല. ഈയൊരു ഘട്ടത്തിൽ ഭൂമി പിടിച്ചെടുക്കുന്നത് ഇസ്രയേലിന്റെ 'ഇമേജി'നെ ബാധിക്കില്ലേ എന്ന ആശങ്ക മാത്രമേ അവർക്കുള്ളൂ.

എഡ്വേഡ് സൈദിനെപ്പോലുള്ള രാഷ്ട്രീയ നിരീക്ഷകർ ഓസ്‌ലോ കരാർ മഹാദുരന്തമായിരിക്കുമെന്ന് അക്കാലത്തു തന്നെ കൃത്യമായി പ്രവചിച്ചതാണ്. സ്വാതന്ത്ര്യം, പരമാധികാരം, തുല്യത എന്നിവ ഉറപ്പു നൽകുന്ന ഫലസ്ത്വീൻ സ്വയം നിർണയാവകാശത്തിലൂടെ മാത്രമേ സ്വതന്ത്ര രാജ്യം എന്ന സ്വപ്നത്തിലേക്ക് നടന്നടുക്കാനാവൂ എന്ന് സൈദ് സമർഥിച്ചു. ഓസ്‌ലോ കരാറിൽ ഇതു സംബന്ധമായി ഒരു ഉറപ്പും നൽകുന്നില്ല. ഇസ്രയേലിനോടുള്ള വിധേയത്വം മാത്രമേ അതിൽ കാണാനാവൂ. 'സമാധാന പ്രക്രിയയുടെ അന്ത്യം' (The End of Peace Process) എന്ന പുസ്തകത്തിൽ സൈദ് എഴുതി: 'ഓസ്‌ലോ കരാറിലൂടെ തീർച്ചയായും ഇസ്രയേലിന് സന്തോഷിക്കാൻ വകയുണ്ട്. സമാധാനത്തിന് മുന്നിട്ടിറങ്ങി എന്ന ക്രെഡിറ്റ് അതിന് ലഭിച്ചു. അതേ സമയം ഫലസ്ത്വീനികളുടെ സമ്മതത്തോടെ തന്നെ ഇസ്രയേലിന് അതിന്റെ എല്ലാ അധിനിവേശവും തുടരുകയും ചെയ്യാം.'

27 വർഷങ്ങൾക്കു മുമ്പ് സൈദ് പ്രവചിച്ചത് അക്ഷരംപ്രതി പുലരുകയായിരുന്നു പിന്നീട്. ഓസ്‌ലോ കരാറിനെ ഇത്ര കാലം ന്യായീകരിച്ച പി.എൽ. ഒ നേതൃത്വം ഒന്നും മിണ്ടാനാകാതെ ശരിക്കും പ്രതിരോധത്തിലായിക്കഴിഞ്ഞു. കരാർ ഒപ്പുവെച്ച യാസിർ അറഫാത്തിന്റെ പിൻഗാമി മഹ്മൂദ് അബ്ബാസ്, ഈ നീക്കത്തിൽ നിന്ന് പിന്മാറിയില്ലെങ്കിൽ ഇസ്രയേലുമായുള്ള സകല സുരക്ഷാ സഹകരണങ്ങളിൽ നിന്നും തങ്ങൾ പിൻവാങ്ങുമെന്നും മറ്റുമുള്ള കുറേ ഉണ്ടയില്ലാ വെടികൾ പൊട്ടിച്ചു നോക്കുന്നുണ്ട്. അദ്ദേഹം സ്വയം പരിഹാസ്യനാവുന്നത് മിച്ചം. ഇതു വരെ അമേരിക്ക ഉൾപ്പെടെയുള്ള രാഷ്ട്രങ്ങൾ ഉയർത്തിക്കാട്ടിയിരുന്ന ദ്വിരാഷ്ട്രം എന്ന ആശയത്തിന്റെ മരണം കൂടിയാണ് സംഭവിച്ചിരിക്കുന്നത്. എല്ലാ ഫലസ്ത്വീൻ വിഭാഗങ്ങളും ഒത്തു ചേർന്ന് പുതിയൊരു രാഷ്ട്രീയ പ്രതിരോധ സ്ട്രാറ്റജി ആവിഷ്കരിക്കുക മാത്രമാണ് ഇസ്രയേലിന്റെ 'ഗുണ്ടാ ഭൗമ രാഷട്രീയ'ത്തെ നേരിടാനുള്ള ഏക വഴി. ●

ഇതു വരെ അമേരിക്ക ഉൾപ്പെടെയുള്ള രാഷ്ട്രങ്ങൾ ഉയർത്തിക്കാട്ടിയിരുന്ന ദ്വിരാഷ്ട്രം എന്ന ആശയത്തിന്റെ മരണം കൂടിയാണ് സംഭവിച്ചിരിക്കുന്നത്. എല്ലാ ഫലസ്ത്വീൻ വിഭാഗങ്ങളും ഒത്തു ചേർന്ന് പുതിയൊരു രാഷ്ട്രീയ പ്രതിരോധ സ്ട്രാറ്റജി ആവിഷ്കരിക്കുക മാത്രമാണ് ഇസ്രയേലിന്റെ 'ഗുണ്ടാ ഭൗമ രാഷട്രീയ'ത്തെ നേരിടാനുള്ള ഏക വഴി.

editorprabodhanam@gmail.com




പതിറ്റാണ്ടുകളായി ഒരു കിരാത ഭരണാധികാരിയുടെ അടിച്ചമർത്തലിനും കൂട്ടക്കൊലകൾക്കും വിധേയരായ സിറിയൻ ജനത മുല്ലപ്പൂ വിപ്ലവത്തിന്റെ സുഗന്ധം ആവാഹിച്ച് തെരുവിലേക്കിറങ്ങിയതിന്റെ പരിണിതഫലം എന്തുകൊണ്ട് ഇത്ര വലിയ മനുഷ്യദുരന്തമായി മാറിയെന്നുള്ള പഠനങ്ങൾ ഒരുപക്ഷേ വരുംതലമുറയെ അത്ഭുതപ്പെടുത്തിയേക്കാം.

കത്ത്

# ആ ധാരണ തിരുത്താൻ അധിക കാലം വേണ്ടിവരില്ല

**നജീബ് കാഞ്ഞിരോട്**

**സിനിമക്കു** വേണ്ടി നിർമിച്ച താൽക്കാലിക ക്രിസ്ത്യൻ പള്ളി സംഘ് പരിവാർ പൊളിച്ചപ്പോൾ കേരളത്തിൽ നിന്ന് പ്രതീക്ഷിച്ച ജനകിയ എതിർപ്പൊന്നും ഉയർന്നില്ല. ഇതൊരു അപായ സൂചനയാണ്. ഇതുവരെ ഉത്തരേന്ത്യയിൽ മാത്രം കണ്ടിരുന്ന സംഹാരാത്മക അക്രമങ്ങൾ കേരളത്തിലേക്കും കടത്താനുള്ള ആസൂത്രിത ശ്രമമാണ് 'പള്ളി' പൊളിച്ചത് എന്ന് തിരിച്ചറിയേണ്ടതുണ്ട്. ഒരുപക്ഷേ ഭാവിയിൽ ഇത്തരം ആക്രമണങ്ങൾ ഇവിടെയും ആവർത്തിക്കാനുള്ള റിഹേഴ്സലായിരിക്കാം ഇത്. അതും സോഷ്യൽ മീഡിയയിൽ പരസ്യമായി പോസ്റ്റിട്ടുകൊണ്ടാണ് കൃത്യം നിർവഹിച്ചത് എന്നത് ഇവർ നിയമവ്യവസ്ഥയെ തെല്ലും ഭയപ്പെടുന്നില്ല എന്നതിന്റെ ഭീതിപ്പെടുത്തുന്ന തെളിവാണ്. അല്ലെങ്കിൽ മുമ്പ് കേരളത്തിൽ ഇത്തരത്തിൽ നടന്ന സംഘ് ഭീകരതയുടെ മകുടോദാഹരണങ്ങളായ പല അക്രമങ്ങളിലും പ്രതികൾ അർഹിക്കുന്ന ശിക്ഷ കിട്ടാതെ രക്ഷപ്പെട്ടതിന്റെ ധൈര്യത്തിലുമാവാം. UAPA പോലെയുള്ള കരിനിയമങ്ങൾ ചിലർക്ക് മാത്രം സംവരണം ചെയ്യപ്പെട്ടതാണെന്ന് പറയാതെ പറയുന്ന, ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ പോലും എത്ര കൊടിയ അക്രമങ്ങൾ നടത്തിയാലും സംഘ് പരിവാറുമായി ബന്ധമുള്ളവർക്കെതിരെ നിസ്സാര വകുപ്പുകൾ ചേർത്താണ് കേസെടുക്കാറുള്ളത്. കൊടിഞ്ഞിയിലെ ഫൈസൽ വധം, കാസർകോട് റിയാസ് മൗലവിയെ ക്രൂരമായി പള്ളിക്കുള്ളിൽ കയറി വെട്ടിക്കൊന്നതടക്കം ഒരുപാട് ഉദാഹരണങ്ങൾ ആഭ്യന്തര വകുപ്പിനെ നോക്കി ഇപ്പോഴും കൊഞ്ഞനം കുത്തുന്നുണ്ട്. അതൊക്കെയാവാം സംഘ് ഭീകരർക്ക് കേരളത്തിലും ഇങ്ങനെ അഴിഞ്ഞാടാൻ ധൈര്യം നൽകുന്നത്.

ഇത്രയൊക്കെയായിട്ടും ഈ സംഘ് ഭീകരതക്കെതിരെ ശക്തമായ പ്രതിഷേധങ്ങൾ സിനിമാ മേഖലയിൽ നിന്നു പോലും ഉണ്ടായില്ല എന്നത് എത്ര ഖേദകരമാണ്! അന്തരീക്ഷത്തിലെ പുക പോലെ എവിടെയും തട്ടാതെയുള്ള ചില പ്രതികരണങ്ങൾ മാത്രമാണ് ചില നടന്മാരിൽ നിന്നും മറ്റു ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടായത്. സംഘ് ഭീകരത എന്ന് തുറന്നു പറയാൻ പലരും ഭയപ്പെടുന്നു. മാത്രമല്ല, കാലാകാലങ്ങളായി മലയാള സിനിമയിൽ തഴുകിത്തലോടി നടമാടിയിരുന്ന സവർണ തമ്പുരാൻ മെയ്യനക്കങ്ങൾക്ക് കിട്ടിയ ഇരുട്ടടിയായിരിക്കാം ഈ സംഭവം. വർഗീയ ഫാഷിസം അതിന്റെ മൂർധന്യാവസ്ഥയിൽ ഇന്ത്യയിലാകെ രക്ത താണ്ഡവമാടുന്ന വർത്തമാനത്തിൽ അതിനോട് യാതൊരു വിധത്തിലും പ്രതിരോധാത്മകമായി നിലകൊള്ളാതെ തീർത്തും അരാഷ്ട്രീയമായി സവർണതയെ പുൽകി മുന്നോട്ടു പോവുകയായിരുന്നു മലയാള സിനിമ.

സംഘ് പരിവാർ ഭീകരതക്കു മുമ്പിൽ ഉറക്കം നടിക്കുന്ന, രഹസ്യമായി സംഘ് പരിവാറിനെ താലോലിക്കുന്ന ക്രിസ്ത്യൻ നേതാക്കൾക്കും സഭകൾക്കും യാഥാർഥ്യ ബോധം ഉൾക്കൊണ്ട് ഉണർന്നെണീക്കാനുള്ള ഒരവസരം കൂടിയാണ് ഈ സംഭവം. ആൾക്കൂട്ട അക്രമങ്ങളുടെ ഇരകൾ ഇപ്പോൾ മുസ്‌ലിം സമൂഹമാണ് എന്നുള്ളതുകൊണ്ട് അത് മുസ്‌ലിംകളിൽ മാത്രം അവസാനിക്കും എന്ന് കരുതുന്നത് മൗഢ്യമാണ്. സംഘ് പരിവാറിന്റെ ആചാര്യൻ ഗോൾവാൾക്കർ 'വിചാരധാര'യിൽ എഴുതിവെച്ചതു പോലെ അടുത്ത ലക്ഷ്യം ക്രൈസ്തവരായിരിക്കും എന്നത് സംശയലേശമന്യേ പറയാവുന്നതാണ്. ഒഡീഷയിലെ കണ്ട്മാലിലും ഇപ്പോൾ കേരളത്തിലും അതിന്റെ തുടക്കമായിരിക്കാം നടന്നത്. നൂറുകണക്കിന് ചർച്ചുകളാണ് ഒഡീഷയിൽ അഗ്നിക്കിരയാക്കിയത്. കുറച്ച് വർഷങ്ങൾക്കു മുമ്പ് ഒഡീഷയിൽ തന്നെ ആസ്ത്രേലിയൻ മിഷനറി പ്രവർത്തകൻ ഗ്രഹാം സ്റ്റൈൻസിനെയും കുടുംബത്തെയും പച്ചക്ക് ചുട്ടെരിച്ചതും, ഉത്തരേന്ത്യയിലെ പല സ്ഥലങ്ങളിലും മതപരിവർത്തനം ആരോപിച്ച് ക്രൈസ്തവർക്കെതിരെ ഇടക്കിടെ നടക്കുന്ന അക്രമങ്ങളുമെല്ലാം ഇതിനോട് കൂട്ടി വായിക്കാവുന്നതാണ്. ദുഃഖകരമായ കാര്യം, ബീഫിന്റെ പേരിലും ശ്രീരാമന്റെ പേരിലും നിരവധി മുസ്‌ലിംകൾ ക്രൂരമായി മർദിക്കപ്പെട്ടിട്ടും കൊല ചെയ്യപ്പെട്ടിട്ടും, ജാതിയുടെ പേരിൽ നിരവധി ദലിതരെ ക്രൂരമായി അക്രമിച്ചിട്ടും ഇന്ത്യയിലെ ക്രൈസ്തവ നേതൃത്വം കേരളത്തിലടക്കം അതിനെതിരെ വേണ്ട രീതിയിൽ പ്രതികരിച്ചില്ല എന്നതാണ്. ക്രൈസ്തവ സഭകളും പുരോഹിതന്മാരും ശക്തമായ സാന്നിധ്യമറിയിക്കുന്ന കേരളത്തിൽ പോലും അങ്ങനെയുള്ള പ്രതിഷേധ സ്വരങ്ങൾ കേട്ടതായി ഓർക്കുന്നില്ല.

എന്നു മാത്രമല്ല സംഘ് പരിവാർ മുസ്‌ലിംകൾക്കെതിരെ പടച്ചുവിടുന്ന പെരും നുണകൾ തൊണ്ട തൊടാതെ വിഴുങ്ങുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുകയായിരുന്നു പുരോഹിതന്മാർ അടക്കമുള്ളവർ ചെയ്തത്. ലൗ ജിഹാദ് വിഷയത്തിൽ ഒരു സമുദായത്തെ മുഴുവൻ വ്യാജ ആരോപണങ്ങളും തീവ്രവാദ പട്ടവും കൊണ്ട് അപമാനിച്ചത് സംഘ് പരിവാറും ക്രൈസ്തവ ജിഹ്വകളും ഒരുമിച്ചു ചേർന്നാണ്. കോഴിക്കോട്ട് നടന്ന ഒരു ക്രൈസ്തവ പെൺകുട്ടിയുടെ മതംമാറ്റ വിഷയത്തിൽ ക്രൈസ്തവ ഗ്രൂപ്പുകൾ കുറച്ച് മുമ്പ് സമൂഹമാധ്യമങ്ങളിൽ സംഘ് പരിവാർ ചവച്ചു തുപ്പിയ ലവ് ജിഹാദും സിറിയയും അഫ്ഗാനിസ്താനും ഒക്കെ വീണ്ടുമെടുത്ത് ചവച്ചരക്കുകയാണ് ചെയ്തത്.

മാധവിക്കുട്ടി ഇസ്‌ലാം സ്വീകരിച്ചപ്പോൾ രണ്ട് കന്യാസ്ത്രീകൾ അവരെ സമീപിച്ച് തെറ്റ് തിരുത്തണം എന്നാവശ്യപ്പെട്ട കാര്യം പിന്നീട് അവർ തന്റെ ഓർമകളിൽ പങ്കു വെക്കുന്നുണ്ട്. ആരെങ്കിലും മതം മാറുന്നുണ്ടെങ്കിൽ അത് തങ്ങളിലേക്ക് മാത്രമേ മാറാവൂ, ഇസ്‌ലാമിലേക്ക് ആവരുത് എന്നുള്ള സങ്കുചിത മനോഭാവം വെച്ചു പുലർത്തുന്നവരാണ് ചില പുരോഹിതന്മാരും കന്യാസ്ത്രീകളും എന്നാണ് ഈ സംഭവം തെളിയിക്കുന്നത്. ഇതൊരു മനോരോഗമാണ്. സംഘ് പരിവാറിന് ഈ മതഭ്രാന്ത് മൂത്തപ്പോഴാണ് ഇസ്‌ലാം

സ്വീകരിച്ച കൊടിഞ്ഞിയിലെ ഫൈസൽ എന്ന ചെറുപ്പക്കാരനെ ക്രൂരമായി കൊന്നുതള്ളിയത്. തൃപ്പൂണിത്തുറ പീഡന കേന്ദ്രത്തിൽ നിരവധി പെൺകുട്ടികളെ ശാരീരികമായും മാനസികമായും പീഡിപ്പിച്ച് നിർബന്ധിതമായി ഘർ വാപ്പസി നടത്തിയപ്പോഴും ക്രൈസ്തവ നേതാക്കളോ സഭാധ്യക്ഷന്മാരോ അതിനെതിരെ ഏതെങ്കിലും രീതിയിൽ ശബ്ദിച്ചില്ല. മറിച്ച് കിട്ടുന്ന അവസരങ്ങളിലെല്ലാം വേട്ടക്കാരോടൊപ്പം നിന്ന് ഇരകളെ പരിഹസിക്കുകയായിരുന്നു. നമ്മളല്ലല്ലോ, നമുക്കെന്ത് പ്രശ്നം എന്ന നിലപാടാണ് പലപ്പോഴും മുസ്‌ലിം വിരുദ്ധ, ദലിത് വിരുദ്ധ സംഘ് പരിവാർ ആക്രമണങ്ങളിൽ ക്രൈസ്തവ പൗരോഹിത്യവും സഭാ നേതാക്കന്മാരും പൊതുവിൽ സ്വീകരിച്ചത് എന്ന് കാണാനാവും. പക്ഷേ ഒഡീഷയിലും മറ്റ് പലയിടത്തും ക്രൈസ്തവർ അക്രമിക്കപ്പെട്ടപ്പോൾ അതിനെതിരെ ശക്തമായി പ്രതികരിക്കാൻ മുസ്‌ലിം സംഘടനകളും നേതാക്കന്മാരും മുന്നിലുണ്ടായിരുന്നു.

മുസ്‌ലിംകളും ദലിതരും ആക്രമിക്കപ്പെടുന്ന ഫാഷിസ്റ്റ് കാലത്ത് ഇരകളെ അവഗണിച്ച് വേട്ടക്കാരോടൊപ്പം ചേർന്നു നിൽക്കുന്നതിലൂടെ തങ്ങളുടെ ഭാവി സുരക്ഷിതമാക്കാം എന്ന് മനപ്പായസം ഉണ്ണുന്നവർ സംഘ് പരിവാറിനെ പറ്റി ഒന്നും യഥാർഥത്തിൽ പഠിച്ചിട്ടില്ല. എന്നും ഭരിക്കുന്നവരോടൊപ്പം ചേർന്നു നിന്ന് തങ്ങളുടെ സുരക്ഷിതത്വവും സാമ്പത്തിക അജണ്ടകളും ഭദ്രമാക്കുക എന്നതിൽ കവിഞ്ഞ താൽപ്പര്യങ്ങളൊന്നും പൊതുവെ ഇന്ത്യയിലെ സഭകളിലും പുരോഹിതന്മാരിലും കാണാറില്ല. സംഘ് പരിവാറിന്റെ ലക്ഷ്യം മുസ്‌ലിംകൾ മാത്രമാണ് എന്നാണ് വിചാരിച്ചിരിക്കുന്നതെങ്കിൽ തീർച്ചയായും അത് തിരുത്തപ്പെടുന്ന കാലമാണ് വരാനിരിക്കുന്നത്. ●

---

# നിങ്ങളുടെ ദുഃസ്ഥിതി ഓർക്കാനോ എഴുതാനോ വയ്യ

**യൂസുഫ് ഉസ്മാൻ**

**'ഇവി**ടെ പോരാടിയ ജീവിച്ചിരിക്കുന്നവരോ മരിച്ചുപോയവരോ ആയ ധീരന്മാർ നമ്മുടെ ദുർബലമായ ശേഷികൊണ്ട് നമുക്കു കൂട്ടിച്ചേർക്കാനോ മുറിച്ചുകളയാനോ കഴിയാത്തവിധം അതിനെ പവിത്രീകരിച്ചിരിക്കുന്നു. നാം ഇവിടെ എന്തു പറയുന്നുവെന്നത് ലോകം ഒട്ടും ശ്രദ്ധിക്കുകയോ ഓർത്തുവെക്കുകയോ ഇല്ല. പക്ഷേ, അവർ ഇവിടെ എന്തു ചെയ്തു എന്നത് ലോകത്തിനു ഒരിക്കലും മറക്കാനാവില്ല.' 1862-63 കളിൽ നടന്ന അമേരിക്കൻ ആഭ്യന്തര യുദ്ധത്തെ വിലയിരുത്തിക്കൊണ്ട് എബ്രഹാം ലിങ്കൺ പറഞ്ഞതാണിത്.

പതിറ്റാണ്ടുകളായി ഒരു കിരാത ഭരണാധികാരിയുടെ അടിച്ചമർത്തലിനും കൂട്ടക്കൊലകൾക്കും വിധേയരായ സിറിയൻ ജനത മുല്ലപ്പൂ വിപ്ലവത്തിന്റെ സുഗന്ധം ആവാഹിച്ച് തെരുവിലേക്കിറങ്ങിയതിന്റെ പരിണിതഫലം എന്തുകൊണ്ട് ഇത്ര വലിയ മനുഷ്യദുരന്തമായി മാറിയെന്നുള്ള പഠനങ്ങൾ ഒരുപക്ഷേ വരുംതലമുറയെ അത്ഭുതപ്പെടുത്തിയേക്കാം. ആദ്യം അവർ സോഷ്യലിസ്റ്റുകളെ തേടി വന്നു, പക്ഷേ ഞാനവർക്കു വേണ്ടി സംസാരിച്ചില്ല; കാരണം ഞാനൊരു സോഷ്യലിസ്റ്റായിരുന്നില്ല... എന്നു തുടങ്ങുന്ന മാർട്ടിൻ നീമോലറുടെ പ്രസിദ്ധമായ കവിത ഒരിക്കൽ കൂടി ഓർമയിൽ വരുന്നു. അഡോൾഫ് ഹിറ്റ്ലറും നാസികളും വിതച്ച കൊടുംദുരന്തത്തെ ജർമൻ ജനതയുടെ കോംപ്ലിസിറ്റായ സ്വയം കുറ്റപ്പെടുത്തലായുള്ള ഈ ചിത്രീകരണം മനുഷ്യ മനസ്സാക്ഷിയോടുള്ള എക്കാലത്തെയും ഒരു ചോദ്യമാണ്.

ഇനി ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ മനുഷ്യ ദുരന്തമായ, വേദനയായ സിറിയയിലേക്ക് നോക്കാം. 1971 -ൽ 'സർവസമ്മതനായി' (99.9 ശതമാനം വോട്ടു നേടി) സിറിയൻ പ്രസിഡന്റായ ഹാഫിസ് അൽ അസദ് കൊടും ചതികളും ക്രൂരതകളുമാണ് തന്റെ രാജ്യത്തിലെ 85% സുന്നി മുസ്‌ലിംകളോടും ചെയ്തത്. 2000 -ൽ തന്റെ മരണം വരെയും പിന്നീട് സിറിയയെ അടക്കിഭരിച്ച ഈ ഏകാധിപതി കാരണം അമ്പതിനായിരത്തിൽപരം നിരപരാധികൾ സിറിയയിലെ ഹിംസ്, അലപ്പോ എന്നീ പ്രദേശങ്ങളിൽ കൊല ചെയ്യപ്പെട്ടു. അറസ്റ്റു ചെയ്യപ്പെട്ട ഇരുപതിനായിരത്തോളം പൗരന്മാർ അപ്രത്യക്ഷരായി. ഈ കൊടുംക്രൂരതകളെ ഇന്നേ വരെ ഒരു ലോക ഏജൻസിയോ യു. എന്നോ ആംനസ്റ്റി പോലുള്ള മനുഷ്യാവകാശ സംഘടനകളോ വിലയിരുത്തുകയോ, കുറ്റക്കാർക്കെതിരെ ശബ്ദമുയർത്തുകയോ ചെയ്തിട്ടില്ല.

അതുകൊണ്ടു തന്നെ ഹാഫിസ് അൽ അസദിന്റെ മരണശേഷം പുത്രനായ ബശ്ശാർ 2000 ജൂലൈ 17 -ൽ അധികാരമേറ്റ ശേഷം, ദുഷ്ടനായ പിതാവിന്റെ പാത തന്നെ പിന്തുടർന്നു. 2010 -ൽ പൊട്ടിപ്പുറപ്പെട്ട 'മുല്ലപ്പൂ വിപ്ലവം' എന്നു പേരിട്ട, അറബ് നാടുകളിൽ ഭരണകൂടങ്ങൾക്കെതിരായി രൂപം കൊണ്ട വിപ്ലവ ശ്രമങ്ങളെ മറ്റു ഏകാധിപതികളെയും ഇസ്രയേലിനെയും പോലെ ബശ്ശാർ ഭരണകൂടവും ഏറെ ഭയപ്പെട്ടു. അറബ് വിന്റർ എന്ന് ഇസ്രയേൽ പേരിട്ട ഈ ജനാധിപത്യ മുന്നേറ്റങ്ങളെ തുടക്കത്തിൽ തന്നെ ചോരയിൽ മുക്കിക്കൊല്ലാനാണ് പിന്നീട് ബശ്ശാർ ശ്രമിച്ചത്. സിറിയ മുഴുവനും ചാരമായാലും താനും ബഅസ് പാർട്ടിയും അധികാരം ഒഴിയില്ലെന്ന കടുംപിടിത്തം നടത്തിയ ബശ്ശാറിനെ അധികാരത്തിൽ നിലനിർത്താൻ നിർഭാഗ്യവശാൽ മറ്റു തൽപര കക്ഷികൾ രംഗത്തു വന്നു.

അറബ് പ്രദേശങ്ങളിലെ ജനാധിപത്യ/ ഇസ്‌ലാമിക ഭരണകൂടങ്ങളെ തങ്ങളുടെ മരണമണിയായി കാണുന്നു ഇസ്രയേൽ. ശീഈ താൽപര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന ഇറാനിലെ ഭരണകൂടം സർവ സന്നാഹങ്ങളോടും കൂടി ബശ്ശാറിനൊപ്പം നിലകൊണ്ടു. ഏകാധിപതികളായ മറ്റു അറബ് ഭരണാധികാരികളും അവരെ സംരക്ഷിച്ചു നിലനിർത്തുന്ന അമേരിക്കൻ - യൂറോപ്യൻ ഭരണാധികാരികളും സിറിയൻ ജനാധിപത്യ മുന്നേറ്റങ്ങളെ നിഷ്കരുണം ചവിട്ടിമെതിച്ചു. ഇതിന്റെയെല്ലാം പരിണതി വാക്കുകൾ കൊണ്ട് വിവരിക്കാൻ പറ്റാത്ത ദുരന്തമായി പെയ്തിറങ്ങി. 2000 മാർച്ച് 20 വരെ അഞ്ചു ലക്ഷത്തി എൺപത്തിയാറായിരം മരണങ്ങൾ, 5.6 മില്യൻ ജനങ്ങളുടെ പലായനം, സിറിയൻ മണ്ണിനെയും ഭൂപ്രകൃതിയെയും വരെ എന്നന്നേക്കുമായി തകർത്ത ബോംബിംഗ്, ഇസ്രയേലും റഷ്യയും അമേരിക്കയും ഇറാനും ഊഴമിട്ട് നടത്തുന്ന ആക്രമണങ്ങൾ, ഭയാനകമായ നാശനഷ്ടങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

1980-കളിൽ ഞാൻ കണ്ട സിറിയക്കാർ വളരെ സംസ്കാരസമ്പന്നരായിരുന്നു. ആരിലും അസൂയ ജനിപ്പിക്കുന്ന ശരീരസൗന്ദര്യമുള്ള സ്ത്രീ, പുരുഷന്മാർ. വെള്ളയിൽ ചുവപ്പു കലർന്ന നിറം, ആഢ്യത്വം തുളുമ്പുന്ന മുഖഭാവങ്ങൾ, ഉയർന്ന നാസിക, നല്ല ഭാഷ, ഭക്ഷണരീതി... എല്ലാം കൊണ്ടും ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിച്ച ജനത. ഇന്ന് 2020 -ൽ എത്തിനിൽക്കുമ്പോൾ ഷാർജ തെരുവിൽ ഒരു നേരത്തെ ഭക്ഷണത്തിനായി അലയുന്ന ഈ സുന്ദരന്മാരോടും സുന്ദരികളോടും ഒരു സാധാരണ മനുഷ്യനു പറയാനുള്ളത്; 'സുഹൃത്തേ, ഞാൻ നിങ്ങളുടെ മുമ്പിൽ കുറ്റബോധത്തോടെ നിൽക്കുന്നു. ഞാനും എന്റെ ലോകവും നിങ്ങളെ കുരുതികൊടുത്തു. ഞങ്ങൾ നിസ്സഹായരാണ്. നിങ്ങളുടെ ദുഃസ്ഥിതി ഓർക്കാനോ എഴുതാനോ ഞങ്ങൾക്കാവുന്നില്ല.' ●



# വംശീയതയുടെ ശ്വാസംമുട്ടിക്കുന്ന പുകപടലങ്ങൾ

വിശകലനം / ശിഹാബ് പൂക്കോട്ടൂർ

shihabpktr83@gmail.com

അമേരിക്കയും യൂറോപ്പും ജനാധിപത്യപരമായി ഔന്നത്യം നടിക്കാറുണ്ട്. ജനാധിപത്യത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ചുള്ള എല്ലാ വ്യവഹാരങ്ങളിലും തങ്ങൾ തന്നെയാണ് മേൽക്കൈ നേടിയിരിക്കുന്നതെന്ന് വളരെ ആവേശപൂർവം വാദിക്കാറുണ്ട്. മറ്റു രാജ്യങ്ങളിലെ മനുഷ്യാവകാശ ലംഘനങ്ങളെയും കെടുകാര്യസ്ഥതയെയും ചൂണ്ടി അവയെ ആക്ഷേപിക്കാറുമുണ്ട്. യഥാർഥത്തിൽ ഈ പുണ്യവാളപട്ടം അവർ നേടിയെടുത്തത് കിരാതമായ മനുഷ്യാവകാശ നിഷേധങ്ങളിലൂടെയും വ്യാപകമായ ഭീകരവാഴ്ചയിലൂടെയും വംശഹത്യകളിലൂടെയും അടിമവ്യവസ്ഥയിലൂടെയുമാണ്. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ ലോകത്തെ മറ്റു ജനതകൾക്കുമേൽ അടിച്ചേൽപിക്കാനും അനീതിയിലധിഷ്ഠിതമായ വംശീയ ചിന്ത പ്രസരിപ്പിക്കാനുമാണ് അവർ നിരന്തരം ശ്രമിച്ചുപോന്നിട്ടുള്ളത്. വ്യവസ്ഥാപിത, സ്ഥാപനവത്കൃത വംശീയതയെക്കുറിച്ച ചർച്ച ജോർജ് ഫ്ളോയിഡിന്റെ കൊലപാതകത്തിനു ശേഷം വളരെ സജീവമായിരിക്കുകയാണിപ്പോൾ.

തികഞ്ഞ വംശീയവാദത്തിന്റെ ഭരണകൂട രൂപമാണല്ലോ ഇസ്രയേൽ. അമേരിക്കയും യൂറോപ്പും ഈ വംശീയ രാഷ്ട്രത്തെ നിലനിർത്താൻ പ്രതിജ്ഞാബദ്ധമാണ്. തങ്ങളുടെ തന്നെ മറ്റൊരു രാഷ്ട്ര സ്വരൂപത്തെ അത് നിരന്തരം ശത്രുവൽക്കരിക്കപ്പെടുന്ന മേഖലയിൽ ഉറപ്പിച്ചുനിർത്തുക എന്ന വംശീയ പദ്ധതിയും ഈ ഇസ്രയേൽ സ്നേഹത്തിനു പിന്നിലുണ്ട്.

ഇസ്രയേൽ രാഷ്ട്രം നിലവിൽ വന്നപ്പോൾ ജൂതകുടിയേറ്റക്കാരുടെ കൈവശം ഫലസ്ത്വീൻ ഭൂമിയുടെ 6.6 ശതമാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ (The Question of Palestine - Edward Said). പിന്നീട് ഫലസ്ത്വീന്റെ മൂന്നിൽ രണ്ടു ഭാഗവും അവർ കൈവശപ്പെടുത്തി. വംശീയമായ അടിമത്ത നിർമിതിയിലൂടെയാണ് ഈ ഉന്മൂലനം വേഗത്തിൽ സാധിച്ചെടുത്തത്. കർഷകരെ തകർത്തും വിദ്യാഭ്യാസത്തിനു മേൽ സമ്പൂർണ നിയന്ത്രണം ഏർപ്പെടുത്തിയുമാണ് ഇത് പെട്ടെന്ന് സാധ്യമാക്കിയത്. പാഠ്യക്രമത്തിൽനിന്ന് അറബ് പാരമ്പര്യങ്ങളെയും സംസ്കാരത്തെയും ഒഴിവാക്കുക മാത്രമല്ല, ഫലസ്ത്വീനിലുണ്ടായിരുന്ന ബിരുദങ്ങൾക്ക് അംഗീകാരം പിൻവലിക്കുകയും ചെയ്തു. അങ്ങനെ നേരത്തേ വിദ്യാസമ്പന്നരായവർ പെട്ടെന്ന് 'നിരക്ഷരരായി' മാറി. 1987-ൽ ഇൻതിഫാദ തുടങ്ങിയപ്പോൾ മാത്രം ഗസ്സയിലെ 12 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും




● പോൾ ഗിൽറോയ്


പടിഞ്ഞാറേ കരയിലെ 1194 സ്കൂളുകളും അടച്ചുപൂട്ടി. പിന്നീട് ഇസ്രയേൽ സ്ഥാപിച്ചത് വംശീയ മേധാവിത്വമുള്ള വിദ്യാഭ്യാസ ക്രമമായിരുന്നു. അതിൽ നിന്ന് പഠിച്ചിറങ്ങുന്ന ഫലസ്തീനിക്കു പോലും ഇസ്രയേലിന്റെ നിലനിൽപ്പിനെ അംഗീകരിക്കേണ്ടിവന്നു. ഈ വംശീയ ക്രമത്തെ നിലനിർത്താൻ അമേരിക്ക 5000 കോടി ഡോളറാണ് പ്രതിവർഷം നീക്കി വെക്കുന്നത്. അതായത് ഓരോ ഇസ്രയേൽ പൗരനും 1500 ഡോളർ വീതം.

കറുത്തവർക്ക് ശ്വസിക്കാൻ കഴിയാത്ത ഒരു വ്യവസ്ഥിതിയാണ് അമേരിക്ക വിഭാവന ചെയ്തത്. പിടിച്ചെടുക്കലിന്റെയും ചൂഷണത്തിന്റെയും ലോകക്രമം സ്വപ്നം കാണുന്നതു പോലെ, ആഭ്യന്തരമായി അടിമപ്പെടുത്തലിന്റെ ഒരു മാസ്മരിക ബോധം അമേരിക്ക അതിന്റെ രൂപഘടനയിൽ സന്നിവേശിപ്പിച്ചിട്ടുണ്ട്. ചില ഭരണാധികാരികളും ചിന്തകരും ഇതിനെതിരെ നിലകൊണ്ടെങ്കിലും ആഴത്തിൽ വേരുറപ്പിച്ച ഈ ഘടനയെ പിഴുതെറിയാൻ അവർക്ക് സാധിച്ചില്ല. എഡ്വേഡ് സൈദ് നിരീക്ഷിച്ചതു പോലെ, മേധാവിത്വത്തിന്റെ എല്ലാ ചേരുവകളും തങ്ങളിലേക്ക് ചേർത്തുവെച്ചുകൊണ്ടാണ് യൂറോ-അമേരിക്കൻ ലോകക്രമം വികസിച്ചിട്ടുള്ളത്. ആ രൂപഘടനയിൽനിന്ന് പുറത്തുകടന്നാലല്ലാതെ അതിനെ മനസ്സിലാക്കാൻ പോലും ഒരാൾക്ക് സാധിക്കുകയില്ല. അമേരിക്കൻ പോലീസ് അതിക്രമങ്ങളിൽ 2013-നും 2019-നുമിടക്ക് 7666 കറുത്ത വർഗക്കാരാണ് കൊല്ലപ്പെട്ടത്. മാപ്പിംഗ് പോലീസ് വയലൻസ് എന്ന ഗ്രൂപ്പാണ് ഈ കണക്ക് പുറത്തുവിട്ടത്. ജോർജ് ഫ്ളോയ്ഡ് കൊല്ലപ്പെട്ട മിനസോട്ടയിൽ കറുത്തവർ കൊല്ലപ്പെടുന്നത് നാല് മടങ്ങാണ്.

കൊളംബസിന്റെ യാത്ര തൊട്ടേ തുടങ്ങിയതാണ് ഈ വ്യവസ്ഥാപിത അടിമവൽക്കരണം. വ്യവസ്ഥാപിതമായ അടിമവൽക്കരണം സ്ഥാപിതമാകുന്നതോടെ ഏതൊരു ദേശത്തും പുറത്താക്കുന്നവരും പുറത്താക്കപ്പെടുന്നവരും ഉണ്ടാവുന്നു. കേരളത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിൽനിന്ന് ദേവിക എന്ന ദലിത് പെൺകുട്ടി പുറത്തായതോടെയാണ് ആത്മഹത്യ ചെയ്തത്. ഒരു വ്യവസ്ഥയിൽനിന്ന് ക്രമപ്രവൃദ്ധമായ പുറംതള്ളലുകൾ നടക്കുമ്പോൾ അതിൽ അടിമവൽക്കരണത്തിന്റെ ഘടകങ്ങൾ




ഉള്ളടങ്ങിയിട്ടുണ്ട്. 'അധമ' മനുഷ്യരെ ഭരിക്കാൻ തങ്ങൾക്ക് ദൈവദത്തമായ അവകാശമുണ്ടെന്നാണല്ലോ കൊളംബസ് വാദിച്ചത്. അവരെ ആദ്യം തന്നെ 'മൃഗസമാനരും' 'വന്യമനുഷ്യരും' 'നരഭോജികളു'മാക്കി സംസ്കരിക്കപ്പെടേണ്ടവരാണെന്ന ധാരണ ഊട്ടിയുറപ്പിക്കുകയാണ് കൊളംബസ് ആദ്യമായി ചെയ്തത്. അമേരിക്കയടക്കമുള്ള പ്രദേശങ്ങളിലെ അടിമ നിവാസികൾ 'വികസിക്കാത്തവരും' 'പുരോഗതിയെത്താത്തവരു'മായി മാറിയത് ദൈവശി




ക്ഷയുടെ ഭാഗമാണെന്നും അദ്ദേഹം വാദിച്ചിരുന്നു. ഇന്ത്യയിൽ നടന്ന വംശീയ പഠനങ്ങളിലും ഇത്തരം 'ദൈവിക' ശിക്ഷയുടെ ഭാഗമായിട്ടാണ് ജാതിശ്രേണിയിൽനിന്ന് പുറന്തള്ളപ്പെട്ടവർ ദരിദ്രരായി കോളനികളിൽ ജീവിക്കേണ്ടി വന്നതെന്ന തരത്തിലുള്ള പരാമർശങ്ങൾ പുറത്തു വന്നിട്ടുണ്ട്.

അഖിൽ ഗുപ്തയുടെ Post Colonial Development എന്ന പുസ്തകവും എ.ആർ വാസവിയുടെ Harbingers of Rain എന്ന ഗ്രന്ഥവും കർണാടകയിലെ ഗ്രാമങ്ങളെക്കുറിച്ചും രാജസ്ഥാനിലെ ഗ്രാമങ്ങളെക്കുറിച്ചും നടത്തിയ പഠനങ്ങളിൽ അതിസൂക്ഷ്മമായി ജാതി അടിമത്ത ഘടന സമൂഹത്തിൽ എങ്ങനെ നിലനിർത്തുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. ഉയർന്ന ജാതിക്കാരുടെ പ്രതികരണങ്ങൾ അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലൊന്ന് ഇങ്ങനെയാണ്: 'തൂപ്പുകാരും ചെരുപ്പുകുത്തികളും ഉയർന്ന ജോലികളിൽ പ്രവേശിച്ചതും ബ്രാഹ്മണർക്ക് ഭക്ഷണം കൊടുത്തിരുന്ന പതിവു തെറ്റിച്ചതും മഴ നിലക്കാൻ കാരണമായി!' പഴയ ആചാരങ്ങളും വേലകളും തിരിച്ചുവരുന്നതിലൂടെ മാത്രമേ മഴയും കൃഷിയുൽപ്പന്നങ്ങളും നല്ല തോതിൽ ലഭ്യമാവൂ (Harbingers of Rain, പേജ്: 56). അഖിൽ ഗുപ്ത നിരീക്ഷിക്കുന്നത്, ഗ്രാമീണ ജനത മാത്രമല്ല ആധുനിക വിദ്യാഭ്യാസം നേടിയവരും ധനിക നാഗരിക വിഭാഗവും പുരോഗമന പക്ഷത്ത് ഇരിപ്പുറപ്പിച്ചവരും ഇങ്ങനെ വിശ്വസിക്കുന്നുണ്ട് എന്നാണ്. സംവരണം മുഖേന സാമൂഹിക ബന്ധങ്ങളിൽ മാറ്റമുണ്ടായെന്നും അത് ദൈവകോപത്തിന് ഹേതുവായെന്നും വിശ്വസിക്കുന്ന ധാരാളം പേരെ തനിക്ക് കാണാനായെന്നും ഗുപ്ത വ്യക്തമാക്കുന്നുണ്ട്.


ജാതിഘടനയിലൂടെ നിലനിൽക്കേണ്ട അടിമത്ത രീതിയാണ് ഇന്ത്യൻ സാമൂഹികാവസ്ഥ വിഭാവനം ചെയ്യുന്നത്. അതിന്റെ പ്രചാരകരും പ്രബോധകരുമാണ് സംഘ് പരിവാർ. സംഘ് പരിവാർ നിലനിർത്താൻ ആഗ്രഹിക്കുന്നത് അടിമത്ത ശ്രേണിയാണ്. ഗോഡ്സെ ഗാന്ധിയെ കൊന്ന കാരണങ്ങളിലൊന്ന് അധികാരശ്രേണിയെ ഗാന്ധി അട്ടിമറിച്ചുവെന്ന ആരോപണമാണ്. രാഷ്ട്രീയ വ്യവഹാരത്തിൽ ദലിതർക്ക് സമത്വം നിയമങ്ങൾ മുഖേന നേടിയെടുക്കാമെങ്കിലും സാമൂഹിക-സാമ്പത്തിക ജീവിതത്തിൽ അ



സമത്വം തന്നെയായിരിക്കും ഇന്ത്യയിൽ കീഴാളർക്കുണ്ടാവുകയെന്ന് അംബേദ്കർ വ്യക്തമാക്കിയിട്ടുണ്ട്.

യൂറോപ്പിൽ നിലവിൽവന്ന സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ കറുത്തവരെക്കുറിച്ച് വളരെ വൈകി സംസാരിച്ചവരാണ്. പോൾ ഗിൽറോയിയുടെ 'സാമ്രാജ്യം തിരിച്ചടിക്കുന്നു' (Empire Strikes Back) എന്ന ഗ്രന്ഥത്തിൽ, സോഷ്യലിസ്റ്റുകൾ വർഗവിഭാവനയിലൂടെ വംശീയ വ്യവസ്ഥയെ സഹായിച്ചതെങ്ങനെയെന്ന് നിരീക്ഷിക്കുന്നുണ്ട്. കറുത്തവർ അനുഭവിക്കുന്ന വംശീയ വിവേചനങ്ങളെക്കുറിച്ച് മൗനം പാലിക്കുകയും വെള്ളക്കാരുടെ തന്നെ തൊഴിൽ മേഖലകളെക്കുറിച്ചും തൊഴിൽ ബന്ധങ്ങളെ പറ്റിയും വിസ്തരിച്ചു പറയുകയും ചെയ്തതിലൂടെ 'കറുത്ത അപരരെ'യും അടിമബന്ധങ്ങളെയും സാമൂഹിക ജീവിതത്തിൽ അവശേഷിപ്പിക്കുകയാണ് സോഷ്യലിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ യൂറോപ്പിലും ചെയ്തത്.


അടിമ വ്യവസ്ഥയുടെ വികസിച്ച രൂപങ്ങളെ നിലനിർത്താനും അതിനെ ക്രമപ്പെടുത്താനുമാണ് യൂറോപ്പ് നിരവധി ഭാവനകളിലൂടെ ശ്രമിച്ചത്. സാമൂഹികവും സാമ്പത്തികവുമായ അസമത്വം ലോക ഘടനയിൽ അനിവാര്യമാണെന്ന് അവർ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിനോടുള്ള യൂറോപ്പിന്റെ വെറുപ്പിന്റെ പ്രധാന കാരണങ്ങളിലൊന്ന്, വംശീയ ഘടനയോടും വ്യവസ്ഥയോടുമുള്ള അതിന്റെ വിയോജിപ്പാണെന്നും കാണാം. ജാതിഘടനയിലൂടെ ഇന്ത്യയിൽ നിലനിർത്താൻ




ആഗ്രഹിക്കുന്ന അടിമത്ത രീതിയെ ആദർശപരമായും സാമൂഹികമായും തുറന്നെതിർക്കുന്ന അനുഭവങ്ങളാണ് ഇസ്‌ലാമിലൂടെ ഇന്ത്യക്ക് ലഭിച്ചത്. ഇസ്‌ലാമിന്റെ സാമൂഹിക വിഭാവനയോടുള്ള ശത്രുതാപരമായ ചെറുത്തുനിൽപ്പ് വംശീയവാദത്തിലധിഷ്ഠിതമായ എല്ലാ സമൂഹങ്ങൾക്കും രാജ്യങ്ങൾക്കുമുണ്ട് എന്നതാണ് വാസ്തവം.

ജോർജ് ഫ്ളോയ്ഡിനെ വംശീയ ഉന്മൂലനത്തിനു വിധേയമാക്കുന്ന അമേരിക്കൻ അധികാരഘടന ലോകത്ത് ഇളക്കിവിട്ട സംവാദങ്ങൾ ഏറെയാണ്. അമേരിക്കയുടെ വംശീയ ഘടനയെക്കുറിച്ചും അതിന്റെ നിലനിൽക്കാനുള്ള ധാർമികതയെ പറ്റിയും നിരവധി ചോദ്യങ്ങൾ ഉയർന്നു വരുന്നുണ്ട്. ഇന്ത്യ, ഇസ്രയേൽ, ചൈന, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ വംശീയ അധികാര വ്യവസ്ഥകളുടെ വിവിധ ഭാവങ്ങളെ (ഇന്ത്യയിലെ ഹിന്ദുത്വ വംശീയത, ഇസ്രയേലിലെ ജൂത വംശീയത, ചൈനയിലെ ഉയിഗൂർ വംശജർക്കെതിരെയുള്ള നീക്കം) നിരന്തരം ചോദ്യം ചെയ്തിട്ടല്ലാതെ ജനാധിപത്യ തുറവികൾ സാധ്യമല്ല. നീഗ്രോകൾ പ്രകൃത്യാ തന്നെ വെള്ളക്കാർക്കു താഴെയാണെന്നും വെള്ള ഒഴിച്ചുള്ള നിറം സൃഷ്ടിച്ച ഒറ്റ നാഗരികതയും വിജയിച്ചിട്ടില്ലെന്നും ചിന്തയിലോ പ്രവൃത്തിയിലോ ഔന്നത്യം പുലർത്തിയ വെള്ളക്കാരല്ലാത്ത ഒറ്റ വ്യക്തിയുമില്ലെന്നും താൻ വിശ്വസിക്കുന്നുവെന്ന് പറഞ്ഞയാളാണ് ഡേവിഡ് ഹ്യൂം. ഈ വിഭാവനയെ ചോദ്യം ചെയ്യുന്നതു പോലും കോളനികാലത്ത് കടുത്ത അപരാധമായിരുന്നു. ഇപ്പോഴും ഈ വിഭാവനയിൽ സിംഹാസനമിട്ടിരിക്കുന്നവർക്ക് ബങ്കറിൽ പോയി ഒളിക്കേണ്ടി വന്നു എന്നതാണ് അമേരിക്കയിൽ ഉയർന്ന പ്രക്ഷോഭങ്ങളുടെ സാധ്യത.

സമഗ്രമായ നീതിയും മനുഷ്യന്റെ അന്തസ്സുമാണ് സമൂഹത്തിന്റെ നിലനിൽപ്പിൽ ഏറ്റവും സുപ്രധാനമെന്ന് സമർഥിക്കുന്ന ദർശനമാണ് ഇസ്‌ലാം. അതിന്റെ സാധ്യതകളെ ഈ സംവാദങ്ങളിൽ കൂടുതൽ പ്രോജ്ജ്വലിപ്പിച്ചു നിർത്താൻ സാധിക്കേണ്ടതുണ്ട്. ദൈവദത്തമായ ഒരു വ്യവസ്ഥ ഒരർഥത്തിലും സൃഷ്ടികളോട് വംശീയമായി വിവേചനം കൽപിച്ചിട്ടില്ലെന്ന് മാത്രമല്ല, അങ്ങനെ ചെയ്യുന്നതിനെ മഹാപാതകമായി കാണുകയും ചെയ്യുന്നു. പ്രവാചകന്റെ വിടവാങ്ങൽ പ്രഭാഷണത്തിൽ ആവർത്തിച്ച് ആവശ്യപ്പെട്ടത് മനുഷ്യന്റെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ആത്മീയവുമായ ഭാവനകളെ ഏകതയിലേക്ക് സൗന്ദര്യപൂർവം ലയിപ്പിക്കാനായിരുന്നു. വർണവെറിയുടെ ഏതൊരു വ്യവസ്ഥക്കും ഇസ്‌ലാമിനോട് കലഹിക്കാതിരിക്കാൻ കഴിയില്ല. കലഹിച്ചില്ലെങ്കിൽ വംശീയാടിത്തറയിൽ കെട്ടിപ്പൊക്കിയ എല്ലാ അധികാരക്രമങ്ങൾക്കും അതിന്റെ മുന്നിൽ അടിയറവു പറയേണ്ടിവരും. വംശീയതയുടെ പുകയിൽ ശ്വാസംമുട്ടുന്നവർക്ക് നിർബാധം ശ്വസിക്കാൻ കഴിയുന്ന സുതാര്യമായ അന്തരീക്ഷമാണ് ഇസ്‌ലാം വരച്ചിടുന്നത്. ●



# മൗലാനാ മുഹമ്മദ് റഫീഖ് ഖാസിമി; പ്രസ്ഥാന പാതയിൽ സമർപ്പിത ജീവിതം


സ്മരണ / അബ്ദുൽഹകീം നദ്‌വി

abdulhakeemnadwi@gmail.com


ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര കൂടിയാലോചനാ സമിതി അംഗവും മുൻ സെക്രട്ടറിയുമായിരുന്ന മൗലാനാ മുഹമ്മദ് റഫീഖ് ഖാസിമി അല്ലാഹുവിലേക്ക് യാത്രയായി. ഇസ്‌ലാമിനും ഇസ്‌ലാമിക പ്രസ്ഥാനത്തിനും വേണ്ടി ജീവിതം സമർപ്പിച്ച വ്യക്തിത്വം. വ്യത്യസ്ത മേഖലകളിൽ അദ്ദേഹം നൽകിയ സേവനങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണായകമായി വർത്തിച്ചിട്ടുണ്ട്. ദീർഘകാലം ഇസ്‌ലാമിക സമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സെക്രട്ടറിയായിരുന്ന അദ്ദേഹം മുസ്‌ലിം സമുദായത്തിലെ വിവിധ സംഘടനകളുമായും അവയുടെ നേതൃത്വവുമായും വളരെ നല്ല ബന്ധം കാത്തുസൂക്ഷിച്ചു. മറ്റു മത നേതാക്കളുമായും സമുദായ സംഘടനകളുടെ നേതൃത്വവുമായും ഹൃദ്യമായ ബന്ധം നിലനിർത്തി.  അവർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്താനും ഇസ്‌ലാമിക പ്രസ്ഥാനവുമായി അവരെ സഹകരിപ്പിക്കാനും ശ്രമിച്ചു. ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗത്തിന്റെ സംഘാടനത്തിലും അവരെ വളർത്തിക്കൊണ്ടുവരുന്നതിലും അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതായിരുന്നു. ജമാഅത്തെ ഇസ്‌ലാമി നേതൃശ്രേണിയിലെ ഏക ദയൂബന്ദ് പണ്ഡിതനായിരുന്നു അദ്ദേഹം.

ഉത്തർ പ്രദേശിലെ റാംപൂരിൽ 1946-ൽ ആയിരുന്നു മൗലാനയുടെ ജനനം. പണ്ഡിതനും സാത്വികനുമായിരുന്ന മൗലാനാ മുഹമ്മദ് ഇൽയാസ് സാഹിബാണ് അദ്ദേഹത്തിന്റെ പിതാവ്. യു.പിയിലെ ഗോണ്ടയിലുള്ള മദ്‌റസ ഫുർഖാനിയയിലായിരുന്നു അദ്ദേഹത്തിന്റെ പ്രാഥമിക പഠനം. പിന്നീട് പ്രശസ്തമായ ദാറുൽ ഉലൂം ദയൂബന്ദിൽ  ഉപരി പഠനത്തിനായി ചേരുകയും അഞ്ചു വർഷത്തെ പഠനത്തിനു ശേഷം ഫസീലത്ത് ബിരുദം കരസ്ഥമാക്കുകയും ചെയ്തു. സഹാറൻപൂരിലെ മളാഹിറുൽ ഉലൂമിലും  കുറച്ചുകാലം പഠനം നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ അറിയപ്പെട്ട രണ്ട് ഉന്നത കലാലയങ്ങളിലെ പ്രഗത്ഭരായ പണ്ഡിതന്മാരുടെ ശിക്ഷണം അദ്ദേഹത്തിന്റെ ജീവിതം കെട്ടിപ്പടുക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തി. ദയൂബന്ദിലെ ശൈഖുൽ ഹദീസ് മൗലാനാ സയ്യിദ് ഫഖ്‌റുദ്ദീൻ അഹ്‌മദ്, പ്രിൻസിപ്പൽ

മൗലാനാ ഖാരിഅ് മുഹമ്മദ് ത്വയ്യിബ്, സ്വദ്റുൽ മുദർരിസീൻ മൗലാനാ മുഹമ്മദ് ഇബ്റാഹീം, മളാഹിറുൽ ഉലൂം ശൈഖുൽ ഹദീസ് മൗലാനാ മുഹമ്മദ് സകരിയ്യ, നാസിം മൗലാനാ മുഹമ്മദ് അസദുല്ലാഹ്, മൗലാനാ മുഹമ്മദ് സിദ്ദീഖ് എന്നിവർ അദ്ദേഹത്തിന്റെ പ്രധാന അധ്യാപകരായിരുന്നു. ദയൂബന്ദിലെ ഉപരിപഠനത്തിനു ശേഷം മദ്റസ ശംസുൽ ഉലൂം സിദ്ധാർഥ് നഗർ, മദ്റസ നാസിറുൽ ഉലൂം ഗോണ്ട, മദ്റസ ഇസ്‌ലാമി മീറത്ത്, ജാമിഅ മുഹമ്മദിയ ബൽറാംപൂർ എന്നീ സ്ഥാപനങ്ങളിൽ ഏതാനും വർഷം അധ്യാപകനായി അദ്ദേഹം ജോലി ചെയ്തിരുന്നു. പിന്നീടാണ് ജമാഅത്തെ ഇസ്‌ലാമിയുമായി അദ്ദേഹം ബന്ധപ്പെടുന്നത്. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പ്രഥമ അമീറായിരുന്ന മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി നദ്‌വിയുടെ പാണ്ഡിത്യത്തിലും വ്യക്തിത്വത്തിലും പ്രവർത്തന ശൈലിയിലും ആകൃഷ്ടനായാണ് അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് കടന്നുവന്നത്.

1975-ൽ അദ്ദേഹം ഉത്തർ പ്രദേശിലെ ഗോണ്ട, ബഹ്റയ്ച്ച് എന്നീ ജില്ലകളുടെ പ്രസിഡന്റായി നിയമിതനായി. പിന്നീട് ബറേലി മേഖലയുടെ നാസിം ചുമതലയും അദ്ദേഹത്തെ ഏൽപ്പിച്ചു. ജനങ്ങൾക്കിടയിൽ സ്വീകാര്യതയുള്ള നേതാവായിരുന്നു അദ്ദേഹം. 1975-ൽ അടിയന്തരാവസ്ഥ കാലത്ത് ജമാഅത്തെ ഇസ്‌ലാമി നിരോധിക്കപ്പെട്ടപ്പോൾ ജമാഅത്ത് നേതാക്കളെയും പ്രവർത്തകരെയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചുവെങ്കിലും മൗലാനാ റഫീഖ് ഖാസിമിയെ അറസ്റ്റ് ചെയ്യാനോ ജയിലിലടക്കാനോ അധികൃതർ മുതിർന്നില്ല. ജയിലിന് പുറത്തായിരുന്നുവെങ്കിലും അദ്ദേഹം ഒട്ടും വിശ്രമിച്ചിരുന്നില്ല. രാവും പകലുമില്ലാതെ ജയിലിലടക്കപ്പെട്ടവർക്കു വേണ്ടി ഓടിനടക്കുകയായിരുന്നു. വിവിധ ജയിലുകളിൽ തടവിൽ കഴിയുന്ന ജമാഅത്ത് നേതാക്കളെയും പ്രവർത്തകരെയും അദ്ദേഹം നിരന്തരം സന്ദർശിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ജയിലിലടക്കപ്പെട്ടവരെ മോചിപ്പിക്കുന്നതിനാവശ്യമായ ജാമ്യാപേക്ഷകൾ തയാറാക്കുകയും കോടതികളിൽ സമർപ്പിക്കുകയും ചെയ്തിരുന്നതും അദ്ദേഹം തന്നെയായിരുന്നു. സെഷൻ കോടതി മുതൽ ഹൈക്കോടതി വരെ കയറിയിറങ്ങുകയും പോലീസ് സ്റ്റേഷനുകളിൽ പോയി കാര്യങ്ങൾ സംസാരിക്കുകയും ചെയ്തു.

1982-ൽ ഉത്തർ പ്രദേശ് അമീറായി സയ്യിദ് ഹാമിദ് ഹുസൈൻ സാഹിബ് നിയമിതനായപ്പോൾ മൗലാനാ റഫീഖ് ഖാസിമി അസിസ്റ്റന്റ് അമീറായി ചുമതലയേറ്റു. ഹാമിദ് ഹുസൈൻ സാഹിബിന്റെ നിര്യാണത്തെ തുടർന്ന് ആക്ടിംഗ് അമീറായി അദ്ദേഹം നിയമിതനാകുകയും പിന്നീട് സംസ്ഥാന അമീറായി ചുമതലയേൽപ്പിക്കപ്പെടുകയും ചെയ്തു. 1995-ൽ മൗലാനാ സിറാജുൽ ഹസൻ സാഹിബ് ജമാഅത്ത് അമീറായി തെരഞ്ഞെടുക്കപ്പെട്ട സന്ദർഭത്തിലാണ് റഫീഖ് ഖാസിമിയെ വനിതാ സംഘാടന ചുമതലയോടൊപ്പം ഇസ്‌ലാമിക സമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന അഖിലേന്ത്യാ സെക്രട്ടറിയായി നിയമിക്കുന്നത്. 2019 മാർച്ച് വരെ ദീർഘമായ 24 വർഷം അദ്ദേഹം ഈ ചുമതല വഹിച്ചുപോന്നു. ജമാഅത്തിന്റെ 2019-'23 പ്രവർത്തന കാലയളവിൽ കേന്ദ്ര മജ്‌ലിസ് ശൂറാംഗമായി അദ്ദേഹം തുടരുകയായിരുന്നു.

ആകർഷണീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മൗലാനാ റഫീഖ് ഖാസിമി. 'ധാർമിക് ജൻമോർച്ച' എന്ന, വിവിധ മതവിഭാഗങ്ങൾ ഒത്തുചേരുന്ന വേദിയുടെ ആഭിമുഖ്യത്തിൽ പലവിധ പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ മൗലാന മുൻപന്തിയിലുണ്ടായിരുന്നു. ഈ പൊതുവേദിയിലൂടെ പല പ്രശ്നങ്ങളും പരിഹരിക്കാനും അഭിപ്രായൈക്യമുണ്ടാക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ദയൂബന്ദിലെയും സഹാറൻപൂരിലെയും നദ്‌വയിലെയും പണ്ഡിതരുമായി അദ്ദേഹം ഊഷ്മള ബന്ധമാണ് പുലർത്തിയിരുന്നത്. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ ഡോക്ടർ അബ്ദുൽ ഹഖ് അൻസാരിയുടെ പ്രവർത്തന കാലയളവിലാണ് ജമാഅത്ത് നേതാക്കളും ദയൂബന്ദ് പണ്ഡിതന്മാരും തമ്മിൽ സൗഹൃദ ബന്ധം കൂടുതൽ ശക്തമായത്. പിന്നീട് ജലാലുദ്ദീൻ ഉമരി സാഹിബിന്റെ കാലയളവിലും നിലവിലും അത് കൂടുതൽ കരുത്തോടെ തുടർന്നു പോരുന്നു. ദയൂബന്ദും ജമാഅത്തും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിൽ മുഖ്യ കണ്ണിയായി വർത്തിച്ചത് മൗലാനാ റഫീഖ് ഖാസിമിയായിരുന്നു. ദാറുൽ ഉലൂം ദയൂബന്ദ് പൂർവ വിദ്യാർഥി സംഘാടക സമിതി അംഗം കൂടിയായിരുന്നു അദ്ദേഹം.

ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര ആസ്ഥാനത്ത് പണ്ഡിതന്മാരുടെ സംഗമം നടക്കാറുണ്ട്. മർഹൂം അബ്ദുർറശീദ് ഉസ്മാനിയാണ് അതിന് തുടക്കം കുറിച്ചത്. അതിന് തുടർച്ച നൽകിയത് മൗലാനാ റഫീഖ് ഖാസിമിയായിരുന്നു. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ധാരാളം പ്രഗത്ഭരായ പണ്ഡിതന്മാരെ വേദിയുമായി സഹകരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. വീക്ഷണ വൈജാത്യങ്ങൾ വെച്ചു പുലർത്തിയിരുന്ന പല ഉലമാക്കളെയും ഇസ്‌ലാമിക പ്രസ്ഥാനവുമായി അടുപ്പിക്കാൻ ഇത്തരം സംഗമങ്ങൾ വഴി സാധിച്ചിട്ടുണ്ട്.

പുഞ്ചിരി മായാത്ത അദ്ദേഹത്തിന്റെ മുഖം ഒരിക്കൽ മാത്രം പരിചയപ്പെട്ട ആളെപ്പോലും വല്ലാതെ വശീകരിക്കും. വാക്ചാതുരിയും അദ്ദേഹത്തിന്റെ എടുത്തു പറയേണ്ട സവിശേഷതയാണ്.

ഒരു വർഷം മുമ്പ് ഹൃദയാഘാതമുണ്ടായതിനെതുടർന്ന് അദ്ദേഹം ചികിത്സയിലായിരുന്നു. എഴുപത്തഞ്ചാമത്തെ വയസ്സിലാണ് അല്ലാഹുവിലേക്ക് യാത്രയായത്. അല്ലാഹു അദ്ദേഹത്തെ സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ - ആമീൻ. ●

ആകർഷണീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മൗലാനാ റഫീഖ് ഖാസിമി. 'ധാർമിക് ജൻമോർച്ച' എന്ന, വിവിധ മതവിഭാഗങ്ങൾ ഒത്തുചേരുന്ന വേദിയുടെ ആഭിമുഖ്യത്തിൽ പലവിധ പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ മൗലാന മുൻപന്തിയിലുണ്ടായിരുന്നു. ഈ പൊതുവേദിയിലൂടെ പല പ്രശ്നങ്ങളും പരിഹരിക്കാനും അഭിപ്രായൈക്യമുണ്ടാക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.



# വലിയ സ്വപ്നങ്ങൾ കാണേണ്ട കാലത്തെ വിദ്യാഭ്യാസം

കവർ സ്റ്റോറി / ഡോ. കെ.എം മഹ്മൂദ് ശിഹാബ്

kmmshihab@gmail.com

അവനവന്റെ വീടിന്റെ വാതിൽ പടി പരിധിയായി നിശ്ചയിക്കപ്പെട്ട കാലത്തിലൂടെ നാം കടന്നുപോയപ്പോൾ മനുഷ്യൻ എന്ന സാമൂഹിക ജീവിയുടെ സാമൂഹിക ബന്ധം മുറിയാതെ നിലനിർത്തിയതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട് ZOOM എന്ന വീഡിയോ കമ്യൂണിക്കേഷൻ ആപ്പ്. ആ സൂം ക്ളൗഡ് മീറ്റിംഗിന്റെ ഉപജ്ഞാതാവ് എറിക് യുവാൻ തന്റെ ഏറ്റവും പുതിയ സ്വപ്നം പങ്കു വെച്ചത് ഇങ്ങനെ: '2035-ൽ നിങ്ങൾ സൂമിനിടയിൽ ഒരു കപ്പ് കോഫി കുടിക്കാൻ എടുക്കുമ്പോൾ ഒരു ബട്ടൻ തെളിയും; അത് അമർത്തിയാൽ കൂടെയുള്ള എല്ലാവർക്കും കോഫി ലഭിക്കും.'

ഇങ്ങനെ സംഭവിക്കില്ല എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? നാളെ ഇങ്ങനെയും സംഭവിക്കും. മനുഷ്യൻ അനുഭവിക്കുന്ന പ്രശ്നങ്ങളെ വെല്ലുവിളികളായി കാണുന്ന സ്വപ്നങ്ങളാണ് നമ്മുടെ ജീവിതത്തെ സുന്ദരമാക്കുന്ന ഓരോ സൗകര്യങ്ങളും. ഈ ഭ്രാന്തമായ സ്വപ്നങ്ങൾ ആണ് ലോകത്തെ പുരോഗതിയിലേക്ക് നയിക്കുന്നത്. അതുകൊണ്ടു തന്നെ മനുഷ്യന്റെ പുരോഗതിക്ക് അവന്റെ ചിന്തയെ പരിധിയില്ലാതെ തുറന്നുവിടേണ്ടതുണ്ട്. മനുഷ്യന്റെ കഴിവിനെ അതിരുകളില്ലാതെ അതിന്റെ പൂർണതയോടെ വളർത്തുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആവശ്യകത നമ്മെ കൂടുതൽ ബോധ്യപ്പെടുത്തുന്നതാണ് കോവിഡ് കാല ലോക സാഹചര്യം.



നമ്മുടെ ജീവിതം മുമ്പത്തെപ്പോലെ കോവിഡാനന്തരം സാധാരണ പോലെ തിരിച്ചുവരും എന്ന് നാം അധിക പേരും പ്രതീക്ഷിക്കുന്നു. 'എന്നാണിതൊക്കെ ഒന്ന് നേരെയാവുക?' എന്ന് നാം മനസ്സിൽ പറയുന്നത് അതുകൊണ്ടാണ്. പക്ഷേ ലോകം ഇനി ഒരിക്കലും പഴയതുപോലെ ആവില്ല. ഒന്നുകിൽ, തകർന്നു തരിപ്പണമാകും; അല്ലെങ്കിൽ പുതിയ ലോകം ഉണ്ടാവും. നമ്മുടെ ബാധ്യത പുതിയ ലോകം സൃഷ്ടിക്കുക എന്നതാണ്. മനുഷ്യന്റെ മുതുകിനെ ഞെരിക്കുന്ന ഭാരങ്ങൾ ഇറക്കിവെക്കാൻ ചുമതലപ്പെട്ട ഒരു സമൂഹം കൂടുതൽ നല്ല ലോകം സ്വപ്നം കാണേണ്ട സമയമാണിത്. അതിനാൽ പുതിയ വെല്ലുവിളികൾ നേരിടാൻ കരുത്തുള്ള തലമുറകളെ സൃഷ്ടിക്കാൻ പരിധികളില്ലാതെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്ന കേന്ദ്രീകൃത വിദ്യാഭ്യാസ രീതി രൂപപ്പെടുത്തിയെടുക്കേണ്ട സമയം കൂ



ടിയാണിത്.

കോവിഡ് കാലത്തെ വിദ്യാഭ്യാസ ചർച്ച ഡാറ്റയുടെ ലഭ്യതയിലും മൊബൈലിലും ഓൺലൈൻ പഠനത്തിലും മാത്രം ഒതുങ്ങേണ്ടതല്ല. വിദ്യാഭ്യാസ സാങ്കേതികവിദ്യകളുടെ മാറ്റം അനിവാര്യമായും സംഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. മനുഷ്യാരംഭം മുതൽക്കുള്ള വിദ്യാഭ്യാസ പ്രക്രിയ അവന്റെ അന്വേഷണങ്ങളാലും കണ്ടുപിടിത്തങ്ങളാലും സ്വാധീനിക്കപ്പെട്ടാണ് മുന്നേറിയിട്ടുള്ളത്.

ചിത്ര ലിപികൾക്കു പകരം അക്ഷരങ്ങൾ എഴുതാൻ മനുഷ്യൻ ശേഷി നേടിയപ്പോൾ വിദ്യാഭ്യാസ സമ്പ്രദായത്തിനും മാറ്റം വന്നുകൊണ്ടിരുന്നു. പിന്നീട് നിലത്തെഴുത്തിൽ നിന്ന് കടലാസിലേക്കും ബോർഡിലേക്കും കാലക്രമേണ എഴുത്ത് മാറുകയായിരുന്നു. അച്ചടിയുടെ കണ്ടുപിടിത്തം വിദ്യാഭ്യാസത്തെ അടിമുടി മാറ്റി. ബോർഡും പുസ്തകവും പേനയും വളരെക്കാലം വിദ്യാഭ്യാസ രംഗത്തെ ഏറെ സ്വാധീനിച്ച ഘടകങ്ങളായിരുന്നു. പിന്നെ റേഡിയോ, ടെലിവിഷൻ പോലുള്ളവ മേധാവിത്തം ചെലുത്തിത്തുടങ്ങി.

ഇത് ഓൺലൈൻ സാങ്കേതിക വിദ്യയുടെ കാലമാണ്. അതിന്റെ അനന്ത സാധ്യതകളെയും പൂർവാധികം ശക്തിയോടെ ഉൾക്കൊണ്ട് നാം മുന്നോട്ടു പോകേണ്ടതുണ്ട്. സമൂഹമാധ്യമങ്ങളും നവ ലേണിങ് മാനേജ്മെന്റ് സംവിധാനങ്ങളും നാം എത്രകണ്ട് നമ്മുടെ വിദ്യാഭ്യാസ പ്രക്രിയയിൽ അറിഞ്ഞു ഉപയോഗിക്കുന്നുവോ, അതിനനുസരിച്ചാണ് നമ്മുടെ സമൂഹത്തിന്റെ പുരോഗതി.

ഈ മാറ്റങ്ങൾ ഔപചാരിക വിദ്യാഭ്യാസത്തിന് പകരമാവില്ല, സാമൂഹിക സാന്നിധ്യം ഉണ്ടാവില്ല, അധ്യാപകനും കുട്ടിയും തമ്മിലുള്ള ശാരീരിക അകലം വളരെയേറെ കൂടും, കുട്ടിയുടെ സാമൂഹികവൽക്കരണത്തിനും അത് തടസ്സമാവും, മൂല്യങ്ങളുടെ പ്രസരണം ഇല്ലാതാക്കും, കുട്ടിയെ സാങ്കേതിക വിദ്യയുടെ അടിമയാക്കും എന്നിങ്ങനെയുള്ള ന്യായങ്ങളും ഗൂഢാലോചനാ സിദ്ധാന്തങ്ങളും ചമച്ച് ഏതൊരു സമൂഹമാണ് മാറി നിൽക്കാൻ തീരുമാനിക്കുന്നത്, അവർക്കു മുകളിൽ ചവിട്ടി നിന്നുകൊണ്ടാവും മറ്റുള്ളവർ ഈ മാറ്റങ്ങൾക്ക് വഴിയൊരുക്കി ഒരു പുതിയ ലോകം സൃഷ്ടിക്കുക. പുതിയ ലോകത്ത് തലമുറകളോട് സംവദിക്കാൻ പറ്റുന്ന ഭാഷയും വിദ്യയും ഇല്ലാത്ത ഒരു ആൾക്കൂട്ടമാവാതിരിക്കാൻ വിദ്യാഭ്യാസരംഗത്തെ പുതിയ മാതൃകകൾ (Paradigms) തിരിച്ചറിഞ്ഞ് മുന്നിൽ നടക്കേണ്ടത് അനിവാര്യമാണ്. അറിയുക, ലോകത്ത് ഏതൊരു പുതിയ കണ്ടുപിടിത്തവും ആദ്യം സ്വാധീനിക്കുന്നത് ബോധന ശാസ്ത്രത്തെയാണ്. വളരെ വേഗം വളരുന്ന ശാസ്ത്രവും അതുതന്നെ.

'ലിവ് വിത്ത് കോവിഡ്' എന്ന സാഹചര്യത്തിലേക്ക് മാറിയാൽ പോലും ഔപചാരിക വിദ്യാഭ്യാസ രംഗത്തെ പൂർണാർഥത്തിൽ തിരിച്ചുപിടിക്കാൻ ഇനിയും സമയമെടുക്കും. ഈ സാഹചര്യത്തിൽ ഇന്ത്യൻ വിദ്യാഭ്യാസത്തെ വിലയിരുത്തുമ്പോൾ പ്രാപ്യത(Accessibility)യും ഗുണനിലവാര(Quality)വും വർധിപ്പിക്കുക എന്നത് സമാന്തരമായി സംഭവിക്കേണ്ട ഒന്നാണെന്ന് മനസ്സിലാവും. ഇന്ത്യൻ സാഹചര്യത്തിൽ വീട്ടിൽ നിന്നുള്ള പഠനത്തി(Home Learning)ലേക്ക് വിദ്യാഭ്യാസം മാറുമ്പോൾ അതിന്റെ ലഭ്യതയും പ്രാപ്യതയും തന്നെയാണ് ഏറ്റവും വലിയ പ്രശ്നം. എങ്കിലും വളരെ വേഗത്തിൽ അത് പരിഹരിക്കാൻ കഴിയേണ്ടതുണ്ട്.

മനുഷ്യവിഭവത്തെ യഥാവിധി വികസിപ്പിച്ചെടുത്ത്, അവന്റെ കഴിവ് കൃത്യമായി ഉപയോഗപ്പെടുത്താൻ അവനെ പര്യാപ്തനാക്കുക എന്ന പണിയാണ് വിദ്യാഭ്യാസ പ്രക്രിയ ചെയ്യുന്നതെങ്കിൽ, ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ പൗരന്നും ലഭ്യമാക്കുക എന്നത് ഉറപ്പുവരുത്തുന്നിടത്താണ് രാജ്യത്തിന്റെ വികസനം. ഈ കാലത്ത് സ്കൂളുകളും കോളേജുകളും സർവകലാശാലകളും അടഞ്ഞു കിടക്കുമ്പോൾ വിദ്യാഭ്യാസം ഒട്ടും ഗുണനിലവാരം കുറയാതെ വീട്ടിനകത്ത് എത്തിക്കുക എന്ന ഉത്തരവാദിത്തമാണ് സർക്കാറും സമൂഹവും ഏറ്റെടുക്കേണ്ടത്. അനൗപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതൽ വികസിപ്പിച്ച് വീട്ടിൽ നിന്നുള്ള പഠനത്തെ കൂടുതൽ ഗുണനിലവാരമുള്ളതാക്കി എല്ലാ വിദ്യാർഥികൾക്കും എത്തിക്കുക എന്നതായിരിക്കണം ലക്ഷ്യം. അല്ലായെങ്കിൽ സാമ്പത്തിക തകർച്ചയേക്കാൾ ഭീകരമായ മനുഷ്യവിഭവ ഗുണനിലവാര തകർച്ചയും നാം നേരിടേണ്ടിവരും.


വീട്ടിൽ നിന്നുള്ള പഠനം (Learn from Home) എന്ന ആശയത്തെ കൂടുതൽ വികസിപ്പിക്കേണ്ടതുണ്ട്. വീട്ടിൽ നിന്ന് പഠിക്കാൻ വേണ്ടത് ഇലക്ട്രോണിക് ഉപകരണങ്ങളും ശക്തമായ ഇന്റർനെറ്റ് കണക്ടിവിറ്റിയും ആണ്. ഇന്ത്യയിൽ എല്ലാവരിലും കൃത്യമായി എത്തിക്കാൻ പറ്റുന്ന വിധം ഇന്റർനെറ്റ് കണക്ടിവിറ്റി നമുക്കുണ്ട്; പക്ഷേ അത് സ്വകാര്യമേഖല കൈയടക്കി വെച്ചിരിക്കുന്നു എന്നതിനാൽ വിലയേറിയ ഒന്നായി ഡാറ്റ മാറുന്നു. ഇന്റർനെറ്റ് ഒരു പൗരന്റെ അവകാശമായി അംഗീകരിച്ച ഈ കാലത്ത് പഠനം വീട്ടിൽനിന്ന് ആകുമ്പോൾ ആവശ്യമായ പുതിയ സൗകര്യങ്ങൾ എല്ലാവർക്കും വേഗത്തിൽ ഉറപ്പുവരുത്തിയിട്ടില്ലെങ്കിൽ വിദ്യാഭ്യാസത്തിൽ നിന്ന് പല വിഭാഗങ്ങളും പുറന്തള്ളപ്പെടും.

**ഓൺലൈൻ പഠനത്തിന്റെ കാലം**

നമ്മുടെ സാഹചര്യം വിലയിരുത്തുമ്പോൾ ഓൺലൈൻ പഠനം എന്ന ആശയത്തെ വിദ്യാഭ്യാസ സമൂഹത്തിന് ഇപ്പോഴും വേണ്ടത്ര മനസ്സിലായിട്ടില്ല. നിലവിൽ ഔപചാരിക സമ്പ്രദായത്തിലെ പിരീഡ് സമ്പ്രദായം അതുപോലെ ഓൺലൈൻ പഠനത്തിലും പ്രയോഗിക്കാൻ ശ്രമിക്കുന്നത് അതുകൊണ്ടാണ്. ഓൺലൈൻ പഠനത്തിലേക്ക് മാറുമ്പോൾ നാം മനസ്സിലാക്കേണ്ടത്, ഓൺലൈൻ പെഡഗോഗി തികച്ചും വ്യത്യസ്തമാണ് എന്നതാണ്. ഔപചാരിക സ്കൂൾ സമ്പ്രദായം പോലെ കൃത്യസമയത്ത് തുടങ്ങി കൃത്യസമയത്ത് അവസാനിപ്പിക്കാൻ കഴിയുന്ന ഒന്നല്ല ഓൺലൈൻ പഠനവും വീട്ടിൽ നിന്നുള്ള പഠനവും. തുടർച്ചയായി അധ്യാപകർ ഏതെങ്കിലും വീഡിയോ കമ്യൂണിക്കേഷൻ ആപ്പിലോ സമൂഹ മാധ്യമത്തിലോ വന്ന് സംസാരിക്കുന്നതിനല്ല ഓൺലൈൻ പഠനം എന്ന് പറയുന്നത്. ഓൺലൈൻ പഠന സമ്പ്രദായം സ്വയം പഠനത്തിനുള്ള ഒരു ലേണിങ് പാക്കേജ് കൂടിയാണ്. അതിൽ ഇ-ട്യൂട്ടോറിയൽ, ഇ-കണ്ടന്റ്, ചർച്ച, വിലയിരുത്തൽ എന്നീ നാലു പ്രധാന ഘടകങ്ങൾ കൃത്യമായി ഉൾച്ചേരേണ്ടതുണ്ട്. ഓൺലൈൻ പഠനത്തിന് ഇന്ന് എന്തെല്ലാം പരിമിതികളുണ്ടോ അവയെല്ലാം നാളെ പരിഹരിക്കപ്പെടാനിരിക്കുകയാണെന്ന് മനസ്സിലാക്കണം.

**വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം**

ഓഫ്‌ലൈൻ പഠനത്തിൽനിന്ന് ഓൺലൈൻ പഠനത്തിലേക്ക് വിദ്യാഭ്യാസ പ്രക്രിയയെ വികസിപ്പിക്കുമ്പോൾ അത് വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തെ ശക്തിപ്പെടുത്തും. നമ്മുടെ രാജ്യത്ത് ഇപ്പോഴും പൂർണാർഥത്തിൽ നടക്കാത്ത ഒന്നാണ് വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം. വിദ്യാർഥിയുടെ സ്വാതന്ത്ര്യവും അന്തസ്സും ഉയർത്തിപ്പിടിക്കാൻ നമുക്ക് പലപ്പോഴും ക്ലാസ് മുറികളിൽ കഴിയാറില്ല. അധ്യാപകന്റെ ആധിപത്യം നിലനിൽക്കുന്ന ഇടം തന്നെയാണ് ഇന്നും ക്ലാസ് മുറികൾ. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന ജനാധിപത്യ വ്യവസ്ഥ ഒട്ടും ഇല്ലാത്ത വീടകങ്ങളും ക്ലാസ് മുറികളുമാണ് സമൂഹത്തെ വേഗത്തിൽ ഫാഷിസവുമായി സമരസപ്പെടാൻ സജ്ജമാക്കുന്നത് എന്ന് നാം തിരിച്ചറിയണം. എന്തിനു പഠിക്കണം, എന്ത് പഠിക്കണം, എങ്ങനെ പഠിക്കണം, എപ്പോൾ പഠിക്കണം, എവിടെ നിന്ന് പഠിക്കണം.. ഇവയൊക്കെ നിർണയിക്കാനുള്ള ശേഷി കുട്ടികളിൽ വളർത്തുന്നതായിരിക്കണം ആദ്യഘട്ട വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എന്നാൽ മാത്രമേ തുടർന്നുള്ള വിദ്യാഭ്യാസത്തിൽ ഭരണഘടന വിഭാവനം



ചെയ്യുന്ന ജനാധിപത്യമൂല്യങ്ങൾ പൗരന്റെ ജീവിതത്തിൽ ഉൾച്ചേർക്കാൻ കഴിയുകയുള്ളൂ. അങ്ങനെ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനുള്ള അവസരമായി ഓൺലൈൻ പഠനകാലത്തെ നാം കാണേണ്ടതുണ്ട്.

**മനുഷ്യകേന്ദ്രീകൃത വിദ്യാഭ്യാസം**

വിദ്യാഭ്യാസം പൂർണമായും മനുഷ്യകേന്ദ്രീകൃതമാവുക എന്നത് കാലത്തിന്റെ അനിവാര്യമായ തേട്ടമാണ്. മനുഷ്യന്റെ കഴിവും ശക്തിയും വളർത്തിയെടുക്കുന്ന, അവന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്ന എല്ലാ ഘടകങ്ങളെയും സ്പർശിക്കുന്നതാവണം വിദ്യാഭ്യാസം. അതായത് ശാരീരികവും ബുദ്ധിപരവും വൈകാരികവും ആത്മീയവുമായ തലങ്ങളെ പൂർണാർഥത്തിൽ വളർത്തിയെടുക്കുന്നതാവണം അവന് നൽകുന്ന വിദ്യാഭ്യാസം. ദൈവത്തിന്റെ ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ സൃഷ്ടികളുമായും മാന്യമായി ഇടപഴകാനും അവയെ യഥാവിധി വളർത്താനും പര്യാപ്തനാക്കുക എന്നതാണ് മനുഷ്യകേന്ദ്രീകൃത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അവയെ ചൂഷണം ചെയ്യാൻ പഠിപ്പിക്കുക എന്നതായിരിക്കരുത്, ലോകരുടെ നന്മക്കായി അവയെ വളർത്തുക എന്നതായിരിക്കണം അടിസ്ഥാന ആശയം.

വിദ്യാഭ്യാസം സുസ്ഥിരമായ സന്തോഷത്തിനും ക്ഷേമത്തിനും വേണ്ടി എന്ന കാതറിൻ ഓബ്രിയ(Catherine O-'Brien)ന്റെ ആശയം ഈ മേഖലയിൽ വികസിച്ചുവരുന്ന പുതിയ ആശയങ്ങളിൽ ഒന്നാണ്. അങ്ങനെ വരുമ്പോൾ ദൈവം ജന്മനാ നൽകിയ കഴിവുകളെ പൂർണാർഥത്തിൽ വികസിപ്പിക്കാൻ വിദ്യാഭ്യാസ പ്രക്രിയയിലൂടെ കഴിയും. ഓരോ കുട്ടിയെയും ദൈവം വ്യത്യസ്ത കഴിവുകളുമായി ഇങ്ങോട്ടയക്കുന്നത് ലോകത്തെ ഇന്നെത്തി നിൽക്കുന്ന പുരോഗതിയിൽ നിന്ന് അടുത്ത ഘട്ടത്തിലേക്ക് വളർത്തിയെടുക്കുന്നതിനു വേണ്ടി കൂടിയാണ്.

**മനുഷ്യൻ പഠിക്കുകയാണ്**

മനുഷ്യനെ പഠിപ്പിച്ചുകളയാം എന്ന ധാരണയിൽ നിന്ന് മനുഷ്യന് സ്വയം പഠിക്കാനുള്ള ഇഛാശക്തി ഉണ്ട് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം പുതിയ കാലത്തെ വിദ്യാഭ്യാസത്തെ രൂപപ്പെടുത്തേണ്ടത്. ഇന്ന് വിദ്യാഭ്യാസ ശാസ്



ത്രത്തിന് Pedagogy എന്നതിനേക്കാൾ Hase -ഉം Kenyon -ഉം വികസിപ്പിച്ചെടുത്ത Heutagogy എന്ന സംജ്ഞയാണ് ഉപയോഗിക്കുന്നത്. Heutagogy വിദ്യാർഥിയുടെ സ്വയം പഠിക്കാനുള്ള കഴിവിനെ പ്രോത്സാഹിപ്പിക്കുകയും വിദ്യാഭ്യാസത്തിലൂടെ സംഭവിക്കേണ്ടത് വിദ്യാർഥിയുടെ സമഗ്ര വളർച്ചയാണ് എന്ന ആശയത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. വിദ്യാർഥിയെ സ്വയം പഠനത്തിന് കഴിവുള്ളവനാക്കി മാറ്റുക എന്നതാണ് Heutagogy.

ഇപ്പോൾ നമ്മുടെ വിദ്യാഭ്യാസത്തിൽ സംഭവിക്കുന്നതെന്താണ്? ആശയതലത്തിൽ വിദ്യാർഥികേന്ദ്രീകൃതം ആണെങ്കിലും പ്രയോഗ തലത്തിൽ അത് അധ്യാപക കേന്ദ്രീകൃതം തന്നെയാണ്. ടീച്ചർ ഇല്ലെങ്കിൽ പഠനം ഇല്ലാത്ത ക്ലാസ് മുറിയാണ് കാണാനാവുക. ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന കുട്ടിക്ക് നോട്ട് കിട്ടിയില്ലെങ്കിൽ സ്വയം റഫർ ചെയ്ത് പഠിക്കാൻ കഴിയാതെ പഠനം മുടങ്ങിപ്പോകുന്ന ദാരുണാവസ്ഥ. ഇന്ന് ലോവർ പ്രൈമറി കഴിയുന്നത് ചുരുങ്ങിയത് ആറു വർഷത്തെ സ്കൂൾ ജീവിതത്തിനു ശേഷമാണ്. രണ്ടു വർഷം പ്രീ പ്രൈമറിയിലും നാലു വർഷം എൽ.പി ക്ലാസ്സിലും കുട്ടികൾ പഠിക്കുന്നു. എന്നിട്ടും സ്വയം പഠനത്തിലേക്ക് അവരെ നയിക്കുന്ന അടിസ്ഥാന ശേഷികൾ ആർജിക്കാൻ അവർക്ക് കഴിയുന്നില്ല. സത്യത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം വിദ്യാർഥികളെ അധ്യാപകന്റെ അടിമയാക്കി മാറ്റുകയാണ്. പഠന രംഗം M-Learning (Mobile)-ൽ നിന്ന് U-Learning (Ubiquitous)-ലേക്ക് മാറിയ കാലത്തും ഈ മാറ്റങ്ങളൊന്നും നമ്മുടെ അധ്യാപക സമൂഹം അറിയുകയോ അതിലേക്ക് മാറാൻ തയാറാവുകയോ ചെയ്യുന്നില്ല. 'ഈ കാമ്പസ് മൊബൈൽ നിരോധിത മേഖല' എന്ന ബോർഡും വെച്ചിരിക്കാൻ വിധിക്കപ്പെട്ടവരാണ് നമ്മൾ.

മനുഷ്യനെ ആർക്കും പഠിപ്പിക്കാൻ കഴിയില്ല, അവൻ സ്വയം പഠിക്കുകയാണ് എന്ന് അംഗീകരിക്കുന്നതിൽ നിന്നു കൂടിയാണ് വിദ്യാഭ്യാസത്തെ ഒരു അവകാശമായി നാം അംഗീകരിച്ചത്. വിദ്യാഭ്യാസം കുട്ടിയുടെ അവകാശം ആകുമ്പോൾ അതിനുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കുക എന്നത് സർക്കാറിന്റെയും സമൂഹത്തിന്റെയും ബാധ്യതയായിത്തീരും. സ്കൂൾ നിർമിക്കുക എന്നതിൽ അത് പരിമിതപ്പെടില്ല. അവന് സ്വയം പഠനത്തിനു വേണ്ട ആധുനിക സാമഗ്രികൾ (Laptop, Smartphone etc.), ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ലഭ്യമാക്കുക എന്നതുകൂടി ആ അവകാശത്തിൽ ഉൾപ്പെടും. അപ്പോൾ മാത്രമേ ഒരു വിദ്യാർഥിക്ക് പഠന സാഹചര്യമില്ല എന്നത് മനുഷ്യാവകാശ പ്രശ്നമായി ഉയർത്താൻ കഴിയൂ.

**അറിവ് പുസ്തകങ്ങളിലല്ല, ഓൺലൈനിലാണ്**

അച്ചടിയുടെ കണ്ടുപിടിത്തം പുസ്തക കേന്ദ്രീകൃത അറിവു കേന്ദ്രങ്ങളെ സൃഷ്ടിച്ചു. ഇന്ന് അറിവുകൾ കേന്ദ്രീകരിച്ചിരിക്കുന്നതും വിതരണം ചെയ്യപ്പെടുന്നതും ഓൺലൈൻ വഴിയാണ്. ഈ സത്യം നാമെല്ലാവരും അംഗീകരിച്ചേ മതിയാവൂ. പുസ്തകങ്ങളെ കുറിച്ച ഗതകാല സ്മരണകളുമായി അച്ചടി പുസ്തകങ്ങൾ മാത്രം മതി എന്നു വെച്ചാൽ നിലവിലെ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിച്ചും അധ്യാപകനെ കുറിച്ചും വിദ്യാർഥിക്ക് പുഛം മാത്രമേ ഉണ്ടാവൂ. മാറ്റത്തിനായി പണിയെടുക്കുന്ന ഉത്തമ സമൂഹം ഇത് തിരിച്ചറിഞ്ഞ് ഓടി മുന്നിൽ എത്തേണ്ടതുണ്ട്.

ഓൺലൈനിലെ അറിവിന്റെ കേന്ദ്രങ്ങളിലേക്ക് ആക്സസ് തടയപ്പെടുന്ന സമൂഹം പിന്തള്ളപ്പെടും. അങ്ങനെ സംഭവിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതുണ്ട്. പുതിയ കാലത്തെ അധികാരവും സമ്പത്തും, ഓൺലൈൻ ഡാറ്റയും അറിവുകളുമാണെന്ന് തിരിച്ചറിഞ്ഞാൽ അവയിലേക്കുള്ള ആക്സസ് മുഴുവൻ സമൂഹത്തിനും ഉറപ്പുവരുത്തുക എന്നത് മർമപ്രധാനമായി മാറും. ഓൺലൈനിലൂടെ അറിവിന്റെ ലഭ്യത എന്നത് സമൂഹിക നീതിയുടെയും വ്യക്തിയുടെ അവകാശത്തിന്റെയും പ്രശ്നം കൂടിയാണ്. അറിവിന്റെ സ്വകാര്യവൽക്കരണത്തെ മറികടക്കാൻ ഓൺലൈൻ ഓപ്പൺ ആക്സസ് പ്ലാറ്റ്ഫോമുകൾ എന്ന സ്വപ്നം സമൂഹം വെല്ലുവിളിയായി ഏറ്റെടുക്കണം.

**സമാധാനത്തിനായുള്ള വിദ്യാഭ്യാസം**

മനുഷ്യൻ മനുഷ്യനെ ഭയപ്പെട്ട് കൂടുതൽ ഹോമോഫോബിക് ആയിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ഭയത്തിൽ നിന്ന് അവനെ സമാധാനത്തിന്റെ ലോകത്തേക്ക് വിമോചിപ്പിക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഉള്ളടക്കമായി മാറേണ്ടതുണ്ട്. ബുദ്ധിപരമായ ഹിംസ (Mental Violence), വാക്കു കൊണ്ടുള്ള ഹിംസ (Verbal Violence), ശാരീരികമായ ഹിംസ (Physical Violence) എന്നീ മൂന്ന് ഹിംസകളിൽനിന്നും വിട്ടുനിൽക്കാൻ പഠിപ്പിക്കുകയും, മനുഷ്യന്റെ അന്തസ്സും മനുഷ്യസഹോദര്യവും ഉയർത്തിപ്പിടിക്കാൻ പഠിപ്പിക്കുന്ന പഠന പ്രവർത്തനങ്ങൾ വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്ര ആശയമായി മാറ്റുകയും ചെയ്യുക എന്നത് മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിനും ലോകസമാധാനത്തിനും വളരെ അത്യാവശ്യമാണ്.

**മാറേണ്ടത് അധ്യാപകർ**

രാജ്യം സാമ്പത്തികമായി തകർന്ന ഘട്ടത്തിൽ രാജ്യത്തിന്റെ മനുഷ്യവിഭവ ശേഷിയെ വികസിപ്പിച്ചു മാത്രമേ തകർച്ചയിൽ നിന്ന് കരകയറാൻ കഴിയൂ. നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്ന മുൻകാഴ്ചയുള്ള വിദ്യാഭ്യാസ രീതിശാസ്ത്രം എന്നതാണ് പ്രധാനം. സാമ്പത്തിക തകർച്ചയുടെ ഘട്ടത്തിലും മുൻകാഴ്ചയും കഴിവുമുള്ള അധ്യാപകരാൽ രാജ്യത്തെ സമ്പന്നമാക്കി നിലനിർത്താൻ കഴിഞ്ഞാൽ ഏതു പ്രതിസന്ധിയെയും തരണം ചെയ്തു മുന്നോട്ടു പോകാൻ ഒരു സമൂഹത്തിന് കഴിയും. ആദ്യം മാറ്റേണ്ടത് അധ്യാപക സമൂഹത്തെയാണ്.

ഏറ്റവും നൂതനമായ വിദ്യാഭ്യാസ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിൽ വൈദഗ്ധ്യം നേടിയവരാക്കി നമ്മുടെ അധ്യാപക സമൂഹത്തെ മാറ്റിയെടുക്കണം. മനപ്പാഠത്തിനും പാഠപുസ്തകങ്ങൾക്കും അപ്പുറം ജീവിതഗന്ധിയായ പഠനാനുഭവങ്ങൾ നൽകുന്ന, താൻ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്താനും പുതിയ കണ്ടുപിടിത്തങ്ങൾ നടത്താനും പ്രോത്സാഹിപ്പിക്കുന്ന പഠന രീതിശാസ്ത്രങ്ങളിലെ പരിശീലനമാക്കി അധ്യാപക പരിശീലനത്തെ മാറ്റുകയും വേണം.

അധ്യാപക പരിശീലന പാഠ്യപദ്ധതി കൂടുതൽ സർഗാത്മകമാക്കണം. സർഗാത്മക വിദ്യാഭ്യാസത്തിനാവശ്യമായ നൈപുണികൾ വിളയിച്ചെടുക്കുന്ന ഇടമായി മാറണം അധ്യാപക പരിശീലന കേന്ദ്രങ്ങൾ. രാജ്യത്തിന്റെ സമഗ്രമായ പുരോഗതി യഥാർഥത്തിൽ അധ്യാപക പരിശീലന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. കോളേജ്, സർവകലാശാല, സാങ്കേതിക, മെഡിക്കൽ, കാർഷിക തലങ്ങളിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് പുതിയ ബോധന ശാസ്ത്രത്തിൽ കൃത്യമായ പരിശീലനം നിർബന്ധമാക്കണം. എന്നാൽ മാത്രമേ ആ രംഗങ്ങളിലെ മികച്ച വിദ്യാർഥികളുടെ കഴിവുകളെ പൂർണമായും വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ.

**പരിധിയില്ലാത്ത സ്വപ്നങ്ങൾ**

നേരത്തേ പറഞ്ഞ പോലെ പരിധിയില്ലാത്ത സ്വപ്നങ്ങൾ കാണാനുള്ള അവസരങ്ങളും പ്രോത്സാഹനവുമാണ് വിദ്യാഭ്യാസത്തിലൂടെ കുട്ടിക്ക് ലഭിക്കേണ്ടത്. നമ്മുടെ കുട്ടികൾക്ക് ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം ലഭിക്കുക എന്നത് അവരുടെ അവകാശം കൂടിയാണ്. എന്നാൽ മാത്രമേ കാലം തേടുന്ന ഉയർന്ന ജീവിത നിലവാരം അവർക്ക് പിന്നീട് എത്തിപ്പിടിക്കാനാവൂ. മിനിമം നിലവാരത്തിലുള്ള പഠനാന്തരീക്ഷം കുട്ടികളുടെ ജീവിത കാഴ്ചപ്പാടുകളെയും സ്വപ്നങ്ങളെയും പരിമിതപ്പെടുത്തും, രാജ്യത്തിന്റെ വികസനത്തെ പിറകോട്ടു വലിക്കും, സമൂഹം പുരോഗമനപരമല്ലാതായി മാറും.

സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്ന സർഗാത്മക വിദ്യാഭ്യാസത്തിന്റെ മർമം ആവേണ്ടത് നാലു കാര്യങ്ങളാണ്: ഒന്ന്, ലോക ക്ഷേമത്തെ മുൻനിർത്തിയുള്ള സ്വപ്നങ്ങൾ (Dreams) കാണാനുള്ള കഴിവ്. രണ്ട്, നന്മയിൽ അധിഷ്ഠിതമായ സൂക്ഷ്മ തലത്തിലുള്ള കണ്ടുപിടിത്തങ്ങളെ (Inventions) പ്രോത്സാഹിപ്പിക്കുന്ന പഠനാന്തരീക്ഷം. മൂന്ന്, സഹവർത്തിത്വത്തിന്റെ (Collaboration) പാഠങ്ങൾ ഇഴചേർത്ത പഠനാനുഭവങ്ങൾ. നാല്, മുഴുവൻ മനുഷ്യരുടെയും പുരോഗതി (Development) ലക്ഷ്യമായി അംഗീകരിക്കുന്ന പഠനനേട്ടങ്ങൾ. അപ്പോൾ മാത്രമേ ക്ലാസ് മുറികൾ മൂല്യാധിഷ്ഠിത ഇൻവെൻഷൻ ഹബ്ബുകൾ ആയി പരിവർത്തിപ്പിക്കപ്പെടുകയുള്ളൂ. ചിന്തക്ക് പ്രാധാന്യം നൽകുകയും ചിന്താ പ്രക്രിയകളെ വളർത്തിയെടുക്കുകയും ഇൻവെൻഷന് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുന്ന Design Method കൾ താഴെ ക്ലാസ് മുതൽ പഠന പ്രവർത്തനത്തിന് ഉപയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. കോവിഡിനാൽ തകർന്ന സാമ്പത്തിക-കാർഷിക രംഗങ്ങളെ തിരിച്ചുപിടിക്കാൻ ക്ലാസ് മുറികളിൽ സ്വപ്നവും കണ്ടുപിടിത്തവും പ്രോത്സാഹിപ്പിക്കപ്പെടുക എന്നതാണ് ദീർഘകാലാടിസ്ഥാനത്തിലുള്ള നിക്ഷേപമായി മാറുക. അത് രാഷ്ട്രത്തിന്റെ ശാസ്ത്ര-സാങ്കേതിക മേഖലയിലെ കുതിപ്പിനും കാരണമാവും.

സ്വപ്നങ്ങൾ പരിധിയില്ലാതെ കാണാൻ പ്രേരിപ്പിക്കുകയും അവ യാഥാർഥ്യമാക്കാൻ നൂതന സാങ്കേതിക വിദ്യകൾ പുതിയ തലമുറക്ക് ഒരുക്കിക്കൊടുക്കുകയും ചെയ്താൽ സുന്ദരമായ പുതിയ ലോകം നമുക്ക് സൃഷ്ടിക്കാൻ കഴിയും, തീർച്ച. ●

ഉടൻ പുറത്തിറങ്ങുന്നു



ജൂതമതവും ക്രിസ്തുമതവും
അബുൽഅഅ്ലാ മൗദൂദി
●
സമാഹരണം
നഈം സിദ്ദീഖി
അബ്ദുൽ വകീൽ അലവി
●
മലയാള ക്രോഡീകരണം
റഫീഖുർറഹ്മാൻ മൂഴിക്കൽ

പ്രബല സെമിറ്റിക് മതങ്ങളാണ് ജൂതമതവും ക്രിസ്തുമതവും. ഖുർആൻ വേദഗ്രന്ഥത്തിന്റെ ആളുകൾ എന്ന് പരിചയപ്പെടുത്തുന്ന ഈ രണ്ട് മതങ്ങളുടെ വിശ്വാസാചാരങ്ങൾക്കും അതിന്റെ പ്രമാണ രേഖയായി അവർ കാണുന്ന ബൈബിൾ പഴയ, പുതിയ നിയമങ്ങൾക്കും യഥാർഥ പ്രവാചകാധ്യാപനങ്ങളുമായുള്ള ബന്ധം പരിശോധിക്കുന്ന ഗവേഷണ പഠനം.

ISLAMIC PUBLISHING HOUSE
PH: 0495 2720072, 2724610, WP NO: 9544268877
Online store: www.iphkerala.com/store/



# ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസം
# മികവിന്റെ മാനദണ്ഡങ്ങൾക്ക് ഒരാമുഖം

**കവർ സ്റ്റോറി / യാസിർ ഇല്ലത്തൊടി**

abooammar@gmail.com

വിവിധ സംഘടനകൾക്കു കീഴിലും അല്ലാതെയുമായി നൂറുകണക്കിന് ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട് കേരളത്തിൽ. പതിനായിരക്കണക്കിന് വിദ്യാർഥികളാണ് ഈ സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നത്. ആയിരക്കണക്കിനു വിദ്യാർഥികളുടെ ഭാവി കരുപ്പിടിപ്പിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനത്തിനു കീഴിലുമുണ്ട്. ദേശീയതലത്തിൽ കേരളത്തിന്റെ എത്രയോ മടങ്ങ് സ്ഥാപനങ്ങളും വിദ്യാർഥികളുമുണ്ട് ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസ രംഗത്ത്. എന്നാൽ ഈ സ്ഥാപനങ്ങളുടെയും അവിടെ നിന്ന് പഠനം പൂർത്തീകരിച്ച് ഇറങ്ങുന്ന വിദ്യാർഥികളുടെയും ഫലപ്രാപ്തിയും കാര്യക്ഷമതയും മികവും വിലയിരുത്താൻ ഉതകുന്ന ഏകീകൃതമോ അല്ലാത്തതോ ആയ എന്തെങ്കിലും സംവിധാങ്ങൾ ഉള്ളതായി അറിയില്ല.

ഉന്നത വിദ്യാഭ്യാസത്തിന്റെ ഫലപ്രാപ്തി വിലയിരുത്താൻ ആഗോളതലത്തിൽ സർവാംഗീകൃതമായി ഉപയോഗിക്കുന്ന ചില അളവുകോലുകളുണ്ട്. ഇന്ത്യയിലെ ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസ പരിസരങ്ങളിൽ വേണ്ടവിധം ചർച്ച ചെയ്യപ്പെടാത്ത ഈ നിലവാര മാനദണ്ഡങ്ങളെ കുറിച്ച് ചില കാര്യങ്ങൾ പുതിയ അധ്യയന വർഷത്തിന്റെ ആരംഭത്തിൽ ചർച്ച ചെയ്യുന്നത് ഉചിതമാകും.

ഒരു രാജ്യത്തെ മനുഷ്യവിഭവത്തിന്റെ ഗുണനിലവാരം നിർണയിക്കുന്നത് ആ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലാണ്. സ്വാഭാവികമായും ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തിന്റെയും ഇസ്‌ലാമിക ഗുണനിലവാരം നിർണയിക്കുന്നതിലെ പ്രധാന ഘടകമാണ് അവരുടെ ഉന്നത വിദ്യാഭ്യാസ നിലവാരം. അവരുടെ വിദ്യാഭ്യാസ പുരോഗതി സാമ്പത്തിക പുരോഗതിയുമായും സാമൂഹിക സുസ്ഥിരതയുമായും കൂടി ബന്ധപ്പെട്ടതാണ്.

ആ അർഥത്തിൽ മികവുള്ള ഇസ്‌ലാമിക ഉന്നത വിദ്യാഭ്യാസം ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മുഖ്യ പരിഗണനയിൽ വരേണ്ടതാണ്.

ദേശീയതലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച ബോഡിയാണ് നാഷ്നൽ അക്കാദമിക് അക്രെഡിറ്റേഷൻ കൗൺസിൽ - നാക് (NAAC). ഇതിനു സമാനമായി ഈയടുത്ത് കേരളത്തിൽ സംസ്ഥാന തലത്തിൽ സാക് (SAAC) നിലവിൽ വരികയുണ്ടായി.

**ഇന്ത്യൻ ഇസ്‌ലാമിക് ഹയർ എജുക്കേഷൻ റാങ്കിങ്**

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളുടെ ഗുണനിലവാരം നിർണയിക്കാനും (Continuous Quality Assurance) അത് കൂടുതൽ മെച്ചപ്പെടുത്താനും (Improvement) ലക്ഷ്യം വെച്ച് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം 2016-ൽ രൂപപ്പെടുത്തിയ നാഷ്നൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക് (NIRF) അടിസ്ഥാനപ്പെടുത്തി ആരംഭിച്ച സംവിധാനമാണ് 'ഇന്ത്യ റാങ്കിങ്സ്.' പഠന- അധ്യാപന വിഭവങ്ങൾ (Teaching and Learning Resources), ഗവേഷണവും പ്രൊഫഷണൽ പരിശീലനവും (Research and Professional Practice), ബിരുദധാരികളുടെ ഗുണമേന്മകൾ (Graduation Outcomes), എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്താനുള്ള ശ്രദ്ധയും സാമൂഹികബന്ധവും (Inclusivity and Outreach), സ്ഥാപനത്തെയും സ്ഥാപനത്തിലെ വിദ്യാർഥികളെയും കുറിച്ച സമൂഹത്തിന്റെ പൊതു അഭിപ്രായം (Perception) എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഈ സംവിധാനത്തിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കുന്നത്. ഈ മാനദണ്ഡങ്ങൾ അനുസരിച്ച് എല്ലാ വർഷവും റാങ്കിങ് പട്ടിക പുറത്തിറക്കുന്നു. സർക്കാർ ഫണ്ടുകൾ ലഭിക്കുന്നതിനും സ്വയംഭരണം അടക്കമുള്ള മറ്റു പല ആനുകൂല്യങ്ങൾക്കും ഈ റാങ്കിങ് ആണ് ഉപയോഗപ്പെടുത്തുന്നത്.

സമാനമായ രീതിയിൽ ഇന്ത്യയിലെ മൊത്തം ഇസ്‌ലാമിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കാൻ ഉതകുന്ന ഒരു ഇന്ത്യൻ ഇസ്‌ലാമിക് ഹയർ എജുക്കേഷൻ റാങ്കിങ് സംവിധാനത്തെക്കുറിച്ച് മുസ്‌ലിം സംഘടനകൾ കൂട്ടായി ആലോചിക്കേണ്ടതാണ്. സെക്യുലർ വിദ്യാഭ്യാസ മേഖലയെ വിലയിരുത്താൻ ഇന്ത്യയടക്കം ലോകത്തിന്റെ എല്ലാ ഭാഗത്തും പ്രയോഗത്തിലുള്ള ഈ അളവുകോലുകൾ ഇസ്‌ലാമിക വിദ്യാഭ്യാസ മേഖലയിൽ അധികം പ്രയോഗിക്കുന്നത് ഇറാൻ, തുർക്കി, ഇന്തോനേഷ്യ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലാണ്. ഈ രാജ്യങ്ങളിൽ ഇതു സംബന്ധമായ ധാരാളം അക്കാദമിക പഠനങ്ങളും ലഭ്യമാണ്. സ്ഥാപനത്തിലെ വിദ്യാർഥികൾ, അധ്യാപന - പഠന പ്രക്രിയ, അധ്യാപകർ, സ്ഥാപനം, സ്ഥാപന നടത്തിപ്പ് തുടങ്ങിയ വിഷയങ്ങളിലാണ് ഈ പഠനങ്ങൾ.

മികവിന്റെ മാനദണ്ഡങ്ങളും അവയുമായി ബന്ധപ്പെട്ട സൂചകങ്ങളും വിശദമായി വിലയിരുത്തുകയും ഇന്ത്യയിലെ ഇസ്‌ലാമിക ഉന്നത വിദ്യാഭ്യസ മേഖലക്ക് അനുയോജ്യമായ വിധം അവയെ എങ്ങനെ വികസിപ്പിക്കാമെന്ന് ആലോചിക്കുകയും ചെയ്യണം. അതിന്റെ മുന്നോടിയായി പ്രസ്തുത മാനദണ്ഡങ്ങളും അവയുടെ സൂചകങ്ങളും മനസ്സിലാക്കേണ്ടതുണ്ട്:

*എ) വിദ്യാർഥികളുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ*

ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളുമായി ബന്ധപ്പെട്ട





ചർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട അളവുകോലായി കണക്കാക്കപ്പെടുന്നത് വിദ്യാർഥികളുടെ ജീവിത വിജയമാണ് (Student Success).

പഠനം പൂർത്തീകരിക്കുന്നതോടെ വിദ്യാർഥികൾ നേടാനാഗ്രഹിക്കുന്ന വ്യക്തിഗത ലക്ഷ്യങ്ങൾ (Personal Goals), അക്കാദമിക ലക്ഷ്യങ്ങൾ (Academic Goals), കരിയർ ലക്ഷ്യങ്ങൾ (Career Goals), തൊഴിൽ കരസ്ഥമാക്കാനുള്ള കഴിവുകൾ (Employability Skills), ബിരുദധാരികൾക്കുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ (Graduate Attributes), പഠനാനന്തരം ബിരുദധാരികൾ എത്തിപ്പെടുന്ന ലക്ഷ്യസ്ഥാനങ്ങൾ (Graduate Destinations), വിദ്യാർഥികളുടെ പഠനകാലത്തെ വ്യത്യസ്തങ്ങളായ പഠനാനുഭവങ്ങൾ (Learning Experience), സ്ഥാപനത്തെ കുറിച്ചുള്ള അവരുടെ അഭിമാനബോധം (Student Ownership) എന്നിവ ഈ രംഗത്തെ പ്രധാന മാനദണ്ഡങ്ങളാണ്. വിദ്യാർഥികൾക്ക് അവരുടെ പഠനകാലത്തും അതിനു ശേഷവും ഈ മേഖലകളിലൊക്കെ എന്തു നേടാൻ സാധിക്കുന്നു എന്നത് വിദ്യാർഥികളുടെ വിജയത്തിന്റെ (Student Success) മാത്രമല്ല, അത് സ്ഥാപനത്തിന്റെ കൂടി വിജയത്തിന്റെയും മികവിന്റെയും (Institutional Effectiveness and Excellence) മാനദണ്ഡങ്ങൾ ആയിട്ടാണ് വിലയിരുത്തപ്പെടുന്നത്.

*ബി) പഠന പ്രക്രിയയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ*

അധ്യാപന, പഠന പ്രക്രിയയെ കുറിച്ച ചർച്ചയിൽ പാഠ്യപദ്ധതിയിലൂടെ വിദ്യാർഥികൾ ആർജിക്കേണ്ട കഴിവുകൾ (Learning Outcomes), പഠനകാലത്ത് വിദ്യാർഥികൾക്ക് സ്ഥാപനം ലഭ്യമാക്കുന്ന ഗവേഷണവും മറ്റു പ്രായോഗിക അസൈൻമെന്റുകളും ചെയ്യാനുള്ള അവസരങ്ങൾ, പഠനാനുബന്ധ പരിശീലന അവസരങ്ങൾ (Internship), അക്കാദമിക മികവ് (Academic Excellence), പാഠ്യപദ്ധതിയിലൂടെ സിദ്ധിക്കേണ്ട കഴിവുകളെ ലക്ഷ്യം വെച്ചുള്ള അധ്യയന രീതി (Outcome based Education), അക്കാദമിക സത്യസന്ധത (Academic Integrity) എന്നിവ ഈ രംഗത്തെ വിജയത്തിന്റെയും മികവിന്റെയും മാനദണ്ഡങ്ങളിൽ ചിലതാണ്.

*സി) അധ്യാപകരുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ*

അധ്യാപകർ അടക്കമുള്ള ജീവനക്കാരെ കുറിച്ച് പറയുമ്പോൾ അവരുടെ ജോലിയിലെ പ്രകടനത്തെ കുറിച്ച പ്രതീക്ഷകൾ (Performance Expectations), അവരുടെ പ്രകടനത്തെ വിലയിരുത്തൽ (Staff Performance Appraisal), പ്രകടന മികവ് (Staff Performance), ഫാക്കൽറ്റിയുടെ വ്യക്തിതലത്തിലും പ്രഫഷണൽ തലത്തിലുമുള്ള വളർച്ച (Faculty Development), നൈപുണ്യ വർധനവ് (Skill Enhancement), കഴിവും പ്രാപ്തിയുമുള്ള ജീവനക്കാരെ കഴിവതും സ്ഥാപനത്തിൽ തന്നെ നിലനിർത്തൽ (Staff Retention), ജീവനക്കാരെ സ്ഥാപനത്തിൽ നിലനിർത്താനാവശ്യമായ ബഹുമുഖമായ പ്രവർത്തനങ്ങൾ (Staff Engagement), ജോലിയിലും സ്ഥാപനത്തിന്റെ അന്തരീക്ഷത്തിലും സ്റ്റാഫിനുള്ള സംതൃപ്തി (Staff Satisfaction) എന്നിവയും സ്ഥാപന അധികാരികളുടെ ശ്രദ്ധ പതിയേണ്ട സുപ്രധാനമായ മേഖലകളാണ്.

*ഡി) സ്ഥാപനവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ*

സ്ഥാപനം, സ്ഥാപന നടത്തിപ്പ് എന്നിവയെ കുറിച്ച് വിലയിരുത്താൻ, സ്ഥാപനത്തിന്റെ മുൻഗണനകൾ (Institutional Priorities), സ്ഥാപനത്തിന്റെ പ്രകടനം (Institutional Performance), അതിന്റെ ഫലപ്രാപ്തി (Institutional Effectiveness), പ്രകടന മികവ് (Institutional Excellence), ഈ ഫലപ്രാപ്തി നേടാനും മികവ് കൈവരിക്കാനും ആവശ്യമായ തന്ത്രപരമായ ദീർഘകാല ആസൂത്രണം (Strategic Planning), അതിനു താഴെ വരുന്ന ഹ്രസ്വകാല പ്രവർത്തനങ്ങളുടെ ആസൂത്രണം (Operational Planning), തന്ത്രപരമായ ആസൂത്രണ ഫലങ്ങൾ (Strategic Outcomes), വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം (Resource Optimization), മുകളിൽ പറഞ്ഞ കാര്യങ്ങളെ കുറിച്ച് സ്ഥാപനാധികാരികൾക്കും സ്ഥാപനത്തിന്റെ വളർച്ചയിൽ നേരിട്ടും അല്ലാതെയും പങ്കുവഹിക്കുന്ന വ്യക്തികൾ

> ഒരു രാജ്യത്തെ മനുഷ്യവിഭവത്തിന്റെ ഗുണനിലവാരം നിർണയിക്കുന്നത് ആ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലാണ്. സ്വാഭാവികമായും ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തിന്റെയും ഇസ്‌ലാമിക ഗുണനിലവാരം നിർണയിക്കുന്നതിലെ പ്രധാന ഘടകമാണ് അവരുടെ ഉന്നത വിദ്യാഭ്യാസ നിലവാരം. അവരുടെ വിദ്യാഭ്യാസ പുരോഗതി സാമ്പത്തിക പുരോഗതിയുമായും സാമൂഹിക സുസ്ഥിരതയുമായും കൂടി ബന്ധപ്പെട്ടതാണ്.

ക്കും സംഘങ്ങൾക്കും (Stakeholders) സ്ഥാപനത്തിന്റെ എല്ലാ അർഥത്തിലുമുള്ള പ്രകടനങ്ങളെ കുറിച്ച് വിവരവും അറിവും നൽകാൻ ഉതകുന്ന സ്ഥാപനസംബന്ധിയായ ഗവേഷണങ്ങൾ (Institutional Research), സ്ഥാപനത്തിന്റെ സുസ്ഥിരത (Sustainability), സ്ഥാപനം നിലകൊള്ളുന്ന പ്രദേശവും സമൂഹവുമായുള്ള അതിന്റെ ആദാനപ്രദാനങ്ങൾ (Community Engagement), സ്ഥാപനത്തിലെ വിദ്യാർഥികളല്ലാത്തവർക്ക് സ്ഥാപനം ഒരുക്കുന്ന ആജീവനാന്ത പഠനത്തിനുള്ള (Lifelong Learning) അവസരങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങളും സൂചകങ്ങളുമാണ് ഉപയോഗിക്കുന്നത്.

മേൽപറഞ്ഞ മേഖലകളിലെല്ലാം ഓരോ സ്ഥാപനവും എവിടെ നിൽക്കുന്നു എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് സാധാരണയായി ദേശീയ - അന്തർദേശീയ ഏജൻസികൾ സ്ഥാപനങ്ങളെ വിലയിരുത്തുന്നതും (Assessment) അക്രെഡിറ്റ് ചെയ്യുന്നതും.

നാഷ്നൽ ഇസ്‌ലാമിക് എജുക്കേഷൻ അക്രെഡിറ്റേഷൻ ഏജൻസി മേൽപറഞ്ഞ മാനദണ്ഡങ്ങളെ ഇസ്‌ലാമിക ഉന്നത വിദ്യാഭ്യാസ പരിസരത്ത് നിന്നുകൊണ്ട് വിശദമായി വിശകലനം ചെയ്യേണ്ടതുണ്ട്. കാരണം ആഗോളാടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിജയപരാജയങ്ങൾ വിലയിരുത്തുന്നതിന് അംഗീകരിക്കപ്പെട്ട മേൽസൂചകങ്ങൾ അതേ അളവിലോ അതിലേറെയോ ഇസ്‌ലാമിക സ്ഥാപനങ്ങൾക്കും ബാധകമാണ്. പൊതു (സെക്യുലർ) വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അതേ മണ്ണിലാണ് ഇസ്‌ലാമിക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് എന്നതാണ് അതിന്റെ കാരണങ്ങളിലൊന്ന്. പൊതുസ്ഥാപനങ്ങളിൽനിന്ന് പുറത്തിറങ്ങുന്ന ബിരുദധാരികളുടെയും ഇസ്‌ലാമിക സ്ഥാപനങ്ങളിലെ ബിരുദധാരികളുടെയും പ്രവർത്തന മണ്ഡലം ഏതാണ്ട് ഒന്ന് തന്നെയാണ് എന്നതാണ് മറ്റൊരു കാരണം. പൊതുസ്ഥാപനങ്ങളുടെ പൊതുവായ ഗുണങ്ങൾ എല്ലാം ഉൾക്കൊള്ളുന്നതോടൊപ്പം മറ്റു ചില അധിക ഗുണങ്ങൾ കൂടി ഇസ്‌ലാമിക സ്ഥാപനങ്ങൾക്ക് ഉണ്ട്, അല്ലെങ്കിൽ ഉണ്ടാവേണ്ടതുണ്ട്. അതിനാൽ ആ ഗുണങ്ങൾ കൂടി ഉൾക്കൊള്ളുന്ന ചില അധിക മാനദണ്ഡങ്ങളും ഇസ്‌ലാമിക സ്ഥാപനങ്ങൾ ഉൾക്കൊള്ളാനും പാലിക്കാനും നിർബന്ധിതമാകുന്നു.

ദേശീയതലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച ബോഡിയാണ് നാഷ്നൽ അക്കാദമിക് അക്രെഡിറ്റേഷൻ കൗൺസിൽ - നാക് (NAAC). ഇതിനു സമാനമായി ഈയടുത്ത് കേരളത്തിൽ സംസ്ഥാന തലത്തിൽ സാക് (SAAC) നിലവിൽ വരികയുണ്ടായി. ഇസ്‌ലാമിക കലാലയങ്ങൾക്കായി ദേശീയതലത്തിൽ ഒരു അക്രെഡിറ്റേഷൻ സംവിധാനം ഉണ്ടാവേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എല്ലാ സ്ഥാപനങ്ങൾക്കും അവയുടെ സ്വഭാവം അനുസരിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെടുകയും ആ മാനദണ്ഡങ്ങൾക്കനുസൃതമായി അവ ഓഡിറ്റ് ചെയ്യപ്പെടുകയും ആ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവക്ക് അക്രെഡിറ്റേഷൻ നൽകപ്പെടുകയും ചെയ്യുന്ന രീതി ആരംഭിച്ചാൽ ചുരുങ്ങിയ കാലംകൊണ്ട് ഇന്ത്യയിലെ ഇസ്‌ലാമിക വിദ്യാഭ്യാസത്തിനും ഉന്നത ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുതിയ രൂപവും ഭാവവും ആർജിക്കാൻ കഴിയും. അക്കാദമിക മേന്മയും പ്രകടന മികവും പുലർത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സാമൂഹിക ശാക്തീകരണ പ്രക്രിയയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാനാകും. കേരളത്തിലും ദേശീയതലത്തിലും ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്രെഡിറ്റേഷനും കമ്യൂണിറ്റി ബേസ്ഡ് അഫിലിയേഷനും നൽകുന്ന ഒരു നാഷ്നൽ ഇസ്‌ലാമിക് എജുക്കേഷൻ അക്രെഡിറ്റേഷൻ ഏജൻസി ആരംഭിക്കേണ്ടത് അടിയന്തരാവശ്യമാണ്.



ഇസ്‌ലാമിക പ്രസ്ഥാനത്തിന് അത്തരമൊരു സംരംഭത്തിന് നാന്ദികുറിക്കാൻ സാധിച്ചാൽ ഇന്ത്യയിലെ ഇസ്‌ലാമിക വിദ്യാഭ്യാസമേഖലക്ക് പ്രസ്ഥാനം നൽകുന്ന വലിയ സംഭാവനയായി ചരിത്രം അത് രേഖപ്പെടുത്തും. ●

(തുടരും)



# മലപ്പുറത്തെ ആന


**വീക്ഷണം / ഫാത്വിമ സഹ്റ ബത്തൂൽ**

bathoolvkd@gmail.com

'കുഴിബോംബ്, കുഴിയില്ലാത്ത ബോംബ്, കുഴി ഉണ്ടായിരുന്ന ബോംബ്, കുഴി ഉണ്ടാവാൻ സാധ്യതയുള്ള ബോംബ്' ഇങ്ങനെ പലതരം ബോംബുകൾ നിരത്തിവെച്ച മലപ്പുറത്തെ പാകിസ്താനങ്ങാടി ബോംബുകട കണ്ടിട്ടുണ്ടോ? എഴുപതു ശതമാനം വരുന്ന ഇസ്‌ലാം വിശ്വാസികൾക്കിടയിൽ ശ്വാസം വിടാൻ പോലും കഴിയാതെ, ഏതു നേരത്തും പൊട്ടിപ്പുറപ്പെടാവുന്ന വർഗീയ കലാപങ്ങളെ പേടിച്ച് ഞെരുങ്ങിയമർന്നു ജീവിക്കുന്ന മലപ്പുറത്തെ ഇതര മതവിശ്വാസികളുടെ അവസ്ഥയറിയുമോ? ഹൊ! മലപ്പുറം ഇത്രയേറെ ഭീകരരുടെ നാടാണോ!?

1921-ലെ മലബാർ സമരത്തിനിപ്പുറം, കഴിഞ്ഞ നൂറുവർഷങ്ങൾക്കിടയിൽ വർഗീയ കലാപങ്ങളോ സ്ഫോടനങ്ങളോ നടന്നിട്ടില്ലാത്ത മലപ്പുറത്തിനു നേരെ എവിടന്നാണ്, എന്തുകൊണ്ടാണ് ഇത്രമാത്രം വിദ്വേഷപ്രചാരണങ്ങൾ വന്നുചേരുന്നത്?

'നല്ല ബോംബ് വേണമെങ്കിൽ മലപ്പുറത്ത് കിട്ടു'മെന്ന് ഷാജി കൈലാസ് ചിത്രത്തിൽ മോഹൻലാൽ ഉറപ്പിച്ചു പറയുന്നുണ്ട്. വർഗീയ കലാപത്തിൽ പരിക്കുപറ്റി ജോലിയും ജീവിതവും നഷ്ടപ്പെട്ട പോലീസുകാരനായി സത്യൻ അന്തിക്കാട് സിനിമയിൽ മുരളിയെത്തുമ്പോൾ അതിന്റെ ക്രെഡിറ്റും വന്നെത്തി നിൽക്കുന്നത് മലപ്പുറത്താണ്. 2006-ലെ 'മലപ്പുറത്തെ' വർഗീയ കലാപമെന്ന് മുരളി പറയുമ്പോൾ എന്നാണ്, എവിടെയാണ് 'മലപ്പുറത്ത്' അത്തരത്തിലൊരു കലാപമുണ്ടായിട്ടുള്ളതെന്ന ചോദ്യം ബാക്കിയാവുന്നുണ്ട്. മലപ്പുറത്തെ ഏത് അങ്ങാടിയിലാണ് ഫുട്ബോളല്ലാത്ത, ഈ പറയപ്പെടുന്ന ബോംബുകൾ വിൽക്കുന്നത്?

മലപ്പുറം വർഗീയ കേന്ദ്രമാണെന്ന് കടകംപള്ളി സുരേന്ദ്രനും, മലപ്പുറത്തെ സമരക്കാർ രാജ്യദ്രോഹികളെന്ന് ജി. സുധാകരനും പറഞ്ഞു. മുസ്‌ലിം തീവ്രവാദമാണ് മലപ്പുറത്ത് നടക്കുന്നതെന്നും മലപ്പുറം മിനി പാകിസ്താനാണെന്നുമൊക്കെ കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ നിരന്തരം മലപ്പുറത്തെ വിളിക്കാൻ ചിലർക്ക് എന്തുകൊണ്ട് കഴിയുന്നു? എന്തുകൊണ്ട് മലപ്പുറത്തെ കുറിച്ചുള്ള ഈ കുപ്രചാരണങ്ങളെയെല്ലാം പൊതുബോധം ശരിവെക്കുന്നു? അല്ലെങ്കിൽ അനുവദിച്ചു കൊടുക്കുന്നു? ഇത് കാലങ്ങളായി തുടർന്നുപോരുന്ന, മുസ്‌ലിം ഭൂരിപക്ഷ മേഖലയോടുള്ള, മലപ്പുറത്തെ മനുഷ്യരുടെ 'മതം' തെരഞ്ഞുപിടിച്ചുള്ള കലർപ്പില്ലാത്ത ഫോബിയയുടെ അടയാളമാണ്. അതേ, ഇസ്‌ലാമോഫോബിയ തന്നെ!

ഇതേ ഫോബിയയും വിഷവും തന്നെയാണ് പാലക്കാട് ജില്ലയിലെ തിരുവിഴാംകുന്നിനെ മലപ്പുറത്താക്കി മാറ്റിയതും ഇന്ത്യയൊട്ടുക്കുള്ള മാധ്യമപ്പട അതേറ്റെടുത്തതും. ഈ 'ശുഷ്കാന്തി' ഒന്നു മാത്രമാണ് ഇന്ത്യയിലെ ഏറ്റവും അക്രമാസക്തമായ ജില്ലയാക്കിയും ഓരോ മൂന്നു ദിവസത്തിലും ഓരോന്ന് എന്ന കണക്കിൽ ആനകൾ കൊല്ലപ്പെടുന്ന ജില്ലയായും മലപ്പുറത്തെ മാറ്റാൻ മനേക ഗാന്ധിക്ക് പ്രേരണയായതും.

മലപ്പുറത്തല്ല, പാലക്കാട് ജില്ലയിലാണ് സംഭവമെന്ന് ബോധ്യമായിട്ടും, ദേശീയ മാധ്യമങ്ങൾ അത് തിരുത്തിയിട്ടും ഇവിടെ ചില വാര്യരും ചാനലുകളും തിരുത്താൻ മടിച്ചു തന്നെ നിന്നു (തിരുത്തി എന്ന് പറഞ്ഞതിലും തിരുത്തുണ്ട്. കാരണം മലപ്പുറം എന്ന് റിപ്പോർട്ട് ചെയ്തിരുന്നപ്പോൾ, ഗർഭിണിയായ ആനക്ക് പടക്കം നിറച്ച പൈനാപ്പിൾ നൽകി 'കൊന്നു' എന്നത് പാലക്കാടായപ്പോൾ അബദ്ധത്തിൽ പൈനാപ്പിൾ കഴിച്ച ആന 'മരണപ്പെട്ടു'



ഇരുപത്തിയൊന്നിന്റെ ചരിത്രമൊന്നു തിരഞ്ഞിറങ്ങി നോക്കൂ, ബ്രിട്ടീഷുകാർക്ക് മാപ്പിളമാർ വെട്ടിയ ഖബ്റിടങ്ങളുമുണ്ടാവും ആ വഴിയിടങ്ങളിൽ. അറുത്തെടുത്ത തലയുമായി വാതിലിൽ മുട്ടിയ ബ്രിട്ടീഷുകാരെ തുരത്തിയോടിച്ച വീറും പോരും പകുത്തു നൽകിയും, പടപ്പാട്ട് പാടിയുമാണ് ഇവിടത്തെ മാപ്പിള പെണ്ണുങ്ങൾ പാലൂട്ടിയിട്ടുള്ളത്. അതുകൊണ്ട് ഏതൊക്കെ പേരിൽ നിങ്ങളുടെ വിഷം പുറത്തേക്കൊഴുക്കാൻ ശ്രമിച്ചാലും അതിനെയൊക്കെ നെഞ്ചുറപ്പോടെ നേരിടാൻ കരുത്തും വീറുമുള്ളവരുടെ നാടാണ് മലപ്പുറമെന്ന് ഓർമയിലിരിക്കട്ടെ.



എന്നായിട്ടുണ്ട്). ഒടുക്കം പ്രതിയെ അറസ്റ്റ് ചെയ്തിട്ടും മുസ്‌ലിം പേരുകൾ കാണാനാവാത്ത വിഷമം സഹിക്കവയ്യാതെ പല ദേശീയ സംഘപുത്രന്മാരും സോഷ്യൽ മീഡിയയിൽ ആനയെ കൊന്ന 'ജിഹാദികൾ'ക്ക് ഹംസത്ത് അലി എന്നും തമീം ശൈഖുമെന്നും പേരിട്ട് പ്രചരിപ്പിച്ചുകൊണ്ടേയിരുന്നു. ആനയെയും പശുവിനെയും കുരങ്ങുകളെയും ഹൈന്ദവ വിശ്വാസവുമായി ബന്ധമുള്ളതുകൊണ്ട് ഇന്ത്യൻ ഇസ്‌ലാമിസ്റ്റുകൾ നിരന്തരം വേട്ടയാടുകയാണെന്ന വാർത്തക്കൊപ്പം ഒരു ഓൺലൈൻ വാർത്താ പോർട്ടൽ റിപ്പോർട്ട് ചെയ്തത്, മുസ്‌ലിം ഭൂരിപക്ഷ ജില്ലയായതിനാൽ മനുഷ്യരോടുള്ള (ഇതര മതവിശ്വാസികൾ) അതേ വിദ്വേഷ സമീപനമാണ് മലപ്പുറത്തുകാർ ഇപ്പോൾ ആനയോടും കാണിക്കുന്നത് എന്നാണ്.

തൊണ്ണൂറുകളിൽ മലപ്പുറത്തെ ഒരു ഗ്രാമത്തിൽ മുസ്‌ലിം പള്ളിയോട് ചേർന്നു കിടക്കുന്ന ഹിന്ദു കുടുംബത്തിന്റെ സംരക്ഷണത്തിലുള്ള തെങ്ങ് പള്ളിയുടെ മേൽക്കൂരയിലേക്ക് ചാഞ്ഞു നിൽക്കുകയും, തേങ്ങകൾ വീണ് പള്ളിയുടെ ഓടുകൾക്ക് നിരന്തരം കേടുപാടുകൾ സംഭവിക്കുകയുമുണ്ടായി. തെങ്ങു മുറിക്കാൻ പലപ്പോഴായി ആവശ്യം ഉന്നയിച്ചെങ്കിലും അവരത് ചെവിക്കൊണ്ടില്ല. ആവശ്യം ശക്തമായതോടെ പ്രശ്നം രൂക്ഷമാവുകയും ഇരുവിഭാഗക്കാർക്കുമിടയിൽ മറ്റൊരു തരത്തിലേക്ക് വിഷയം നീങ്ങുകയും ചെയ്തതോടെ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ മധ്യസ്ഥതയിൽ പ്രശ്നത്തിന് പരിഹാരമുണ്ടായി. പള്ളി പുതുക്കി പണിയാനും ഓട് മാറ്റി കോൺക്രീറ്റ് ചെയ്യാനും തീരുമാനമുണ്ടായി. ഇതറിഞ്ഞ് വിഷമം തോന്നിയ അതേ കുടുംബത്തിലെ പ്രായം ചെന്ന സ്ത്രീ അന്ന് രാത്രി തന്നെ തങ്ങളുടെ വീട്ടിലെത്തുകയും മരം മുറിക്കാൻ മകനോട് ആവശ്യപ്പെട്ടോളാം എന്ന് പറയുകയും ചെയ്തപ്പോൾ തങ്ങൾ നൽകിയ മറുപടി 'ആ തെങ്ങ് നിങ്ങളുടെ ജീവിതോപാധി കൂടിയാണ്. എന്ത് വിലകൊടുത്തും അത് സംരക്ഷിക്കപ്പെടണം' എന്നായിരുന്നു. അവിടെ സംരക്ഷിക്കപ്പെട്ടത് തെങ്ങ് മാത്രമല്ലല്ലോ..!

കശ്മീരിലെയും മലപ്പുറത്തെയും ഹിന്ദുക്കൾ ഒരുപോലെയെന്ന് ഒരു മാധ്യമം റിപ്പോർട്ട് ചെയ്തത് ഈ അടുത്താണ്. മലപ്പുറത്തെ മതവും മതസൗഹാർദവുമൊക്കെ ആരെയാണ് അലോസരപ്പെടുത്തുന്നതെന്ന് നമുക്ക് കൃത്യമായി അറിയാം. എന്നിട്ടും കൃത്യമായി എല്ലാ റമദാനിലും ഭക്ഷണം കിട്ടാത്ത, വെള്ളം കിട്ടാത്ത ഒരു ഹിന്ദുവെങ്കിലും മലപ്പുറത്തിന്റെ പേരിൽ ഏതെങ്കിലുമൊരു വാർത്തയിലെങ്കിലും കടന്നുപോകും.

ഇങ്ങനെ ഓരോ അണുവിലും മലപ്പുറത്തിന്റെ മണ്ണിലേക്ക് പാകുന്ന വംശവെറിയുടെ വിഷമറിയാത്തവരല്ല മലപ്പുറത്തുകാരെന്ന് ഓർമ വേണം.

കശ്മീരിലെയും മലപ്പുറത്തെയും ഹിന്ദുക്കൾ ഒരുപോലെയെന്ന് ഒരു മാധ്യമം റിപ്പോർട്ട് ചെയ്തത് ഈ അടുത്താണ്. മലപ്പുറത്തെ മതവും മതസൗഹാർദവുമൊക്കെ ആരെയാണ് അലോസരപ്പെടുത്തുന്നതെന്ന് നമുക്ക് കൃത്യമായി അറിയാം. എന്നിട്ടും കൃത്യമായി എല്ലാ റമദാനിലും ഭക്ഷണം കിട്ടാത്ത, വെള്ളം കിട്ടാത്ത ഒരു ഹിന്ദുവെങ്കിലും മലപ്പുറത്തിന്റെ പേരിൽ ഏതെങ്കിലുമൊരു വാർത്തയിലെങ്കിലും കടന്നുപോകും.

ആലി മുസ്‌ലിയാർ, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, വെളിയങ്കോട് ഉമർ ഖാദി, മോയിൻകുട്ടി വൈദ്യർ, തുഞ്ചത്തെഴുത്തച്ഛൻ, ഇ.എം.എസ്, വൈദ്യരത്നം പി.എസ് വാര്യർ, ഇടശ്ശേരി, പൂന്താനം, ഉറൂബ്, എം.കെ ഹാജി തുടങ്ങി എണ്ണിയാലും പറഞ്ഞാലുമൊടുങ്ങാത്ത പ്രതിഭകളുടെ നാടാണ് മലപ്പുറം. മാപ്പിള സമരത്തിന്റെയും പാണ്ടിക്കാട് യുദ്ധത്തിന്റെയും പൂക്കോട്ടൂർ യുദ്ധത്തിന്റെയും ചേറൂര് യുദ്ധത്തിന്റെയുമൊക്കെ ചരിത്രവും വീറും പേറുന്ന മലപ്പുറത്തെ മണ്ണിനെ ഒരു ഷൂ നക്കിയും അത്രയെളുപ്പം ഇളക്കിമറിക്കാം എന്നു കരുതേണ്ട. ഏതൊക്കെ പേരിൽ വർഗീയ വിഷം പുറത്തേക്കൊഴുക്കാൻ ശ്രമിച്ചാലും അതിനെയൊക്കെ നെഞ്ചുറപ്പോടെ നേരിടാൻ കരുത്തും വീറുമുള്ളവരുടെ നാടാണ് മലപ്പുറമെന്ന് ഓർമയിലിരിക്കട്ടെ. ●




# മരണത്തെ ഭയക്കാത്ത നീതിബോധം


ലേഖനം / ശിഹാബുദ്ദീൻ ആരാമ്പ്രം


shihabudheenarambram@gmail.com


നീതിപീഠവും ന്യായാധിപന്മാരും ഭീതിയുടെ മുൾമുനയിൽ അകപ്പെട്ട സന്ദർഭങ്ങളും ഉണ്ടായിരുന്നു. അപ്പോഴൊക്കെ അവർ ജീവനേക്കാളും നീതിക്ക് മുൻഗണന നൽകി. അത്തരത്തിലുള്ള ഒരു സംഭവം വിഖ്യാത ചരിത്രകാരനായ ദിയാഉദ്ദീൻ ബർണി രേഖപ്പെടുത്തിയിട്ടുണ്ട്. അലാഉദ്ദീൻ ഖൽജി അന്നത്തെ പ്രമുഖ ന്യായാധിപനായിരുന്ന ഖാദി മുഗീസുമായി നടത്തിയ സംവാദമായിരുന്നു അത്. ആ സംഭാഷണത്തിൽ നീതിപാലനത്തിന്റെ മഹത്വവും ത്യാഗവും അടയാളപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ചില നിയമങ്ങളുടെയും താൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിയമങ്ങളുടെയും വിശദാംശങ്ങൾ അന്വേഷിക്കുന്നതിനും ശരീഅത്തിൽ അവയുടെ സ്ഥാനം എന്തെന്ന് അറിയുന്നതിനുമായി ഖാദി മുഗീസിനെ സുൽത്താൻ അലാഉദ്ദീൻ ഖൽജി കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. രണ്ടു ദിവസം നീണ്ടുനിന്ന ആ സംഭാഷണമധ്യേ രാഷ്ട്രത്തിന്റെ പൊതു മുതലിൽ സുൽത്താന്നും കുടുംബത്തിനുമുള്ള അവകാശത്തെപ്പറ്റി ചോദിച്ചപ്പോൾ, ഖാദിയുടെ ആദ്യ പ്രതികരണം എന്റെ മരണം ആസന്നമായി എന്നായിരുന്നു. എന്തുകൊണ്ടാണ് അങ്ങനെ പ്രതികരിച്ചത് എന്നായി സുൽത്താൻ. 'സത്യം പറഞ്ഞാൽ അവിടുന്ന് എന്നോട് കോപിക്കും; അസത്യം പറഞ്ഞാൽ ഖിയാമത്ത് നാളിൽ ഞാൻ നരകത്തിലുമാവും' എന്നായിരുന്നു ഖാദിയുടെ മറുപടി. ഭയപ്പെടേണ്ടതില്ലെന്നും ആ വിഷയത്തിലുള്ള ശരീഅത്തിന്റെ വിധി പറഞ്ഞാൽ മതിയെന്നും സുൽത്താൻ ഉണർത്തി. എന്നാൽ കാര്യങ്ങൾ വ്യക്തമായി വിശദീകരിക്കാൻ തുടങ്ങിയതോടെ 'എന്റെ വാളിനെ താങ്കൾക്ക് ഭയമില്ലേ?' എന്നു പോലും അലാവുദ്ദീൻ ഖൽജി ചോദിക്കുന്നതു കാണാം.

രാജ്യത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിൽ തന്റെ പങ്ക് എടുത്തു പറഞ്ഞ ശേഷം, സുൽത്താൻ വീണ്ടും: 'എന്റെ പടയോട്ടക്കാലത്ത് രത്നങ്ങളും മുത്തുകളും ഉൾപ്പെടെയുള്ളവ അന്യനാടുകളിൽനിന്ന് സമാഹരിച്ചതും മദ്യപാനം, വ്യഭിചാരം പോലുള്ള കുറ്റങ്ങൾക്ക്




**ഹിന്ദു മതാനുയായികൾക്കിടയിൽ നിലനിന്നിരുന്നത് ജാതി മേധാവിത്വത്തിൽ അധിഷ്ഠിതമായ ശിക്ഷാ സമ്പ്രദായവും അതിനനുസരിച്ച നീതിന്യായവുമായിരുന്നു. അതിനാൽ ഹിന്ദുമതാനുയായികൾക്ക് മതപരമായ കോടതി സ്ഥാപിച്ചാൽ, ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള രക്ഷാശിക്ഷകളായിരിക്കും നടപ്പാക്കേണ്ടിവരിക. അതിന് സുൽത്താന്മാർക്കും അവരുടെ ന്യായാധിപന്മാർക്കും കഴിയുമായിരുന്നില്ല.**

കനത്ത പിഴ ചുമത്തി കുറ്റവാളികളെ ശിക്ഷിച്ചതുമെല്ലാം ശരീഅത്തിന് വിരുദ്ധമാണെന്ന് തന്നെയാണോ താങ്കൾ പറയുന്നത്?' എന്ന് കോപത്തോടെ ചോദിച്ചു. അപ്പോൾ ഖാദി സുൽത്താന്റെ മുന്നിൽനിന്ന് എഴുന്നേറ്റ്, അൽപം ദൂരെയായി നെറ്റി നിലത്തൂന്നി, ഒടുവിലത്തെ പര്യവസാനവും പ്രതീക്ഷിച്ച് ഉറച്ച സ്വരത്തിൽ 'എന്നെ നിങ്ങൾ രണ്ടായി വെട്ടി നുറുക്കിയാലും അത്തരത്തിലുള്ള താങ്കളുടെ പ്രവർത്തനങ്ങളെല്ലാം ശരീഅത്തിന്റെ കൽപനകൾക്ക് വിരുദ്ധമാണെന്നതിൽ സംശയമില്ല' എന്ന് മറുപടി നൽകി. ഖാദി മുഗീസിന്റെ മറുപടി കേട്ട് സുൽത്താൻ അലാഉദ്ദീൻ ഖൽജി സദസ്സിൽനിന്ന് എഴുന്നേറ്റു പോയി എന്നാണ് ദിയാഉദ്ദീൻ ബർണി അതിനെപ്പറ്റി എഴുതുന്നത്.

അലാഉദ്ദീൻ ഖൽജിയെപ്പറ്റി പഠനം നടത്തിയ ആധുനിക ചരിത്രകാരനാണ് കിശോരി ശരൻ ലാൽ (കെ.എസ് ലാൽ 1920-2002). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗിയാസുദ്ദീൻ ബൽബനെപ്പോലെ അലാഉദ്ദീൻ ഖൽജിയും മികച്ച നീതിന്യായ സമ്പ്രദായം നടപ്പാക്കി. ദൗർഭാഗ്യവശാൽ അവയെല്ലാം രേഖപ്പെടുത്താൻ ഇബ്നു ബത്തൂത്തയെപ്പോലെ ഒരു സഞ്ചാരി അക്കാലത്ത് ഇന്ത്യയിൽ എത്തിയിരുന്നില്ലെന്ന് അദ്ദേഹം എഴുതുന്നുണ്ട്. സമകാലികരായ ചരിത്രകാരന്മാർക്ക്, ഖാദിമാരും സുൽത്താന്മാരും മർദിതർക്ക് നീതി ലഭിക്കും വിധം രൂപകൽപന ചെയ്ത നീതിന്യായ സമ്പ്രദായത്തിൽ സാധാരണയിൽ കവിഞ്ഞ പ്രത്യേകത അനുഭവപ്പെടാതിരുന്നതുകൊണ്ടാവാം, ആ നീതിനിർവഹണങ്ങൾ ചരിത്രത്തിൽ ഇടം പിടിക്കാതിരുന്നത്.

ഏതാണ്ട് ക്രി. 1308-നോടടുത്താണ് അലാഉദ്ദീൻ ഖൽജിയും ഖാദി മുഗീസും തമ്മിലുള്ള ആ സംവാദം നടന്നത്. ഉഗ്രപ്രതാപിയായ അലാഉദ്ദീൻ ഖൽജിയുടെ മുന്നിൽ ഖാദി മുഗീസ് സമ്മർദവും പരിമിതിയും മാത്രമായിരുന്നില്ല അഭിമുഖീകരിച്ചത്. സുൽത്താന്റെ വാൾത്തലപ്പിൽനിന്ന് ഉതിർന്നു വീഴുന്ന സ്വന്തം ശിരസ്സ് തന്നെ അദ്ദേഹം നിനവിൽ കണ്ടിട്ടുണ്ടാവണം. അപ്പോഴും സത്യത്തോടൊപ്പം ഉറച്ചുനിൽക്കാനുള്ള പ്രതിബദ്ധതയും പ്രബുദ്ധതയും മഹാനായ ആ ന്യായാധിപൻ പ്രദർശിപ്പിച്ചു.

നീതിനിർവഹണത്തിൽ മധ്യകാല ഇന്ത്യയിലെ ന്യായാധിപന്മാർ (ഖാദി) പുലർത്തിയ ത്യാഗനിർഭരമായ നിലപാടുകൾ ഇന്നും തുടരുന്നതിന്റെ സൂചനകളാണ് ജസ്റ്റിസ് ലോയ മുതൽ ജസ്റ്റിസ് മുരളീധർ വരെയുള്ളവരുടെ ദുരനുഭവങ്ങൾ. എന്നാൽ നീതിനിർവഹണത്തിന് സുൽത്താന്മാർ സ്വീകരിച്ച നിലപാടുകൾക്കും പ്രോത്സാഹനങ്ങൾക്കും തുടർച്ചകൾ ഇല്ലാതാവുന്നതിന്റെ സൂചനകളും ആ ന്യായാധിപന്മാരുടെ അനുഭവങ്ങളിലുണ്ട്. മധ്യകാല ഇന്ത്യയിലെ സുൽത്താൻ ഭരണത്തിന്റെ വിജയ നിദാനങ്ങളിൽ ഒന്ന് വിട്ടുവീഴ്ചയില്ലാത്ത അവരുടെ നീതിനിർവഹണമായിരുന്നു. ഇന്ത്യയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള ഭൂപ്രദേശങ്ങളെ സംയോജിപ്പിക്കാൻ നടത്തിയ പടയോട്ടങ്ങളെ പോലെത്തന്നെ പ്രധാനമായിരുന്നു അവിടെ നടപ്പാക്കിയ നീതിന്യായ വ്യവസ്ഥകളെന്ന് തിരിച്ചറിയാതെ പോവരുത്. അതിർത്തികൾ സംരക്ഷിക്കുന്നതിന് കാലാവസ്ഥകളെയും ഭിന്നവിരുദ്ധമായ ഭൂപ്രകൃതികളെയും മുറിച്ചുകടന്ന പടയോട്ടങ്ങളേക്കാൾ ഒട്ടും പിന്നിലായിരുന്നില്ല നീതിന്യായ കോടതികളുടെ അകത്തളങ്ങളിൽ അരങ്ങേറിയ നീതിസാര വാദങ്ങൾ. സാമ്രാജ്യത്തിന്റെ അതിരുകൾ പടയോട്ടങ്ങളിലൂടെ വികസിച്ചപ്പോൾ കോടതികൾ ജനഹൃദയങ്ങളിലെ അതിരുകളും വികസിപ്പിച്ചു. നൂറ്റാണ്ടുകൾക്കിപ്പുറം നിന്ന് ആ രണ്ട് പ്രവാഹങ്ങളെയും പഠിക്കുന്നവർക്ക് ഒരിടത്ത്, ഖുത്വ്ബ് മിനാറിന്റെയും താജ്മഹലിന്റെയും ചെങ്കോട്ടയുടെയും സാന്നിധ്യവും മറുഭാഗത്ത് ഹൃദയങ്ങളെ കോൾമയിർ കൊള്ളിച്ച സാഹോദര്യവും

നീതിയും സമത്വവുമെല്ലാം പന്തലിച്ചു നിൽക്കുന്നതും കാണാം. എന്നാൽ രണ്ട് നൂറ്റാണ്ട് കാലത്തെ ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിക്കൽ ഭരണത്തിന്, അതിനെല്ലാം മങ്ങലേൽപിക്കാനും വിഭാഗീയമായ ചേരിതിരിവിലൂടെ അതിന്റെ ശോഭ കെടുത്താനും കഴിഞ്ഞെങ്കിലും പൂർണമായും തമസ്കരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. എന്നാൽ സമ്മർദങ്ങൾക്കും പരിമിതികൾക്കും അടിപ്പെട്ട് നമ്മുടെ കോടതികൾ നീതിയുടെ രാജപാതയിൽനിന്ന് മാറിനടന്നാൽ, നീതിന്യായ ചരിത്രമെല്ലാം വരും തലമുറക്ക് പഴങ്കഥ മാത്രമായിരിക്കും.

മധ്യകാല ഇന്ത്യയിലെ സുൽത്താന്മാരുടെ കോടതിയിൽ നീതിന്യായ നിർവഹണത്തിനുള്ള മാനദണ്ഡമായി സ്വീകരിച്ചിരുന്നത് ഇസ്‌ലാമിക നിയമങ്ങളായിരുന്നു. അതോടൊപ്പം തന്നെ പരമ്പരാഗതമായ ചില കീഴ്‌വഴക്കങ്ങളെയും അവലംബിച്ചു. കൂടാതെ 'തോറെ ചെങ്കീസി'യെ പോലുള്ള ചില സാമ്രാജ്യ ഭരണരേഖകളും അവർ പ്രമാണമാക്കിയതായി കാണാം. എന്നിരുന്നാലും ശരീഅത്തിന്റെ അടിസ്ഥാനത്തിലുള്ള നിയമങ്ങൾക്കായിരുന്നു മുൻഗണന. നീതിപാലനത്തിൽ വിവേചനം അരുതെന്ന തത്ത്വമായിരിക്കാം അതിനുള്ള പ്രേരണകളിലൊന്ന്. തദടിസ്ഥാനത്തിൽ പ്രായോഗികമായി നീതിനിർവഹണം ഉറപ്പു വരുത്താൻ ഓരോ സുൽത്താനും ശ്രമിച്ചു. നീതിനിർവഹണത്തിൽ അവർ നടപ്പാക്കിയ ഓരോ പരിഷ്കരണവും അതിന്റെ സൂചനകളാണ്. ഇൽത്തുമിഷും ജഹാൻഗീറും പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന വിധം മണിനാദം സ്ഥാപിക്കുകയുണ്ടായി. നീതി ലഭിക്കാത്ത ആർക്കും ഏതു സമയത്തും സുൽത്താനോട് സങ്കടം ബോധിപ്പിക്കാൻ അതിലൂടെ അവസരം നൽകി. പരാതിക്കാരെ ഉടനടി തിരിച്ചറിയാൻ അവർ ചായം മുക്കിയ വസ്ത്രം ധരിക്കണമെന്ന കൽപന, ഖാദിയുടെ വിധി



അലാവുദ്ദീൻ ഖൽജി (പെയിന്റിംഗ്)

പ്രകാരം സ്വന്തം പ്രജയുടെ ചാട്ടവാർ പ്രഹരം ഏൽക്കേണ്ടിവന്ന സുൽത്താൻ മുഹമ്മദ് ബിൻ തുഗ്ലക്ക്, എല്ലാ ആഴ്ചകളിലും പരാതിക്കാരുടെ പ്രശ്നം കേട്ട് പരിഹാരം നിർദേശിക്കാൻ സന്നദ്ധരായിരുന്ന സുൽത്താന്മാർ, തനിക്കെതിരെ പരാതിയുള്ളവർ കോടതിയെ സമീപിക്കണമെന്ന് കൽപിച്ച സുൽത്താൻ ഔറംഗസീബ് തുടങ്ങി കളങ്കമേൽക്കാത്ത, നീതിക്ക് കാവൽ നിന്ന എത്രയെത്ര ബഹുവർണ ചിത്രങ്ങളാണ് മധ്യകാല ഇന്ത്യയുടെ സവിശേഷതയായി നിലനിൽക്കുന്നത്.

എന്നാൽ അതെല്ലാം പാടേ നിരാകരിക്കുന്ന വാദമുഖങ്ങളാണ് ഒരു വിഭാഗം ചരിത്രകാരന്മാർക്കുള്ളത്. സുൽത്താന്മാരുടെ കോടതികളിൽ അമുസ്‌ലിംകൾക്ക് യാതൊരു പരിഗണനയും ലഭിച്ചിരുന്നില്ല, മതംമാറ്റമോ ജീവഹാനിയോ അല്ലാതെ അവരുടെ മുന്നിൽ മറ്റു വഴികൾ ഉണ്ടായിരുന്നില്ല തുടങ്ങിയ വാദമുഖങ്ങൾ, ചില ചരിത്രകാരന്മാർ നിരന്തരം ഉന്നയിക്കാറുണ്ട്. ആർ.സി മജുംദാറിന്റെ നേതൃത്വത്തിൽ ഭാരതീയ വിദ്യാഭവൻ പുറത്തിറക്കിയ The Mughul Empire (പേജ് 538, മൂന്നാം പതിപ്പ് 1994) എന്ന ഗ്രന്ഥത്തിലും അത്തരത്തിലുള്ള പരാമർശങ്ങൾ കാണാം. ആ വാദത്തെ സാധൂകരിക്കുന്ന ചരിത്ര വസ്തുതകൾ അവർ നിരത്തുന്നുമില്ല. അതിനാൽ ഇതുവരെ പരാമർശിച്ച പ്രമാണങ്ങളും വസ്തുതകളും ചരിത്ര സംഭവങ്ങളുമെല്ലാം അത്തരത്തിലുള്ള വാദങ്ങളെ തള്ളിക്കളയുന്നതായി ആർക്കും ബോധ്യപ്പെടും. മാത്രവുമല്ല, മുകളിൽ പരാമർശിച്ച നാല് വിഭാഗം കോടതികളിൽ ഒന്ന് 'അദാലത്തെ ആം' (Court of Common Law) എന്നതാണ്. ജാതിമതഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളെയും ബാധിക്കുന്ന മുഴുവൻ പരാതികൾക്കും അവിടെയായിരുന്നു തീർപ്പ് കൽപിച്ചിരുന്നത്. എല്ലാ വിഭാഗം സിവിൽ - ക്രിമിനൽ പരാതികളും അവിടെ എത്തും. ഏതെങ്കിലും ഒരു വിഭാഗത്തിന്റെയോ ജാതി - മത - വർഗത്തിന്റെയോ പരാതി 'അദാലത്തെ ആം' അവഗണിച്ചതായി ആ കാലത്തെ ഒരു ചരിത്രകാരനും രേഖപ്പെടുത്തിയിട്ടില്ല.

എന്നാൽ അതിൽനിന്ന് ഭിന്നമായിരുന്നു 'അദാലത്തെ ശരീഅ' (Court of Canon Law). അവിടെ മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന മതപരമായ നിയ



ആർ.സി മജുംദാർ


**മധ്യകാല ഇന്ത്യയിലെ സുൽത്താൻ ഭരണത്തിന്റെ വിജയ നിദാനങ്ങളിൽ ഒന്ന് വിട്ടുവീഴ്ചയില്ലാത്ത അവരുടെ നീതിനിർവഹണമായിരുന്നു. ഇന്ത്യയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള ഭൂപ്രദേശങ്ങളെ സംയോജിപ്പിക്കാൻ നടത്തിയ പടയോട്ടങ്ങളെ പോലെത്തന്നെ പ്രധാനമായിരുന്നു അവിടെ നടപ്പാക്കിയ നീതിന്യായ വ്യവസ്ഥകളെന്ന് തിരിച്ചറിയാതെ പോവരുത്.**

**മധ്യകാല ഇന്ത്യയിലെ സുൽത്താന്മാരുടെ കോടതിയിൽ നീതിന്യായ നിർവഹണത്തിനുള്ള മാനദണ്ഡമായി സ്വീകരിച്ചിരുന്നത് ഇസ്‌ലാമിക നിയമങ്ങളായിരുന്നു. അതോടൊപ്പം തന്നെ പരമ്പരാഗതമായ ചില കീഴ്‌വഴക്കങ്ങളെയും അവലംബിച്ചു. കൂടാതെ 'തോറെ ചെങ്കീസി'യെ പോലുള്ള ചില സാമ്രാജ്യ ഭരണരേഖകളും അവർ പ്രമാണമാക്കിയതായി കാണാം.**



ദിയാഉദ്ദീൻ ബർണിയുടെ ഖബ്ർ

മങ്ങളും അവയുടെ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികൾക്കായിരുന്നു വിധി പറഞ്ഞിരുന്നത്. അത്തരത്തിലുള്ള മതപരമായ ഒരു കോടതി മുസ്‌ലിംകൾക്ക് അനുവദിക്കുകയും, ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുമത വിശ്വാസികൾക്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് മതപരമായ വിവേചനവും അവഗണനയുമായി തോന്നാം. എന്നാൽ എന്തുകൊണ്ടാണ് അങ്ങനെയൊരു വേർതിരിവ് എന്ന് നാം ചിന്തിക്കാറില്ലെന്നതാണ് പരമാർഥം. ഈ പ്രബന്ധത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ, ആ കാലത്ത് ഹിന്ദു മതാനുയായികൾക്കിടയിൽ നിലനിന്നിരുന്നത് ജാതി മേധാവിത്വത്തിൽ അധിഷ്ഠിതമായ ശിക്ഷാ സമ്പ്രദായവും അതിനനുസരിച്ച നീതിന്യായവുമായിരുന്നു. അതിനാൽ ഹിന്ദുമതാനുയായികൾക്ക് മതപരമായ കോടതി സ്ഥാപിച്ചാൽ, ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള രക്ഷാശിക്ഷകളായിരിക്കും നടപ്പാക്കേണ്ടിവരിക. അതിന് സുൽത്താന്മാർക്കും അവരുടെ ന്യായാധിപന്മാർക്കും കഴിയുമായിരുന്നില്ല. കാരണം ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ രക്ഷാശിക്ഷകൾ സുൽത്താന്മാരുടെ നിയമത്തിലെ നീതി,




സമത്വം, സാഹോദര്യം എന്നിവയുമായി പൊരുത്തപ്പെടാത്തവയാണ്. അതിലൂടെ സാമൂഹിക സമത്വം ഉറപ്പു വരുത്താൻ കഴിയില്ല. സാമൂഹിക സമത്വവും നീതിയും ഉറപ്പു വരുത്താത്ത കോടതികൾ സ്ഥാപിച്ചാൽ വിവേചനത്തിന് കൂട്ടുനിന്നവർ എന്ന അപരാധത്തിന് സുൽത്താന്മാർ വിധേയരാകുമായിരുന്നു. ഒരു വിഭാഗം ഹിന്ദുമതാനുയായികളുടെ മതപരമായ ആചാരാനുഷ്ഠാനങ്ങളെ പരിഗണിക്കാൻ മറ്റൊരു വിഭാഗം ഹിന്ദുമതാനുയായികളോട് അനീതി കാണിക്കണം എന്ന അവസ്ഥയായിരുന്നു ആ കാലത്ത് ഉണ്ടായിരുന്നത്. അതിന് സുൽത്താന്മാർ സന്നദ്ധരായിരുന്നില്ല. അതുകൊണ്ടാവണം 'അദാലത്തെ ശരീഅ'യുടെ മാതൃകയിൽ ഹിന്ദു മതാനുയായികൾക്കുള്ള മതപരമായ കോടതികൾ സ്ഥാപിക്കാതിരുന്നത് എന്നു വേണം കരുതാൻ. സുൽത്താന്മാരുടെ കോടതികളെ ചില ചരിത്രകാരന്മാർ മതപരമായ അവഗണനയായും ഹിന്ദുമതത്തോടുള്ള വിവേചനമായും വിലയിരുത്താൻ ഇടയായത് അതുകൊണ്ടാവണം. എന്നാൽ അപ്പോഴും ഹിന്ദുമതാനുയായികളുടെ പരാതികൾക്ക് യാതൊരു വിവേചനവും കൂടാതെ 'അദാലത്തെ ആമ്മി'ൽനിന്ന് വിധി പറഞ്ഞുകൊണ്ടിരുന്നു എന്നത് അവർ കാണാതെ പോയി. മാത്രവുമല്ല, സുൽത്താന്മാരുടെ ഭരണം നിലനിന്നിരുന്ന പ്രദേശങ്ങളിലെ ഏതെങ്കിലും കോടതികളിൽനിന്ന് നിയമപരമായ പരിരക്ഷ ലഭിക്കുന്നില്ലെന്ന് പരാതിയുള്ളവർക്ക് സുൽത്താനെ നേരിൽ സമീപിക്കാനും അവസരം ലഭിച്ചിരുന്നു. അത്തരം പരാതികൾക്ക് അവർ തീർപ്പ് കൽപിച്ചു നൽകിയതായും നാം കണ്ടു. എന്നാൽ അവയിൽ 'അദാലത്തെ ശരീഅ'യിൽ നിന്നുള്ളവ അപൂർവമായിരുന്നു. കാരണം മറ്റു പരാതികളിൽനിന്ന് ഭിന്നമായി, മതപരമായ പ്രശ്നങ്ങളിൽ തീർപ്പു കൽപിക്കുന്നതിൽ സുൽത്താന് പങ്കുണ്ടായിരുന്നില്ല. അവ മുഫ്തിയുടെയും ഖാദിയുടെയും പരിധിയിലാണ് ഉണ്ടായിരുന്നത്. അപൂർവമായി അത്തരം കേസുകൾ സുൽത്താന്റെ മുന്നിൽ വന്നാൽ മുഫ്തിയുടെയും ഖാദിയുടെയും അഭിപ്രായം പരിഗണിച്ചു മാത്രമേ സുൽത്താൻ തീരുമാനങ്ങൾ എടുത്തിരുന്നുള്ളൂ. അവിടെ സുൽത്താന്റെ അനുഭാവമോ ദയാവായ്പോ ലഭിച്ചിരുന്നില്ല. ●

(അവസാനിച്ചു)

✎ ടി.കെ ഉബൈദ്



# സൂറ – 35 / ഫാത്വിർ

## സൂക്തം: 01

ദീനുൽ ഇസ്‌ലാമിന്റെ അസ്തിവാരമായ തൗഹീദിന്റെ സത്താണ് കേവലമായ സ്തുതിയും നന്ദിയും കൂറും അവകാശപ്പെട്ട അസ്തിത്വം അല്ലാഹു മാത്രമാകുന്നു എന്നത്. അവനല്ലാത്ത ഏവരോടുമുള്ള സ്തുതിയും കൂറും നന്ദിയും അവനോടുള്ള സ്തുതിക്കും കൂറിനും നന്ദിക്കും വിധേയമായിരിക്കണം. അറിഞ്ഞോ, അറിയാതെയോ ഈ യാഥാർഥ്യത്തിൽനിന്നു വ്യതിചലിക്കുന്നവർ അല്ലാഹുവല്ലാത്തവരുടെ അടിമകളും ആരാധകരുമായി മാറുന്നു.

## ആമുഖം

ഫാത്വിർ എന്നാണ് സൂറയുടെ പ്രചുരമായ പേര്. മുസ്ഹഫുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതും ഈ പേരാണ്. പ്രഥമ സൂക്തത്തിൽ തന്നെയുള്ള പദമാണ് ഫാത്വിർ. സ്രഷ്ടാവ് എന്ന നിലക്കുള്ള അല്ലാഹുവിന്റെ കഴിവും മഹത്വവും വർണിക്കുന്നതിനാലും സൂറക്ക് ഈ നാമകരണം സംഗതമാകുന്നു. 'അൽമലാഇക' യാണ് മറ്റൊരു നാമം. ഈ വാക്കും പ്രഥമ സൂക്തത്തിൽ തന്നെയുള്ളതാകുന്നു. മലക്കുകളുടെ സൃഷ്ടിയെക്കുറിച്ചു പറയുന്നതാണ് ഈ പേരിന്റെ സാംഗത്യം.

മുസ്ഹഫിൽ 35-ാമതായി ചേർത്തിട്ടുള്ള ഫാത്വിർ അവതരണ ക്രമമനുസരിച്ച് 43-ാമത്തേതാകുന്നു. സൂറയുടെ അവതരണം മക്കയിലാണെന്ന കാര്യത്തിൽ തർക്കമില്ല. ഇതിലെ 29, 32 സൂക്തങ്ങൾ മക്കയിൽ അവതരിച്ചതല്ലെന്ന ഒരു നിവേദനം അല്ലാമാ ആലൂസി ഉദ്ധരിക്കുന്നുണ്ട്. മറ്റു പണ്ഡിതന്മാരാരും അതിനെ പിന്തുണച്ചതായി കാണുന്നില്ല. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ മധ്യ ഘട്ടത്തിലാണ് ഫാത്വിർ അവതരിച്ചതെന്ന് ഉള്ളടക്കത്തിൽ നിന്നും അനുമാനിക്കാവുന്നതാണ്.

മുൻ സൂറ അവതരിപ്പിച്ച പ്രമേയങ്ങൾ തന്നെ വ്യത്യസ്തമായ ശൈലിയിൽ ചർച്ച ചെയ്യുകയാണ് ഈ സൂറ. അതിനാൽ സൂറ *സബഇ*ന്റെ ഇണയെന്നോ തുണയെന്നോ ഈ സൂറയെ വിശേഷിപ്പിക്കാം.

സ്തുതീയനായ അല്ലാഹു പ്രപഞ്ചത്തിന്റെ സ്രഷ്ടാവാണ്. പ്രപഞ്ചത്തിൽ തന്റെ ഉത്തരവുകൾ നടപ്പിലാക്കാൻ അവൻ പലതരം മലക്കുകളെ സൃഷ്ടിച്ചു നിയോഗിച്ചിരിക്കുന്നു. അല്ലാഹു മനുഷ്യർക്കരുളിയ ഒരു അനുഗ്രഹം തടയാൻ ആർക്കുമാവില്ല. അവൻ നിർത്തിവെച്ച ഏതെങ്കിലും അനുഗ്രഹം തുറന്നുവിടാൻ കഴിയുന്നവരും ആരുമില്ല. സർവജ്ഞനും അജയ്യനുമാണവൻ. ഈ ആമുഖത്തിനു ശേഷം മുഴുവൻ മനുഷ്യകുലത്തെയും അഭിസംബോധന ചെയ്തുകൊണ്ട് ഉൽബോധിപ്പിക്കുകയാണ്: അല്ലാഹു മനുഷ്യർക്കരുളിയ അനുഗ്രഹങ്ങൾ ഒന്നോർത്തുനോക്കുവിൻ.

അല്ലാഹുവല്ലാത്ത മറ്റേതെങ്കിലും ശക്തിക്ക് വാനലോകത്തും ഭൂലോകത്തും നിറഞ്ഞു കൂടികിടക്കുന്ന വിഭവങ്ങൾ നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചു വെക്കാൻ കഴിയുമോ? ഇല്ലെന്നുതന്നെയാണ് മനസാക്ഷി നിങ്ങളോടു പറയുക. എന്നിട്ടും നിങ്ങൾ ആ അല്ലാഹുവിനെ വെടിഞ്ഞ് തിരിഞ്ഞു പോകുന്നതെങ്ങോട്ടാണെന്നും ചിന്തിക്കുവീൻ. അവിവേകികൾ പ്രവാചകനെ തള്ളിപ്പറയുന്നതിൽ അത്ഭുതമില്ല. പൂർവചരിത്രത്തിൽ ധാരാളം സംഭവിച്ചിട്ടുള്ള സംഗതിയാണത്. പ്രവാചക സന്ദേശം തള്ളിക്കളയുന്നവർ ഭൗതിക ജീവിതത്തിന്റെ പകിട്ടിൽ വഞ്ചിതരായിരിക്കുകയാണ്. ചെകുത്താനാണ് അവരെ വഞ്ചിക്കുന്നത്. ചെകുത്താനാകട്ടെ മനുഷ്യന്റെ ബദ്ധ വൈരിയുമാണ്. ചെകുത്താനെ പിന്തുടരുന്നവർ അതിനു കനത്ത വില നൽകേണ്ടതായിത്തന്നെവരും. ആ വില നൽകേണ്ട സമയം, ഉയിർത്തെഴുന്നേൽപ്പ് അസാധ്യമാണെന്ന് ആളുകൾ കരുതുന്നു. എന്നാൽ മൃതമായിക്കിടന്ന മണ്ണ് ഒരു മഴ പെയ്താൽ സജീവവും സസ്യശ്യാമളവുമാകുന്ന ദൃശ്യം ഒന്നുമതി, ഉയിർത്തെഴുന്നേൽപിന്റെ സാധ്യത ബോധ്യമാകാൻ.

സദ്വചനത്തിന് മാത്രമേ മേൽഗതിയുള്ളൂ. സദ്വചനത്തെ മേലോട്ടുയർത്തുന്നതാവട്ടെ, സദ് കർമങ്ങളാണ്. ഉയിർത്തെഴുന്നേൽപുനാളിൽ ഈ ലോകത്ത് അനുവർത്തിച്ചിരുന്ന കുതന്ത്രങ്ങളൊക്കെയും നിഷ്ഫലമാകുന്നു. മനുഷ്യന്റെ സമ്പത്തും സന്തതികളും മറ്റ് സൗഭാഗ്യങ്ങളുമെല്ലാം അല്ലാഹുവിന്റെ ദാനമാണ്. അതിലൊന്നും മറ്റാർക്കും ഒരു പങ്കുമില്ല. പ്രപഞ്ചത്തിൽ കാണപ്പെടുന്ന രഞ്ജിപ്പുകളും വൈരുധ്യങ്ങളും ദൈവത്തിന്റെ ഏകത്വത്തിന്റെയും സർവശക്തിയുടെയും സാക്ഷ്യങ്ങളാണ്. സൃഷ്ടികൾ ഈ യാഥാർഥ്യം മാനിക്കുന്നില്ലെങ്കിൽ അതിന്റെ ദോഷം ദൈവത്തിനോ അവന്റെ സന്ദേശം പ്രബോധനം ചെയ്യുന്ന പ്രവാചകനോ അല്ല. അല്ലാഹുവിന് ആരുടെയും ആശ്രയമാവശ്യമില്ല. തന്നിൽ തന്നെ എല്ലാം തികഞ്ഞവനാണവൻ. ദൈവിക സന്ദേശം നിങ്ങളിലേക്കെത്തിക്കുക മാത്രമാണ് പ്രവാചകന്റെ ദൗത്യം. സന്ദേശം എത്തിച്ചു തന്നതോടെ അദ്ദേഹം ഉത്തരവാദിത്വം വിജയകരമായി നിർവഹിച്ചു കഴിഞ്ഞു. ആ സന്ദേശം ശ്രദ്ധിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യാതിരിക്കുന്നതിലൂടെ വമ്പിച്ച പരാജയം ഏറ്റുവാങ്ങേണ്ടി വരുന്നത് മനുഷ്യരാണ്.

ഓരോ മനുഷ്യന്റെയും അന്തരാളത്തിൽ സദ്വിചാരവും ദുർവിചാരവും കുടികൊള്ളുന്നുണ്ട്. സദ്വിചാരം മികച്ചു നിൽക്കുന്നവർക്ക് ദൈവിക സന്ദേശം എളുപ്പത്തിൽ വിശ്വസിക്കാൻ കഴിയും. സദ്വിചാരത്തെ അടിച്ചമർത്തി ദുർവിചാരങ്ങൾക്ക് ആധിപത്യം നൽകിയവർ അത്രയെളുപ്പത്തിൽ സത്യം സ്വീകരിക്കുകയില്ല. സന്ദേശം സത്യമായതുകൊണ്ട് അതുകേൾക്കുന്നവരെല്ലാം സ്വീകരിച്ചുകൊള്ളുമെന്ന് പ്രബോധകർ കരുതേണ്ട. പ്രപഞ്ചത്തിൽ ധാരാളം വൈവിധ്യങ്ങളും വൈരുധ്യങ്ങളും കാണാം. ഇരുട്ടും വെളിച്ചവും രാവും പകലും ചൂടും തണുപ്പും അങ്ങനെ.... ഈ വൈരുധ്യങ്ങളുടെ സൃഷ്ടി വ്യക്തമായ ചില തത്വങ്ങളിലും താൽപര്യങ്ങളിലും അധിഷ്ഠിതമാണ്. അതുപോലെ സത്യവിശ്വാസത്തിന്റെയും സത്യനിഷേധത്തിന്റെയും ഏറ്റുമുട്ടലും ദൈവികമായ യുക്തിയിലധിഷ്ഠിതമായ പ്രപഞ്ച സംവിധാനത്തിന്റെ ഭാഗം തന്നെ.

പൂർവവേദങ്ങൾ പാരായണം ചെയ്യുകയും അവ അനുശാസിക്കുന്ന തത്വങ്ങളിൽ വിശ്വസിക്കുകയും ധർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർ ഒരിക്കലും നഷ്ടം വരാത്ത ജീവിത വ്യവഹാരത്തിലേർപ്പെട്ടവരാണ്. പൂർവ വേദങ്ങളുടെ പൂരകവും അതിലെ പ്രവചനങ്ങളുടെ സാക്ഷാത്കാരവുമായിട്ടാണ് അല്ലാഹു മുഹമ്മദ് നബിക്ക് ഈ ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത്. പൂർവവേദങ്ങൾ വഹിക്കുന്നവർക്കു കൂടിയുള്ള ദൈവാനുഗ്രഹമാണീ വേദം. പക്ഷെ അവർ അതിനെ തള്ളിക്കളയുന്നു. യഥാർഥത്തിൽ അവർ അവരോടു തന്നെ ചെയ്യുന്ന അക്രമമാണത്. എങ്കിലും അക്കൂട്ടത്തിൽ ഈ വേദത്തോടു ശരിയായ സമീപനം സ്വീകരിക്കുന്നവരുമുണ്ട്. ചിലരാവട്ടെ അതു സ്വീകരിക്കാൻ അഹമഹമികയാ മുന്നോട്ടു വരുന്നു. ഓരോ വിഭാഗത്തിനും പരലോകത്ത് അവരർഹിക്കുന്ന കർമഫലം ലഭിക്കും. മനുഷ്യന് ഭൂമിയിൽ പ്രാതിനിധ്യം നൽകിയത് അല്ലാഹുവാണ്. ആ പ്രാതിനിധ്യം എങ്ങനെയാണ് നിർവഹിക്കേണ്ടതെന്നു പഠിപ്പിക്കാനാണ് അവൻ പ്രവാചകന്മാരെ നിയോഗിച്ചതും വേദങ്ങളവതരിപ്പിച്ചതും. അവരെ നിഷേധിക്കുന്നവർ യഥാർഥത്തിൽ നിഷേധിക്കുന്നത് സ്വജീവിതത്തിന്റെ യാഥാർഥ്യത്തെയും ഉത്തമ താൽപര്യങ്ങളെയുമാകുന്നു. അതുമൂലം സംഭവിക്കുന്ന ദൈവ കോപത്തിൽനിന്നും മഹാനഷ്ടത്തിൽനിന്നും സംരക്ഷിക്കാൻ അവരുടെ മിഥ്യാ ദൈവങ്ങൾക്കൊന്നും കഴിയില്ല. മണ്ണിലോ വിണ്ണിലോ യാതൊന്നിന്റെയും സ്രഷ്ടാക്കളല്ലാത്ത, കേവലം സൃഷ്ടികളാണല്ലോ ആ മൂർത്തികളൊക്കെയും. അത്തരം വ്യാജദൈവങ്ങളെ ആരാധിക്കാൻ കൽപിക്കുന്ന ഒരു വേദവും അല്ലാഹു അവതരിപ്പിച്ചിട്ടുമില്ല. വെറും വ്യാമോഹങ്ങൾ സംക്രമിപ്പിക്കുക മാത്രമാണവർ ചെയ്യുന്നത്.

സൂറയുടെ സമാപനത്തിൽ, ഖുർആനിന്റെ പ്രഥമ സംബോധിതരായ ഖുറൈശികൾ പ്രവാചകാഗമനത്തിനു മുമ്പ് ആവർത്തിച്ചു പറയാറുണ്ടായിരുന്ന ഒരു പ്രതിജ്ഞ അവരെ ഓർമിപ്പിക്കുന്നുണ്ട്: 'അല്ലാഹു സാക്ഷി, നമ്മളിൽ ഒരു സന്മാർഗ ദർശകൻ ആഗതനാവുകയാണെങ്കിൽ ലോകത്ത് മറ്റേതു ജനതയെക്കാളും സന്മാർഗികളായ ജനത നമ്മളായിരിക്കും' എന്നായിരുന്നു ആ പ്രതിജ്ഞ. സന്മാർഗ സന്ദേശവുമായി പ്രവാചകൻ ആഗതനായപ്പോഴോ, അവരദ്ദേഹത്തെ തള്ളിപ്പറയുകയാണ് ചെയ്തത്. അവരദ്ദേഹത്തിന്റെ ബദ്ധവൈരികളുമായി. അദ്ദേഹത്തെ കൊന്നുകളയാൻ ഗൂഢാലോചന നടത്തുന്നു. അതിനു സാധിക്കുന്നില്ലെങ്കിൽ നാട്ടിൽനിന്ന് ആട്ടിയോടിക്കാനാണുദ്ദേശിക്കുന്നത്. ഇതൊക്കെയും പൂർവ പ്രവാചകന്മാരും നേരിട്ടിട്ടുള്ള പ്രതിസന്ധികളാണ്. പക്ഷെ, അല്ലാഹു എന്തിച്ഛിക്കുന്നുവോ അതാണ് നടപ്പിലാവുക. മുൻ പ്രവാചകന്മാരെ നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയവർ ഇവരെക്കാൾ ശക്തരും പരാക്രമികളുമായിരുന്നു. എന്നിട്ടും അവർ സ്വയം നശിക്കുകയാണുണ്ടായത്. ഈ ജനം അവരുടെ സത്യവിരോധത്തിൽ മാറ്റം വരുത്തുന്നില്ലെങ്കിൽ അവരെയും കാത്തിരിക്കുന്നത് മഹാവിനാശം തന്നെയാണ്. ഓർത്തിരിക്കുക, അല്ലാഹു ഏതെങ്കിലും ജനതയെ ഉടനെ നശിപ്പിക്കാൻ തീരുമാനിച്ചാലും അതു തടയാൻ ആർക്കും കഴിയില്ല. പക്ഷെ, അവൻ എല്ലാ നടപടികൾക്കും അതിന്റേതായ സമയം നിർണയിച്ചിട്ടുണ്ട്. സമയമായാൽ സംഭവിക്കേണ്ടതു സംഭവിക്കുക തന്നെ ചെയ്യും. ●

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

ٱلْحَمْدُ لِلَّهِ فَاطِرِ ٱلسَّمَٰوَٰتِ وَٱلْأَرْضِ جَاعِلِ ٱلْمَلَٰٓئِكَةِ رُسُلًا أُو۟لِىٓ أَجْنِحَةٍ مَّثْنَىٰ وَثُلَٰثَ وَرُبَٰعَ ۚ يَزِيدُ فِى ٱلْخَلْقِ مَا يَشَآءُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١﴾

1. സർവ സ്തുതിയും അല്ലാഹുവിന്നാകുന്നു, അഖിലാണ്ഡ സ്രഷ്ടാവിന്, ഈരണ്ടും മുമ്മൂന്നും നന്നാലും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിശ്ചയിച്ചവന്ന്. അവൻ സൃഷ്ടി ഘടനയിൽ താനുദ്ദേശിക്കുന്നത് കൂട്ടിച്ചേർക്കുന്നു. അല്ലാഹു എന്തിനും കഴിവുള്ളവനല്ലോ.

**01**

الْحَمْدُ لِلَّهِ = സർവസ്തുതിയും അല്ലാഹുവിനാകുന്നു

فَاطِرِ السَّمَاوَاتِ وَالْأَرْضِ= ആകാശ ഭൂമികളുടെ (അഖിലാണ്ഡ) സ്രഷ്ടാവിന്ന്

جَاعِلِ الْمَلَائِكَةِ رُسُلًا = മലക്കുകളെ ദൂതന്മാർ ആക്കിയവന്ന് (ദൂതന്മാരായി നിശ്ചയിച്ചവന്ന്)

أُولِي أَجْنِحَةٍ= ചിറകുകളുള്ള مَّثْنَىٰ وَثُلَاثَ وَرُبَاعَ = ഈ രണ്ടും മുമ്മൂന്നും നന്നാലും

يَزِيدُ = (കൂട്ടിച്ചേർക്കുന്നു) അവൻ വർധിപ്പിക്കുന്നു فِي الْخَلْقِ = സൃഷ്ടി(ഘടന)യിൽ مَا يَشَاءُ = താനുദ്ദേശിക്കുന്നത്

إِنَّ اللَّهَ = തീർച്ചയായും അല്ലാഹു عَلَىٰ كُلِّ شَيْءٍ قَدِيرٌ = ഓരോ വസ്തുവിനും (എന്തിനും) കഴിവുള്ളവൻ (അല്ലോ)

അൽഹംദുലില്ലാഹി എന്നു തുടങ്ങുന്ന അഞ്ചാമത്തെ സൂറയാണിത്. *അൽഫാതിഹ, അൽഅൻആം, അൽകഹ്ഫ്, സബഅ്* എന്നിവയാണ് മറ്റു സൂറകൾ. അൽഹംദുലില്ലാഹിയുടെ അർഥവും താൽപര്യങ്ങളും *അൽഫാതിഹ*യുടെ തുടക്കത്തിൽ *ഖുർആൻ ബോധനം* വിശദീകരിച്ചിരിക്കുന്നു. സൂറകളുടെ തുടക്കത്തിലല്ലാതെയും പലയിടത്തും ഖുർആൻ അൽഹംദുലില്ലാഹി ആവർത്തിക്കുന്നുണ്ട്. വിശിഷ്ടമായ ഭജന(ذكر)കളിൽ ഒന്നാണ് അൽഹംദുലില്ലാഹ്. ഈ വാക്കിനും അതിന്റെ ആശയത്തിനും ദീനിലുള്ള പ്രാധാന്യം അതിൽനിന്നു മനസ്സിലാക്കാം. കഴിഞ്ഞ സൂറ (سبأ) യുടെയും തുടക്കം. ഇതേ വാക്കുകൊണ്ടാകുന്നു എന്നത് ഈ രണ്ടു സൂറകൾ തമ്മിലുള്ള ആശയപരമായ ബന്ധത്തെ സൂചിപ്പിക്കുന്നു.

ദീനുൽ ഇസ്‌ലാമിന്റെ അസ്തിവാരമായ തൗഹീദിന്റെ സത്താണ് കേവലമായ സ്തുതിയും നന്ദിയും കൂറും അവകാശപ്പെട്ട അസ്തിത്വം അല്ലാഹു മാത്രമാകുന്നു എന്നത്. അവനല്ലാത്ത ഏവരോടുമുള്ള സ്തുതിയും കൂറും നന്ദിയും അവനോടുള്ള സ്തുതിക്കും കൂറിനും നന്ദിക്കും വിധേയമായിരിക്കണം. അറിഞ്ഞോ, അറിയാതെയോ ഈ യാഥാർഥ്യത്തിൽനിന്നു വ്യതിചലിക്കുന്നവർ അല്ലാഹുവല്ലാത്തവരുടെ അടിമകളും ആരാധകരുമായി മാറുന്നു. സൂക്തത്തിലെ തുടർന്നുള്ള വാക്യങ്ങൾ സർവ സ്തുതിക്കും അല്ലാഹു മാത്രം അവകാശിയാകുന്നതിന്റെ ന്യായം വിശദീകരിക്കുകയാണ്. അഖിലാണ്ഡ സ്രഷ്ടാവ് അവനാകുന്നു എന്നതാണത്. فَاطِرِ السَّمَاوَاتِ وَالْأَرْضِ എന്നാണ് മൂലവാക്ക്. فَاطِر-ഉം അതിന്റെ മറ്റു രൂപങ്ങളും ഇതിനു മുമ്പ് പലവട്ടം വന്നിട്ടുള്ളതും *ഖുർആൻബോധനം* വിശദീകരിച്ചിട്ടുള്ളതുമാണ്. പിളർന്ന്, ഭഞ്ജിച്ചു എന്ന് അർഥമുള്ള فطر-യുടെ കർതൃ വചനമാണ് ഫാത്വിർ. അനന്ത ശൂന്യതയാണല്ലോ സൃഷ്ടിക്കു മുമ്പുള്ള അവസ്ഥ. സൃഷ്ടികൊണ്ട് ആ ശൂന്യതയെ ഭഞ്ജിച്ചവൻ എന്ന ആശയത്തെ ആസ്പദിച്ചാണ് സ്രഷ്ടാവായ അല്ലാഹുവിനെ فَاطِر എന്നു വിളിക്കുന്നത്. പൂർവ മാതൃകയോ അസംസ്കൃത വസ്തുക്കളോ ആയുധങ്ങളോ ഇല്ലാതെ ആവിഷ്കരിച്ചവൻ (بديع) എന്ന ആശയവും അതുൾക്കൊള്ളുന്നുണ്ട്. الفطر പൊട്ടിപ്പിളരലാണ്. അത് പെട്ടെന്നു സംഭവിക്കുന്നതാണല്ലോ. അതിനാൽ അതിവേഗം - كن എന്ന ഒറ്റ ഉത്തരവിനാൽ- സൃഷ്ടിച്ചവൻ എന്ന ധ്വനിയും فاطر-ൽ ഉള്ളതായി ഭാഷാഭിജ്ഞർ നിരീക്ഷിച്ചിരിക്കുന്നു.

ഭൗതിക പ്രപഞ്ചം മാത്രമല്ല അഭൗതിക പ്രപഞ്ചവും അവന്റെ മാത്രം സൃഷ്ടിയാണ്. നിർമിക്കുന്നവൻ - مكوّن - എന്നും ഒരവസ്ഥയിലോ, രൂപത്തിലോ ആക്കുന്നവൻ എന്നും അർഥമുള്ള പദമാണ് جاعل . മലക്കുകളെ സൃഷ്ടിച്ചതും അവരെ ദൂതന്മാരായി നിയോഗിച്ചതും അല്ലാഹു തന്നെയാണെന്ന് സാരം. മലക്കുകളെ മാത്രമല്ല, അല്ലാഹുവല്ലാത്ത സകലതും സൃഷ്ടിച്ചത് അവൻ തന്നെയാണ്. എന്നിരിക്കെ മലക്കുകളെ മാത്രം പരാമർശിച്ചതിനു രണ്ടുമാനമുണ്ട്. ഒന്ന്, അഭൗതിക ലോകത്തെ നിവാസികളും അതിശ്രേഷ്ഠരുമാണവർ. മലക്കുകളെക്കുറിച്ചുള്ള ജാഹിലിയ്യാ സങ്കൽപത്തിന്റെ നിഷേധമാണ് രണ്ടാമത്തെ മാനം. മലക്കുകൾ അല്ലാഹുവിന്റെ സൃഷ്ടികളോ ദാസന്മാരോ അല്ല, പ്രത്യുത അവന്റെ പ്രിയപ്പെട്ട പുത്രിമാരാണെന്നാണ് ജാഹിലിയ്യാ സങ്കൽപം. ഈ ദൈവപുത്രിമാരെ പൂജിച്ചു പ്രസാദിപ്പിച്ചാൽ സൃഷ്ടികളുടെ ആഗ്രഹസാഫല്യവും ആപത് രക്ഷയും ക്ഷേമവുമെല്ലാം അവർ നോക്കിക്കൊള്ളും. അവരുടെയെല്ലാം പിതാവായി സാക്ഷാൽ ദൈവം, പരമേശ്വരൻ ഉണ്ടെങ്കിലും അവൻ ഭൗതിക പ്രപഞ്ചത്തിന്റെ കാര്യങ്ങളിലൊന്നും ഇടപെടുന്നില്ല.

അഥവാ ഇടപെടുന്നുണ്ടെങ്കില്‍ തന്നെ ആ ഇടപെടല്‍ മനുഷ്യരുടെ ഉത്തമ താല്‍പര്യങ്ങള്‍ക്കും സൗഭാഗ്യങ്ങള്‍ക്കും അനുകൂലമാക്കാന്‍ ഈ ദേവതകളുടെ മാധ്യസ്ഥം വേണം. ഈ സങ്കല്‍പത്തെ ആധാരമാക്കി അവര്‍ പ്രതിഷ്ഠകളെ മലക്കുകളുടെ പേരില്‍ വിളിച്ചിരുന്നു. യഥാര്‍ഥത്തില്‍ ഭൗതിക പ്രപഞ്ചത്തെ തന്റെ അഭീഷ്ട പ്രകാരം കൈകാര്യം ചെയ്യാന്‍ അല്ലാഹു സൃഷ്ടിച്ചയച്ച ദൂതന്മാരാണ് മലക്കുകള്‍. അവര്‍ക്ക് അല്ലാഹുവിന്റെ ഉലൂഹിയ്യ-ദിവ്യത്വ-ത്തില്‍ ഒരു പങ്കുമില്ല. അല്ലാഹു കല്‍പിക്കുന്നതു പ്രവര്‍ത്തിക്കുന്നവര്‍ മാത്രമാണവര്‍. സ്വതന്ത്രമായ ഇഛയോ പ്രവര്‍ത്തനാധികാരമോ അവര്‍ക്കില്ല. ദൈവഹിതമനുസരിച്ച് പ്രപഞ്ചത്തെ പ്രവര്‍ത്തിപ്പിക്കുകയും മനുഷ്യരായ ദൈവദൂതന്മാര്‍ക്ക് ദൈവത്തിങ്കല്‍ നിന്നുള്ള സന്ദേശങ്ങളെത്തിച്ചു കൊടുക്കുകയും ചെയ്യുന്ന ദൂതന്മാര്‍ മാത്രമാണ് മലക്കുകള്‍. സൃഷ്ടികള്‍ സ്തുതിക്കേണ്ടതും ആരാധിക്കേണ്ടതും അവരെയല്ല, അവരുടെയും സ്രഷ്ടാവായ അല്ലാഹുവിനെയാണ്.


## മലയാളി ഇസ്‌ലാമിനെ വായിച്ച ഏഴ് പതിറ്റാണ്ട്

## പ്രബോധനം

ഐ.എസ്.ടി ബില്‍ഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട് – 12
Ph: 0495 2730073, 2730744

### വരിസംഖ്യ

| | |
|---|---|
| 2 വര്‍ഷം | 1200 |
| 1 വര്‍ഷം | 600 |
| 6 മാസം | 300 |

**Beneficiary:**
**Prabodhanam Weekly**
**Federal Bank - Nadakavu Branch**
**Current A/C No.**
**13000200015019**
**IFSC Code: FDRL0001300**

**ബാങ്കില്‍ പണമടക്കുന്നവര്‍ ഏജന്‍സിയാണെങ്കില്‍ ഏജന്‍സി നമ്പറും പേരും, ഹല്‍ഖയാണെങ്കില്‍ ഹല്‍ഖയുടെ കോഡും പേരും, സബ്സ്ക്രൈബറാണെങ്കില്‍ സബ്സ്ക്രിപ്ഷന്‍ നമ്പറും പേരും എഴുതേണ്ടതാണ്.**


മലക്കുകളെ ഈരണ്ടും മുമ്മൂന്നും നന്നാലും ചിറകുകളുള്ളവര്‍ എന്ന വിശേഷിപ്പിച്ചത് ചിറകില്ലാത്തതോ നാലിലധികം ചിറകുള്ളതോ ആയ മലക്കുകള്‍ ഇല്ല എന്ന അര്‍ഥത്തിലല്ല. സൃഷ്ടിയില്‍ അവനുദ്ദേശിക്കുന്നത് വര്‍ധിപ്പിക്കും എന്നു പറയുന്നതില്‍നിന്ന് തന്നെ നാലില്‍ കൂടുതല്‍ ചിറകുള്ള മലക്കുകളുണ്ടാവാമെന്നു സിദ്ധിക്കുന്നു. ഉദ്ദേശിക്കുന്നവിധം വര്‍ധിപ്പിക്കുമെന്ന പ്രസ്താവനയില്‍ നിന്ന് ഉദ്ദേശിക്കുന്ന വിധം കുറക്കുമെന്നും അനുക്തസിദ്ധമാകുന്നു. നബി(സ) മലക്കു ജിബ്‌രീലിനെ അറുനൂറു ചിറകുകളോടെ കണ്ടതായി ഇബ്‌നു മസ്ഊദ് നിവേദനം ചെയ്തിരിക്കുന്നു. ഇസ്‌റാഫീലിന് പന്തീരായിരം ചുറകുള്ളതായി ജിബ്‌രീല്‍ നബി(സ) യോടു പറഞ്ഞതായും നിവേദനമുണ്ട്. ചിറകുകളുടെ എണ്ണത്തിലുള്ള വ്യത്യാസം മലക്കുകളുടെ പദവിയിലും ദൗത്യത്തിലുമുള്ള വ്യത്യാസത്തെ സൂചിപ്പിക്കുന്നുവെന്ന് പണ്ഡിതന്മാര്‍ വ്യാഖ്യാനിച്ചിരിക്കുന്നു. ഓരോ മലക്കിനും അതിന്റെ പദവി അര്‍ഹിക്കുന്നതും ദൗത്യനിര്‍വഹണത്തിനു ആവശ്യമുള്ളതും എത്ര ചിറകുകളാണോ അത്രയും നല്‍കിയിരിക്കുന്നു. ചിറകുകള്‍ മലക്കുകളുടെ ശക്തിയെയും വേഗത്തെയും സൂചിപ്പിക്കുന്ന രൂപകം മാത്രമാകുന്നു എന്നതാണ് കൂടുതല്‍ പ്രബലവും സ്വീകാര്യവുമായ വ്യാഖ്യാനം. മലക്കുകള്‍ സ്ഥൂല സൃഷ്ടികളല്ല. അഭൗതികമായ സൂക്ഷ്മ സൃഷ്ടികളാണ്. അഭൗമിക കാര്യങ്ങളെക്കുറിച്ച് ഖുര്‍ആന്‍ പറയുന്നതെല്ലാം സദൃശവചനങ്ങള്‍ -മുതശാബിഹാത്ത്- അഥവാ അജ്ഞേയമായ കാര്യങ്ങളെ ജ്ഞേയമായ കാര്യങ്ങളെക്കുറിക്കാനുപയോഗിക്കുന്ന വാക്കുകളുപയോഗിച്ച് നമുക്ക് പരിചയപ്പെടുത്തുന്നത് ആകുന്നു. ആ വാക്കുകള്‍ കേള്‍ക്കുമ്പോള്‍ നമ്മുടെ മനസ്സില്‍ തെളിയുന്ന സ്ഥൂലരൂപങ്ങളൊന്നും യാഥാര്‍ഥ്യമാവണമെന്നില്ല. അവ ഉള്‍ക്കൊള്ളുന്ന ആശയങ്ങള്‍ മാത്രമാണ് വിശ്വസിക്കേണ്ട യാഥാര്‍ഥ്യം.

മലക്കുകളുടെ യാഥാര്‍ഥ്യത്തെക്കുറിച്ച് അല്ലാമാ സഅ്ദുദ്ദീന്‍ തന്റെ المقاصد-ല്‍ പറയുന്നു: അവര്‍ തേജോമയമായ സൂക്ഷ്മ ശരീരികളാകുന്നു. വൈവിധ്യമാര്‍ന്ന നിരവധി രൂപാന്തരങ്ങള്‍ സ്വീകരിക്കാന്‍ കഴിയുന്നവര്‍. നന്മയും അനുസരണവും ജ്ഞാനവും ക്ലിഷ്ട ജോലികള്‍ ചെയ്യാനുള്ള കഴിവും അവരുടെ പ്രകൃതിയാകുന്നു. വാനലോകത്താണവരുടെ വാസം.... ഇതാണ് ഖുര്‍ആനില്‍നിന്നും സുന്നത്തില്‍നിന്നും വ്യക്തമാകുന്നത്. മിക്ക ഇമാമുകളുടെയും അഭിപ്രായവും ഇതുതന്നെ.''

ഒരിക്കല്‍ അറുനൂറു ചിറകുകളോടെ പ്രവാചകന്‍ കണ്ട ജിബ്‌രീല്‍ തന്നെ മറ്റൊരിക്കല്‍ 'ദിഹ്‌യതു കല്‍ബി' എന്ന മനുഷ്യന്റെ രൂപത്തില്‍ പ്രവാചകന്റെ മുന്നിലെത്തിയതായി പ്രബലമായ നിവേദനമുണ്ട്. മറ്റൊരിക്കല്‍ വൃത്തിയായി വസ്ത്രം ധരിച്ച ഒരു മാന്യന്റെ രൂപത്തില്‍ ജിബ്‌രീല്‍ പ്രവാചകനെ സന്ദര്‍ശിച്ച സംഭവവും പ്രസിദ്ധമാകുന്നു. ബദര്‍ പടയില്‍ അശ്വഭടന്മാരുടെ രൂപത്തില്‍ അനേകം മലക്കുകള്‍ വന്ന് മുസ്‌ലിംകളെ സഹായിച്ചതായി 8:12 സൂചിപ്പിക്കുന്നു. അല്ലാഹുവിന്ന് മലക്കുകളെ മാത്രമല്ല എന്തിനെയും അവനുദ്ദേശിക്കുന്ന രൂപത്തില്‍ സൃഷ്ടിക്കാം. മലക്കുകളെ ആയിരക്കണക്കില്‍ ചിറകുകളോടെയും ഒരു ചിറകുമില്ലാതെയും സൃഷ്ടിക്കാം. കുറഞ്ഞ ചിറകുകളോടെ സൃഷ്ടിക്കപ്പെട്ടവര്‍ക്ക് പിന്നീട് കൂടുതല്‍ ചിറകുകള്‍ നല്‍കാം. ചിലരുടെ വര്‍ധിച്ച ചിറകുകള്‍ കുറക്കുകയും ചെയ്യാം. എല്ലാത്തിനും കഴിവു തികഞ്ഞവനാണവന്‍. ചിറകുകള്‍ മലക്കുകളുടെ ശക്തിയുടെ ചിഹ്നമാണ്. ഓരോ ദൗത്യത്തിനും നിയുക്തരാകുന്ന മലക്കുകള്‍ക്ക് ആ ദൗത്യം നിര്‍വഹിക്കാനാവശ്യമായ കഴിവുകളാണ് നല്‍കുക. ചിറകുകള്‍ അഥവാ ശക്തിയും വേഗവും എത്ര വര്‍ധിച്ച തോതിലുണ്ടായാലും അതെല്ലാം നല്‍കിയത് അല്ലാഹുവാണ്. അതുകൊണ്ട് മലക്കുകള്‍ അല്ലാഹുവിന്റെ മക്കളോ ദൈവങ്ങളോ ആരാധ്യരോ ആകുന്നില്ല. ●



# മാപ്പർഹിക്കാത്ത കുറ്റം


തർബിയത്ത് / കെ.പി പ്രസന്നൻ

abuhaanie@gmail.com


'സ്വന്തം ആത്മാക്കളോട് അക്രമം കാണിച്ച എന്റെ അടിമകളേ, നിങ്ങൾ നിങ്ങളുടെ റബ്ബിന്റെ കാരുണ്യത്തിൽ നിരാശരാവരുത്.'

പാപഭാരത്താൽ കാര്യങ്ങൾ വേണ്ട രീതിയിൽ ചെയ്യാനാവാതെ, പോരാടാനാവാതെ നിരാശയുടെ പടുകുഴിയിൽ ആണ്ടിരിക്കുമ്പോൾ ഈ വേദവാക്യങ്ങൾ തരുന്ന ആശ്വാസം ചെറുതല്ല. നിങ്ങൾ ഉഹുദ് മലയോളം പാപങ്ങളുമായി ചെന്നാൽ അതിനേക്കാൾ വലിയ പാപമോചനവുമായി കാത്തിരിക്കുന്ന റബ്ബിനെ കാണാം എന്ന് മുത്ത് നബിയും പഠിപ്പിച്ചു.

റബ്ബിന്റെ കാരുണ്യവും മാപ്പും ഒക്കെ കൊതിക്കുന്നവർ സഹജീവികൾക്ക്, വീട്ടിലുള്ളവർക്ക് അത് കൊടുക്കുന്നുണ്ടോ എന്നാലോചിച്ചാൽ...?

നിങ്ങൾ മറ്റുള്ളവരിൽ നിക്ഷേപിക്കുന്ന കാരുണ്യവും മാപ്പും ഒക്കെ എഴുപതിനായിരം ഇരട്ടിയാക്കിയായിരിക്കുമോ റബ്ബ് നമ്മുടെ മുന്നിലെത്തുക? അങ്ങനെ ഒരു കണക്കുനോട്ടം കൂടി അവന്റെ വർണത്തിലില്ലേ? എന്തൊക്കെ ആഴങ്ങളും ചുഴികളും ഉണ്ടാകാമതിന്!

മാപ്പു കൊടുക്കുക എന്നത് ഒരു സംസ്കാരമാണ്, ആഴത്തിൽ ഉഴുത് ഉഴുത് നേടിയെടുക്കേണ്ട സംസ്കാരം. ആ കളി തുടങ്ങിയാൽ അതിനു അവസാനമില്ല. ആർക്കൊക്കെയാണ് കൊടുക്കേണ്ടത്?

ഭ്രാതൃഹത്യ മനുഷ്യരാശിയെ എന്നും പിടിച്ചുകുലുക്കിയ ഒരു വാക്കാണ്. ഒരുപക്ഷേ മനുഷ്യരാശിയുടെ ചരിത്രം അവിടെയല്ലേ ശരിക്കും തുടങ്ങിയത്. ആബേലും കായേനും..!

സഹോദരന്മാർ പരസ്പരം ചതിച്ചാലോ? അതിനോളം വേറെ വേദനയുണ്ടോ? അങ്ങനെ ഒരു കഥ കേട്ടിട്ടുണ്ട്.

ജ്യേഷ്ഠന് അത്ര കാര്യപ്രാപ്തി ഒന്നുമില്ല. അനിയൻ മിടുക്കനാണ്. അവന്റെ മിടുക്കിൽ അവൻ സഹോദരനെ നന്നായി ഒന്ന് പറ്റിച്ചു. സങ്കടം സഹിക്കവയ്യാതെ ജ്യേഷ്ഠൻ വീടു വിട്ടു പോയി, ദൂരെ എവിടെയോ. അതേ, സഹോദരന്റെ കുത്തിന് വേദനയേറും.

കാലം ഒരുപാട് കഴിഞ്ഞപ്പോൾ അനിയനിലേക്ക് മനുഷ്യത്വം തിരിച്ചു വന്നു. പാഠം പഠിച്ചതും ആവാം. തിരുത്തണമെന്ന തോന്നൽ. ഒരു തീർഥയാത്രക്കും വേണ്ടി മാത്രമല്ല, ആത്മാർഥമായി തന്നെ.

ചേട്ടൻ താമസിക്കുന്ന കുന്നിൻ ചെരുവിലേക്ക് അയാൾ പാപബോധത്തോടെ വേച്ചു വേച്ച് കയറി. ദൂരെ നിന്ന് വരുന്നയാളെ ജ്യേഷ്ഠൻ തിരിച്ചറിഞ്ഞു. കാറ്റിന് തീപ്പിടിച്ചതു കണക്കെ അയാൾ ഓടിയിറങ്ങി, അടുത്തെത്തി അനിയന്റെ കഴുത്തിന് ചുറ്റും പിടിച്ചു. പിടി മുറുകുന്നതും കാത്തിരുന്ന അനിയന് അയാളുടെ ആർത്തലച്ചുള്ള കരച്ചിൽ കേൾക്കാനായി. അവനും പൊട്ടി ഒഴുകി.

'ഏട്ടൻ എന്നോട് പൊറുക്കില്ലേ.'

'ഞാനല്ലാതെ പിന്നാരാണ്ടാ നിനക്കുള്ളത്?'

മുന്നിൽ മുട്ടു കുത്തിയിരുന്ന അയാൾ മുഖമുയർത്തി നോക്കി,

'ഏട്ടന് ഇപ്പോൾ ദൈവത്തിന്റെ മുഖം.........'



അല്ലാഹുവിന്റെ വർണം സ്വീകരിക്കാനുള്ള അസുലഭ മുഹൂർത്തങ്ങളാണ് മാപ്പിന്റെ സംസ്കാരത്തിലൂടെ നമുക്ക് കൈവരിക്കാനുള്ളത്. അതേ, ചിലർക്കൊക്കെ അത് കൊടുത്തുകഴിഞ്ഞു വേണം റബ്ബിനോട് നമുക്കു വേണ്ടി ചോദിക്കാൻ എന്നുകൂടി ഓർക്കണം.

നമുക്കും ഉണ്ടാവില്ലേ ഒട്ടനവധി പാപങ്ങൾ? ആരും അറിയാതെ കണ്ണുകൾ കട്ടെടുത്തത്, ഹൃദയത്തിൽ കറ പിടിപ്പിച്ചത്? റബ്ബ് മാത്രം പൊറുത്തുതരേണ്ട പാപങ്ങൾ. അതിനു മുമ്പ് മാപ്പു ചോദിക്കാനുള്ളവരോടു ചോദിച്ചും പരിഹാരം ചെയ്യേണ്ടതുണ്ടെങ്കിൽ അത് ചെയ്തും, മാപ്പു കൊടുക്കാനുള്ളവർക്ക് കൊടുത്തും ഒക്കെയാണ് ആ ചുരം കയറാൻ തയാറാവേണ്ടത്. അല്ലെങ്കിൽ ഭാണ്ഡത്തിന്റെ ഭാരം നിങ്ങളെ താഴേക്ക് വലിച്ചു വീഴ്ത്തിക്കളയും!

യൂസുഫ് നബി(അ)യുടെ ചരിത്രത്തിലെ മാപ്പിന്റെ വിശുദ്ധി ഒന്നാലോചിച്ചുനോക്കിയിട്ടുണ്ടോ? എന്തൊക്കെ ക്രൂരതകളാണ് സ്വന്തം സഹോദരങ്ങൾ ചെയ്തത്? എണ്ണിയെണ്ണി പറയാൻ മാത്രം പാതകങ്ങൾ. ഭ്രാതൃഹത്യയുടെ പല പല രൂപങ്ങൾ. വേദം വായിക്കുമ്പോൾ അതൊക്കെ ഒന്നോർമപ്പെടുത്തി പോരായിരുന്നോ പൊറുത്തു കൊടുക്കൽ എന്ന് പോലും നമുക്ക് തോന്നിപ്പോയിട്ടില്ലേ?

'ഇന്നേ ദിവസം നിങ്ങൾക്ക് ഒരു ശിക്ഷയുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരും. അവൻ ദയാലുക്കളിൽ വെച്ച് കൂടുതൽ ദയാലുവാണ്.'

അസൂയയും പകയും മൂത്ത് അവർ കിണറിൽ എറിഞ്ഞ അനിയൻ, ദൈവത്തിന്റെ മുഖവുമായി മുന്നിൽ. മുട്ടിലിഴഞ്ഞു മാപ്പു ചോദിക്കുന്നവർക്ക് മുട്ടിലുറച്ചു നിന്ന് മാപ്പു കൊടുക്കാനുള്ളവരാവേണ്ടതുണ്ട് എന്ന ചരിത്രപാഠം. ആ വളർച്ചക്കും വേണ്ടതുണ്ടല്ലോ ചില പോരാട്ടങ്ങൾ.

ഇതേ വാക്ക് മുത്ത് നബി ആവർത്തിച്ചു, മക്കാ വിജയത്തിന്റെ അന്ന്. ആർക്കൊക്കെയാണ് മാപ്പു കൊടുത്തത്; സ്വന്തം നാട്ടിൽ നിന്ന് ഓടിച്ചവരോട്, വീടുകൾ പിടിച്ചെടുത്തവരോട്, ക്രൂരമായി മർദിച്ചവരോട്...! എത്ര സുന്ദരമായ ക്ഷമ! മക്കാ നിവാസികൾ ദൈവത്തെ കണ്ടു കാണും, അല്ലേ?

മാപ്പിന്റെ ഈ വർത്തമാനം കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്. നമ്മോട് ചെയ്ത പാപങ്ങൾ നാം നമുക്കും പൊറുത്തുകൊടുക്കേണ്ടതുണ്ട്. അവനവനോട് പൊറുക്കാൻ ശീലിക്കുന്നതും വലിയ കാര്യമാണ്. അതിന്റെ രസം തിരിച്ചറിയാതെ മറ്റുള്ളവർക്ക് മാപ്പു കൊടുക്കാനാവില്ല. നമ്മുടെ ഇരുണ്ട ഭൂതകാലങ്ങൾക്ക് മാപ്പു കൊടുക്കുക. ഡിപ്രഷനിലൂടെയും ആത്മനിന്ദയുടെ പടവുകളിലൂടെയും പോവുന്ന നമ്മുടെ പല കുട്ടികളെയും ഈ ശീലം പഠിപ്പിക്കാത്തതു കൊണ്ടു കൂടിയാണ് അവരെ നമുക്ക് കൈ വിട്ടുപോയത്. പശ്ചാത്താപത്തിന്റെ ആഴിയിൽ എത്ര നീന്തിയിട്ടും ആത്മനിന്ദ തീരാത്തവരും ഉണ്ടാവുമല്ലോ. അവർക്കു വേണ്ടതും ഈ പാഠം തന്നെ.

സ്വന്തത്തിനു മാപ്പു കൊടുത്ത് ശീലിച്ച്, അപരർക്കു മാപ്പു കൊടുത്ത് നിക്ഷേപം നടത്തി ദൈവത്തിന്റെ ഖജനാവിലേക്ക് ഉറ്റു നോക്കുമ്പോഴാവുമല്ലേ, ഗഫൂറായ റബ്ബിനെ കണ്ടെത്തുക?

ശമനമില്ലാതെ ഇന്നലെകളുടെ മാറാപ്പുമായി നിങ്ങളുടെ മുന്നിൽ മാപ്പു ചോദിക്കുന്ന ഒരാളെ നിങ്ങൾ പരിഗണിക്കാതെ വിട്ടിട്ടുണ്ടോ? നിങ്ങളുടെ തോൾ വെട്ടിച്ചുള്ള ഒരു നടത്തം മതി അയാളെ തകർത്തൊടുക്കാൻ! നിനക്ക് മാപ്പില്ല എന്നൊരു തോന്നൽ മതി, അയാൾ പുകഞ്ഞു തുടങ്ങാൻ. ദൈവം മാപ്പു നൽകിയ ജീവിതത്തിനു നിങ്ങൾ കപ്പം ചുമത്തരുത് എന്നൊരു ബൈബിൾ വചനമുണ്ട്.

ധാരാളമായി മാപ്പു കൊടുത്ത് നിങ്ങൾ ഒന്ന് ശീലിച്ചുനോക്കൂ. ഏറ്റവും രസമുള്ള കളിയായി അത് മാറും. കുഞ്ഞുങ്ങളോട് നിങ്ങൾ തോറ്റു കൊടുക്കാറില്ലേ? വിജയിച്ചപ്പോൾ അവർക്കുണ്ടായ സന്തോഷം കണ്ട് നിങ്ങൾ ആനന്ദിച്ചിട്ടില്ലേ? മുതിർന്നവരോട്, തൊഴിലിടങ്ങളിൽ, വീടകങ്ങളിൽ, ഉറ്റവരോട് ബോധപൂർവം അങ്ങനെ ചെയ്തു നോക്കിയിട്ടുണ്ടോ? അതേ, ബോധപൂർവം? നിരന്തരമായി ഉഴുത് ഉഴുത് നേടിയെടുക്കേണ്ട ഒന്നാണ് ഈ സംസ്കാരം.

ആർക്കൊക്കെ മാപ്പു കൊടുത്താലും സ്വന്തം ഇണയോട്, സഹോദരനോട് ക്ഷമിക്കാൻ അല്ലേ നമുക്ക് പാട്? ഒരർഥത്തിൽ നമ്മിൽ നിന്ന് ഏറ്റവും കൂടുതൽ അതർഹിക്കുന്നത് അവരല്ലേ? ദൈവത്തിന്റെ മുഖം സ്വീകരിക്കാനുള്ള ഒരു പ്രേരണ എനിക്കും നിങ്ങൾക്കും കിട്ടാൻ, അതിനു വേണ്ടി മാത്രമാണീ കുറിപ്പ്.

മാപ്പു കൊടുക്കുന്നതിനെ കുറിച്ച് പറയുമ്പോൾ, ജേതാക്കളാവുന്ന പോരാട്ടത്തെ കൂടി ഓർമിക്കേണ്ടതുണ്ട്. കാരണം വിജയിക്കുമ്പോഴാണ് കൂടെ ഓടി തോറ്റവരെ ഏറ്റവും സുന്ദരമായി നമുക്ക് പരിഗണിക്കാനാവുക, അവരെ എതിരാളികളായി കരുതിപ്പോയിട്ടുണ്ടെങ്കിൽ മാപ്പു കൊടുക്കാനാവുക. അവരില്ലായിരുന്നെങ്കിൽ നിങ്ങൾക്കു വിജയിക്കാനാവുമായിരുന്നില്ല.

**ഒടുക്കം**

പശ്ചാത്താപത്തിന്റെ പടവുകൾ കയറിയിട്ടും നിനക്ക് മാപ്പില്ല എന്നു പറഞ്ഞാട്ടി പാപഭാരത്തിന്റെ മരുഭൂമിയിലൂടെ നിങ്ങളൊരു മനുഷ്യനെ അലയാൻ വിടുന്നു. 'സ്വന്തം ആത്മാക്കളോട് അക്രമം കാണിച്ച എന്റെ അടിമകളേ, നിങ്ങൾ നിങ്ങളുടെ റബ്ബിന്റെ കാരുണ്യത്തിൽ നിരാശരാവരുത്' എന്നൊരാൾ വിളിച്ചു പറഞ്ഞതിലൂടെ അയാൾക്കൊരത്താണി കിട്ടിയെന്നറിയുമ്പോൾ അത് പോലും ഇല്ലെന്നു പറഞ്ഞ് അയാളുടെ പിറകെ കൂടുന്ന ആ ക്രൂരത ഉണ്ടല്ലോ; ഇസ്‌ലാമിൽ അത്, അത് മാത്രമാണ് മാപ്പർഹിക്കാത്ത കുറ്റമാവുന്നത്! ●



# വായനയുടെ സാധ്യതകളും പരിമിതികളും

കുറിപ്പ്/ **അഫ്‌ലഹുസ്സമാൻ**

aflah.zaman4@gmail.com

മനുഷ്യമനസ്സിൽ അർഥഗർഭമായ ചിന്തകൾ നാമ്പിടുന്നത് നല്ല വായനകളിലൂടെയാണ്. ചില നേരങ്ങളിൽ അനുവാചകനെ പുതിയ വായനാ ലോകത്തേക്ക് കൈപ്പിടിച്ചുയർത്തുന്നത് അവനിൽ രൂപപ്പെടുന്ന ചിന്തകളും അതിൽനിന്ന് ജന്മമെടുക്കുന്ന പുത്തനാശയങ്ങളുമാണ്. വായനയും ചിന്തയും പരസ്പരബന്ധിതമാണ്. ചിന്തകളില്ലാത്ത വായനകൾ അർഥരഹിതവും അപ്രസക്തവുമാണ്. ജോർദാൻ പ്രൈവറ്റ് യൂനിവേഴ്സിറ്റിയിൽ അപ്ലൈഡ് ലിങ്കിസ്റ്റിക്സ് വിഭാഗത്തിലെ അസി. പ്രഫസറായ ഡോ. അബൂ ശിഹാബ് 'റീഡിംഗ് അസ് ക്രിട്ടിക്കൽ തിങ്കിങ്' എന്ന തന്റെ പഠനത്തിൽ വായന, വായിക്കപ്പെടുന്ന വസ്തുവും വായനക്കാരനും തമ്മിലുള്ള പരസ്പര്യം (Interaction) രേഖപ്പെടുത്തുന്നുണ്ട്. ഓരോ വായക്കാരനും തന്റെ ഉള്ളകങ്ങളിൽ രൂപപ്പെടുന്ന ചില മുൻവിധികളുടെയും മുൻധാരണകളുടെയും പിൻബലത്തിലാണ് പുതിയ വായനകളെ സമീപിക്കാറുള്ളത്.

ഇങ്ങനെയുള്ള വായനകളിൽ നിന്ന് ലഭിക്കുന്ന വിജ്ഞാനങ്ങളുടെ ദിശനിർണയിക്കുക വായനക്കാരന്റെ വൈയക്തിക ചിന്താമണ്ഡലങ്ങളെയും അവന്റെ അനുഭവങ്ങളെയും ഗ്രാഹ്യശേഷിയെയും ആസ്പദിച്ചായിരിക്കും. അനുവാചകന്റെ വായനകളെയും ചിന്തകളെയും സ്വാധീനിക്കുന്ന സുപ്രധാന ഘടകമാണ്, വായനക്കാരനും വായിക്കപ്പെടുന്ന വസ്തുവും നിലനിൽക്കുന്ന സാമൂഹിക പശ്ചാത്തലം. പശ്ചാത്തലങ്ങൾക്ക് മാറ്റമുണ്ടാകുമ്പോൾ വായിക്കപ്പെടുന്ന ആശയങ്ങൾക്കും തദനുസാരം മാറ്റം സംഭവിക്കുന്നു. തൽഫലമായി ആ വായനകളിൽ നിന്ന് ഉത്ഭവിക്കുന്ന ചിന്തകൾക്കും രൂപമാറ്റമുണ്ടാകുന്നു. മനുഷ്യന്റെ വായനകളും ചിന്തകളും പുരോഗമിക്കും തോറും അവനിൽ സൃഷ്ടിക്കപ്പെട്ട ഭൂതകാലബോധങ്ങൾ തിരുത്തിയെഴുതപ്പെടുകയും തന്റെ ചിന്തകളിൽ നിന്ന് അങ്കുരിച്ച പുതിയ ആശയങ്ങൾ സമൂഹത്തിൽ വിന്യസിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ മനുഷ്യൻ നടത്തുന്ന വായനകളെയും അതിൽ നിന്നുടലെടുക്കുന്ന ചിന്തകളെയും ഇസ്‌ലാമിക പ്രതലത്തിൽ നിന്നു കൊണ്ട് നോക്കിക്കാണാനുള്ള ഒരു ശ്രമമാണിത്.

നിനച്ചിരിക്കാതെ പ്രകൃതിയിൽ സംഭവിക്കുന്ന മാറ്റങ്ങൾ, ദുരന്തങ്ങൾ, ഭൂചലനങ്ങൾ തുടങ്ങിയവ മനുഷ്യൻ സ്വായത്തമാക്കിയ അറിവുകളെയും അവനെത്തിച്ചേർന്ന നിഗമനങ്ങളെയും നിശ്ശബ്ദമാക്കുന്നുണ്ട്. താൻ എത്തിച്ചേർന്ന നിഗമനങ്ങൾ വെച്ച് പ്രാപഞ്ചിക ശക്തികളെ നിർവചിക്കാൻ സാധിക്കാതെ വരുന്നു. തന്റെ കണ്ടെത്തലുകളിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളേൽപ്പിക്കുന്ന പ്രഹരം അവനിൽ



ഗുരു ദൈവമാണ്. 'അല്ലാഹു ആദമിനെ എല്ലാ വസ്തുക്കളുടെയും പേരുകൾ പഠിപ്പിച്ചു. പിന്നീട് അവയെ മലക്കുകളുടെ മുന്നിൽ പ്രദർശിപ്പിച്ച് അവൻ കൽപിച്ചു: നിങ്ങൾ ഇവയുടെ പേരുകൾ പറയുക, നിങ്ങൾ സത്യം പറയുന്നവരെങ്കിൽ?' (2:31), 'മനുഷ്യനെ അവനറിയാത്തത് അവൻ പഠിപ്പിച്ചു' (96:5). ഈ ഖുർആൻ ആയത്തുകളൊക്കെയും ദൈവമാണ് തന്റെ അറിവുകൾക്കുള്ള ഏക സ്രോതസ്സ് എന്ന പരമസത്യം വിളിച്ചോതുന്നു. ഖുർആൻ പറയുന്നു: 'നാഥന്റെ അറിവ് എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു. എന്നിട്ടും നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ?' (6:80). ആ

**ഒരു വിശ്വാസി തന്റെ വായനകളെയും ചിന്തകളെയും വികസിപ്പിക്കേണ്ടത് ദൈവത്തിന്റെ ഏകത്വം അംഗീകരിച്ചു കൊണ്ടാണ്; ദൈവത്തിന്റെ സൃഷ്ടിപ്പിലും മറ്റു കഴിവുകളിലും മറ്റൊരാൾക്കും പങ്കില്ലെന്ന തെളിമയാർന്ന ആശയം മനസ്സിലാവാഹിച്ചുകൊണ്ടും. ഖുർആനിക വചനങ്ങളുടെയും പ്രവാചകചര്യയുടെയും പിൻബലത്തിലാണ് തന്റെ ഗവേഷണ യത്നങ്ങളെ മുന്നോട്ട് കൊണ്ടുപോകേണ്ടത്.**

താൻ അരക്ഷിതനാണെന്ന തോന്നൽ ജനിപ്പിക്കുന്നു. തന്റെ അനുഭവങ്ങളും പഠനങ്ങളും പകർന്നു തന്ന അറിവുകൾ നന്നേ ചുരുങ്ങിയതാണെന്ന് അവൻ മനസ്സിലാക്കുന്നു. പ്രകൃതിയെ കുറിച്ചുള്ള ആലോചനകൾ അവന്റെ ധിഷണാ വൃത്തം വിപുലമാക്കുകയും അനിയന്ത്രിത മാറ്റങ്ങൾക്ക് വിധേയമാകുന്ന പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ഒരു പരാശക്തിയെ കുറിച്ച അന്വേഷണത്തിൽ അത് എത്തിച്ചേരുകയും ചെയ്യുന്നു.

അറിവും അതിനനുസൃതമായ ചിന്തയും ഉണ്ടാകുമ്പോഴാണ് മനുഷ്യൻ യഥാർഥ വഴിയിൽ എത്തിച്ചേരുക എന്ന് ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. വായിക്കുക എന്ന പ്രഥമ പ്രഖ്യാപനത്തോടൊപ്പം 'നിങ്ങൾ ചിന്തിക്കുന്നില്ലേ' എന്ന ചോദ്യവും പലയിടങ്ങളിലും ഖുർആൻ ആവർത്തിക്കുന്നുണ്ട്. 'ആകാശഭൂമികളുടെ സൃഷ്ടിപ്പിൽ, രാപ്പകലുകൾ മാറിമാറി വരുന്നതിൽ, മനുഷ്യർക്കുപകരിക്കുന്ന ചരക്കുകളുമായി സമുദ്രത്തിൽ സഞ്ചരിക്കുന്ന കപ്പലുകളിൽ, അല്ലാഹു മാനത്തുനിന്ന് മഴ വീഴ്ത്തി അതുവഴി ജീവനറ്റ ഭൂമിക്ക് ജീവനേകുന്നതിൽ, ഭൂമിയിൽ എല്ലായിനം ജീവികളെയും പരത്തിവിടുന്നതിൽ,കാറ്റിനെ ചലിപ്പിക്കുന്നതിൽ, ആകാശഭൂമികൾക്കിടയിൽ ആജ്ഞാനുവർത്തിയായി നിർത്തിയിട്ടുള്ള കാർമേഘത്തിൽ എല്ലാറ്റിലും ചിന്തിക്കുന്ന ജനത്തിന് അനേകം തെളിവുകളുണ്ട്; സംശയമില്ല' (2:162), 'ആകാശഭൂമികളുടെ സൃഷ്ടിയിലും രാപ്പകലുകൾ മാറിമാറി വരുന്നതിലും ചിന്താശേഷിയുള്ളവർക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്' (3:190), ഇത്തരത്തിലുള്ള ഖുർആനിക വചനങ്ങൾ വിശ്വാസിയുടെ ചിന്താശേഷിയെ ഉത്തേജിപ്പിക്കുന്നു. അത് ചിന്താമണ്ഡലങ്ങളെ പുതിയ പര്യാലോചനകളിലേക്ക് നയിക്കുന്നു.

വിശ്വാസിയുടെ വായനകളിൽനിന്നും ദൈഷണിക വ്യവഹാരങ്ങളിൽനിന്നും രൂപം കൊള്ളുന്ന പരമമായ അറിവിനെ 'ഇൽമുൽ യഖീൻ', 'ഹഖുൽ യഖീൻ', 'ഐനുൽ യഖീൻ' എന്നീ മൂന്ന് സംജ്ഞകളിൽ പരിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്. ഇതിൽ 'ഹഖ്' എന്നത് ഇസ്‌ലാമിക ദർശനത്തിൽ ദൈവമെന്ന പരാശക്തിയുടെ വിശേഷണങ്ങളിലൊന്നാണ്. വിശ്വാസിയെ സംബന്ധിച്ചേടത്തോളം തന്റെ ആദ്യ സ്രോതസ്സിലേക്കെത്താനുള്ള വഴികളാണ് വായനകളും ചിന്തകളും.

ഒരു വിശ്വാസി തന്റെ വായനകളെയും ചിന്തകളെയും വികസിപ്പിക്കേണ്ടത് ദൈവത്തിന്റെ ഏകത്വം അംഗീകരിച്ചു കൊണ്ടാണ്; ദൈവത്തിന്റെ സൃഷ്ടിപ്പിലും മറ്റു കഴിവുകളിലും മറ്റൊരാൾക്കും പങ്കില്ലെന്ന തെളിമയാർന്ന ആശയം മനസ്സിലാവാഹിച്ചുകൊണ്ടും. ഖുർആനിക വചനങ്ങളുടെയും പ്രവാചകചര്യയുടെയും പിൻബലത്തിലാണ് തന്റെ ഗവേഷണ യത്നങ്ങളെ മുന്നോട്ട് കൊണ്ടുപോകേണ്ടത്. മനുഷ്യന്റെ വായനകളും ചിന്തകളു അവന് നൽകുന്ന അറിവ് വളരെ പരിമിതമാണെന്നും ഖുർആൻ പറയുന്നുണ്ട്. തന്റെ വൈജ്ഞാനികാന്വേഷണങ്ങൾക്ക് ഇത്തരത്തിൽ നിരവധി പരിധികളും പരിമിതികളുമുണ്ടെന്ന ബോധ്യത്തോടെയായിരിക്കണം വിശ്വാസി തന്റെ വായനകളും ചിന്തകളുമായി മുന്നോട്ടുപോകേണ്ടത്. ഉറവ വറ്റാത്ത അറിവുകൾക്കുടമയായ ദൈവമെന്ന പരാശക്തിയിലേക്കുള്ള പാഥേയമായി നമ്മുടെ ചിന്തകളെയും വായനകളെയും മാറ്റാൻ കഴിയണം. ●



# സന്താനലബ്ധി എന്ന അനുഗ്രഹം

കുടുംബം/ എം.എസ്.എ റസാഖ്
msarazak@hotmail.com

കുടുംബത്തിൽ ഒരു കുഞ്ഞിക്കാൽ കാണുന്നത് ഏവർക്കും സന്തോഷദായകമാകുന്നു. മാതാപിതാക്കളും കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും സുഹൃത്തുക്കളുമെല്ലാം ദമ്പതിമാരുടെ സന്തോഷത്തിൽ പങ്ക് ചേരുന്നു. കുട്ടി പിറന്നാൽ മാതാപിതാക്കളെ അനുമോദിക്കുകയും കുഞ്ഞിനും മാതാപിതാക്കൾക്കും വേണ്ടി പ്രാർഥിക്കുകയും ചെയ്യണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. സന്താന ലബ്ധിയിൽ മാതാപിതാക്കളെ അനുമോദനമറിയിച്ച് കൊണ്ട് ഇപ്രകാരം പറയണം.

بَارَكَ اللهُ لَكَ فِي الْمَوْهُوبِ لَكَ، وَشَكَرْتَ الْوَاهِبَ، وبَلَغَ أَشُدَّهُ، وَرُزِقْتَ بِرَّهُ

'അല്ലാഹു താങ്കൾക്ക് നൽകിയതിൽ അനുഗ്രഹിക്കട്ടെ. ഇത് നൽകിയ അല്ലാഹുവോട് താങ്കൾ നന്ദി കാണിക്കുന്നവനാകട്ടെ. അവൻ യുവത്വം പ്രാപിക്കുകയും അവന്റെ നന്മ താങ്കൾക്ക് നൽകപ്പെടുകയും ചെയ്യട്ടെ'. അതിന് പ്രത്യുത്തരമായി ഇപ്രകാരം പറയുക.

بَارَكَ اللهُ لَكَ، وبَارَكَ عَلَيْكَ، وجَزَاكَ اللَّهُ خَيْراً، ورَزَقَكَ اللَّهُ مِثْلَهُ، وأجْزَلَ ثَوَابَكَ

'അല്ലാഹു താങ്കളെ അനുഗ്രഹിക്കുകയും താങ്കളുടെ മേൽ അനുഗ്രഹം ചൊരിയുകയും ചെയ്യട്ടെ. അല്ലാഹു നല്ല പ്രതിഫലം താങ്കൾക്ക് നൽകട്ടെ. ഇത് പോലെയുള്ളത് അല്ലാഹു താങ്കൾക്ക് നൽകുകയും താങ്കളുടെ പ്രതിഫലം വർധിപ്പിക്കുകയും ചെയ്യട്ടെ'.

ഇബ്റാഹിം നബിയുടെ ഭാര്യയെ ഇസ്ഹാഖിന്റെയും തുടർന്ന് യഅ്ഖൂബിന്റെയും ജനനത്തെക്കുറിച്ച് മലക്കുകൾ സന്തോഷവാർത്ത അറിയിച്ച സന്ദർഭം ഖുർആൻ വിവരിക്കുന്നുണ്ട്. ''നമ്മുടെ ദൂതന്മാർ ഇബ്റാഹീമിന്റെ അടുത്ത് സന്തോഷവാർത്തയും കൊണ്ട് വരികയുണ്ടായി. അവർ പറഞ്ഞു: 'സലാം'. അദ്ദേഹം പ്രതിവചിച്ചു: 'സലാം'. വൈകിയില്ല, അദ്ദേഹം ഒരു പൊരിച്ച മൂരിക്കുട്ടിയെ കൊണ്ടുവന്നു. എന്നിട്ട് അവരുടെ കൈകൾ അതിലേക്ക് നീളുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന് അവരുടെ കാര്യത്തിൽ പന്തികേട് തോന്നുകയും അവരെപ്പറ്റി ഭയം അനുഭവപ്പെടുകയും ചെയ്തു. അവർ പറഞ്ഞു, ഭയപ്പെടേണ്ട. ഞങ്ങൾ ലൂത്തിന്റെ ജനതയിലേക്ക് നിയോഗിക്കപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ (ഇബ്റാഹീം നബിയുടെ) ഭാര്യ അവിടെ നിൽക്കുന്നുണ്ടായിരുന്നു. അവൾ ചിരിച്ചു. അപ്പോൾ അവൾക്ക് ഇസ്ഹാഖിനെപ്പറ്റിയും ഇസ്ഹാഖിന് പിന്നാലെ യഅ്ഖൂബിനെപ്പറ്റിയും നാം സന്തോഷവാർത്ത അറിയിച്ചു'' (*ഹൂദ്* 69-71). സകരിയ്യാ നബിക്ക് യഹ്‌യാ നബിയുടെ പിറവിയെക്കുറിച്ച് അല്ലാഹുവിന്റെ സന്തോഷവാർത്ത മലക്കുകൾ അറിയിക്കുകയുണ്ടായി: ''അങ്ങനെ അദ്ദേഹം മിഹ്റാബിൽ പ്രാർഥിച്ച് കൊണ്ട് നിൽക്കുമ്പോൾ മലക്കുകൾ അദ്ദേഹത്തെ വിളിച്ച് പറഞ്ഞു. യഹ്‌യാ (എന്ന കുട്ടി) യെപ്പറ്റി അല്ലാഹു നിനക്ക് സന്തോഷവാർത്ത അറിയിക്കുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു വചനത്തെ ശരിവെക്കുന്നവനും നേതാവും ആത്മനിയന്ത്രണമുള്ളവനും സദ്‌വൃത്തരിൽപ്പെട്ട ഒരു പ്രവാചകനുമായിരിക്കും അവൻ'' (*ആലു ഇംറാൻ* 39).

റസൂലിന്റെ (സ) ജനനവാർത്ത സുവൈബ എന്ന സ്ത്രീ പിതൃ സഹോദരനായ അബൂലഹബിനെ അറിയിച്ചു. ആ സന്തോഷ വാർത്ത ശ്രവിച്ച മാത്രയിൽ തന്നെ അദ്ദേഹം തന്റെ അടിമയായിരുന്ന അവരെ (സുവൈബയെ) സ്വതന്ത്രയാക്കുകയുണ്ടായി. സാഹോദര്യ-കുടുംബബന്ധം ഊട്ടിയുറപ്പിക്കാൻ ഈ അനുമോദന രീതി ഉപകരിക്കുന്നതാണ്.

**ബാങ്കും ഇഖാമത്തും**

കുഞ്ഞ് പിറന്നാൽ വലത് ചെവിയിൽ ബാങ്കും ഇടത് ചെവിയിൽ ഇഖാമത്തും കൊടുക്കണമെന്നാണ് ഇസ്‌ലാമിക രീതി. അബൂ റാഫിഅ് പറയുന്നു: പ്രവാചക പുത്രി, ഫാത്വിമ (റ) ഹസൻ ബിൻ അലിയെ പ്രസവിച്ചപ്പോൾ നബി(സ) കു

ഞ്ഞിന്റെ വലത് ചെവിയിൽ ബാങ്ക് കൊടുക്കുന്നത് ഞാൻ കാണുകയുണ്ടായി. (അബൂദാവൂദ്). പ്രവാചകൻ അരുളി: 'കുട്ടി ജനിച്ചാൽ കുഞ്ഞിന്റെ വലത് ചെവിയിൽ ബാങ്കും ഇടത് ചെവിയിൽ ഇഖാമത്തും കൊടുത്താൽ ഉമ്മു സിബ്‌യാന്റെ[1] ഉപദ്രവം ഏൽക്കുകയില്ല. (ബൈഹഖി). ഹസൻ ജനിച്ചപ്പോൾ നബി(സ) വലത് ചെവിയിൽ ബാങ്കും ഇടത് ചെവിയിൽ ഇഖാമത്തും കൊടുത്തതായി ഇബ്നു അബ്ബാസ് (റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഡോ. അബ്ദുല്ലാ ഉൽവാൻ, *തർബിയതുൽ ഔലാദ്* പേജ് 60). നവജാത ശിശുവിന്റെ ചെവിയിൽ ബാങ്കും ഇഖാമത്തും കൊടുക്കുന്നതിന്റെ പൊരുൾ പ്രമുഖ പണ്ഡിതനായിരുന്ന ഇബ്നുൽ ഖയ്യിം വിശദീകരിക്കുന്നു. ''പിറന്ന് വീഴുന്ന കുഞ്ഞ് ആദ്യം കേൾക്കേണ്ട ശബ്ദം പ്രപഞ്ച നാഥന്റെ മഹത്വം വിളംബരം ചെയ്യുന്ന ശബ്ദമായിരിക്കണം. അവന്റെ ഇസ്‌ലാം പ്രവേശനത്തിന്റെ പ്രഥമ അടയാളമാണ് ശഹാദത്ത് കലിമ (സത്യസാക്ഷ്യവചനം) യുടെ പ്രഖ്യാപനം. മനുഷ്യന്റെ മരണവേളയിൽ 'തൽഖീൻ'[2] ചൊല്ലാൻ പ്രവാചകൻ പഠിപ്പിക്കുന്നു. ഈ ലോകത്തോട് വിട പറയുന്നതും തൗഹീദിന്റെ ശബ്ദം ശ്രവിച്ച് കൊണ്ടായിരിക്കണമെന്ന് ഇസ്‌ലാം നിശ്ചയിച്ചിരിക്കുന്നു. നവജാത ശിശുവിന്റെ വലത് ചെവിയിൽ ബാങ്കൊലിയും ഇടത് ചെവിയിൽ ഇഖാമത്തും കേൾപ്പിക്കുക എന്നത് മുസ്‌ലിമായ പിതാവിനോട് ഇസ്‌ലാം ആവശ്യപ്പെടുന്ന കാര്യമാണ്. ഈ ലോകത്തേക്ക് പിറന്ന് വീഴുന്ന ശിശു പ്രഥമമായി ശ്രവിക്കേണ്ട മനുഷ്യ ശബ്ദം തൗഹീദിന്റേതായിരിക്കണമെന്നാണ് ഇതിന്റെ താൽപര്യം. മുസ്‌ലിമായ വ്യക്തി പ്രഥമ പ്രകാശ കിരണത്തോടൊപ്പം തൗഹീദിന്റെ ശബ്ദവും സ്വീകരിക്കുന്നു. ജീവിതത്തോട് വിട ചൊല്ലുന്നതും തൗഹീദിന്റെ ശബ്ദം കേട്ട് കൊണ്ടാവുന്നു. അതിനർഥം ജനന മരണങ്ങൾക്കിടയിലുള്ള ജീവിത കാലഘട്ടത്തിൽ തൗഹീദ് സംസ്ഥാപനവും പ്രബോധനവുമാവണം മർത്യന്റെ ദൗത്യം. തൗഹീദിന്റെ മന്ത്ര ധ്വനിയായ ബാങ്കൊലി കേൾക്കുന്നതോടെ നവജാത ശിശുവിങ്കൽ നിന്നും എല്ലാ പൈശാചിക ശക്തികളും ഓടിയൊളിക്കുന്നു'' (തുഹ്ഫത്തുൽ മൗലൂദ് കാണുക).

വലത് ചെവിയിൽ ബാങ്കും ഇടത് ചെവിയിൽ ഇഖാമത്തും കൊടുക്കുകയാണ് പതിവ്. വലിയൊരു സന്ദേശം അത് പ്രതീകവൽക്കരിക്കുന്നു. നിത്യജീവിതത്തിൽ നാം അനുഷ്ഠിക്കുന്ന ഇഖാമത്തിനും നമസ്കാരത്തിനുമിടയിൽ കാലതാമസമില്ല. ഇഖാമത്തോട് കൂടി നമസ്കാരം ആരംഭിക്കുകയായി. ബാങ്കും ഇഖാമത്തും കൊടുക്കപ്പെട്ടവന് നമസ്കാരം നിർവഹിക്കപ്പെടാനുള്ള സമയം സമാഗതമായിരിക്കുന്നുവെന്ന ബോധം ഐഹിക ജീവിതത്തിന്റെ നൈമിഷികതയെയാണ് വിളംബരം ചെയ്യുന്നത്. മയ്യിത്ത് നമസ്കാരത്തിൽ ബാങ്കും ഇഖാമത്തും ഇല്ല എന്നതും ശ്രദ്ധേയമാണ്. പ്രമുഖ ഇന്ത്യൻ പണ്ഡിത ശ്രേഷ്ഠനായിരുന്ന ശാഹ് വലിയ്യുല്ലാഹി അദ്ദഹ്‌ലവി എഴുതുന്നു: ''നവജാത ശിശുവിന്റെ ചെവിയിൽ ബാങ്ക് കൊടുക്കുന്നതിന്റെ പിന്നിലെ രഹസ്യം, പൊതുവിൽ ബാങ്ക് ഇസ്‌ലാമിന്റെ ചിഹ്നങ്ങളിൽ പെട്ടതാകുന്നു, മുഹമ്മദീയ ദീനിന്റെയും ജീവിത സരണിയുടെയും പ്രഖ്യാപനമാകുന്നു അത് എന്നതാണ്. ബാങ്കിന്റെ ഈ വചനം തന്നെയാണ് നവ ജാത ശിശു ആദ്യം ശ്രവിക്കേണ്ടത്. ബാങ്ക് ധ്വനി കേൾക്കുമ്പോൾ പിശാച് ഓടിയകലും'' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ).[3]

**സന്താനങ്ങൾ മാതാപിതാക്കൾക്ക് അനുഗ്രഹം**

സന്താനങ്ങൾ മാതാപിതാക്കൾക്ക് അനുഗ്രഹമാകുന്നു. ജീവിതം സഫലമാകുന്നതും അർഥപൂർണമാവുന്നതും സന്താനലബ്ധിയിലൂടെയാണ്. സന്താനമില്ലാതിരിക്കുമ്പോൾ ദാമ്പത്യം അപൂർണമായി തോന്നിയേക്കും. ദുഃഖ സാന്ദ്രമായ ഓർമയായി അവർ കാലം തള്ളി നീക്കേണ്ടി വരുന്നു. പ്രവാചകൻ അരുളി: ''മനുഷ്യൻ മരിച്ച്പോയാൽ മൂന്ന് കാര്യങ്ങൾ ഒഴികെ അവന്റെ എല്ലാ കർമങ്ങളുമായും ബന്ധം വിഛേദിക്കപ്പെടുന്നു. എന്നെന്നും നിലനിൽക്കുന്ന സദഖ(ദാനധർമം), പ്രയോജനകരമായ വിജ്ഞാനം, അവന് വേണ്ടി പ്രാർഥിക്കുന്ന സൽസന്താനം എന്നിവയാണ് ആ മൂന്ന് കാര്യങ്ങൾ'' (മുസ്‌ലിം).


മക്കളുടെ പ്രാർഥന മാതാപിതാക്കൾക്ക് ആയുർ ദൈർഘ്യത്തിനും ഖബ്റിൽ പ്രതിഫലം ലഭിക്കാനും സ്വർഗത്തിൽ ഉയർന്ന പദവി നേടാനും കാരണമാകുന്നു. അബുദ്ദർദാഅ് (റ) പറയുന്നു: ''ഞങ്ങൾ പ്രവാചക സന്നിധിയിൽ ആയുർ ദൈർഘ്യത്തെക്കുറിച്ച് സംസാരിക്കവേ അവിടുന്ന് പറഞ്ഞു: ജീവിതാവധി എത്തിക്കഴിഞ്ഞ ഒരാളുടെയും കാലാവധി അല്ലാഹു നീട്ടുകയില്ല. ആയുസ്സിൽ വർധനവുണ്ടാവുക എന്നത് അവന് വേണ്ടി പ്രാർഥിക്കുന്ന സൽസന്താനത്തെ പ്രദാനം ചെയ്യുകയാകുന്നു; സന്താനങ്ങളുടെ പ്രാർഥന അവരുടെ ഖബ്റിൽ വന്ന് ചേരുന്നതുമാണ്'' (തുർമുദി). ഇമാം ബുഖാരി തന്റെ അദബുൽ മുഫ്റദിൽ ഉദ്ധരിക്കുന്നു: സ്വർഗത്തിൽ വെച്ച് പരേതന്റെ പദവികൾ ഉയർത്തപ്പെടുന്നതാണ്. എന്ത് കൊണ്ടാണ് പദവിക്കയറ്റമെന്ന് അല്ലാഹുവിനോട് ചോദിക്കുമ്പോൾ അല്ലാഹു ഇപ്രകാരം പറയും: നിന്റെ സന്താനം നിനക്ക് വേണ്ടി പാപമോചന പ്രാർഥന നടത്തിയിരിക്കുന്നു (ത്വബ്റാനി). സൽസന്താനങ്ങൾ ചെയ്യുന്ന കർമ്മങ്ങളുടെ പ്രതിഫലം മാതാപിതാക്കൾക്കും ലഭിക്കുന്നതാണ്. അനസ് (റ) പറഞ്ഞതായി അബൂയഅ്ലാ ഉദ്ധരിക്കുന്നു: പ്രായപൂർത്തിയാകുന്നത് വരെ മക്കൾ ചെയ്യുന്ന നന്മകളുടെ പ്രതിഫലം മാതാപിതാക്കൾക്ക് വേണ്ടി എഴുതപ്പെടും. അവർ ചെയ്യുന്ന തിന്മകൾ അവരുടെ പേരിലോ മാതാപിതാക്കളുടെ പേരിലോ രേഖപ്പെടുത്തുന്നതല്ല.'' (അൽ ഫതഹുർറബ്ബാനി- ശൈഖ് അബ്ദുറഹ്മാൻ ബന്ന സാആതി).

**കുറിപ്പുകൾ**

1. കാറ്റ്, ജിന്ന്, പിശാച് എന്നിങ്ങനെയാണ് അർഥം.
2. മരണാസന്നനായ വ്യക്തിക്ക് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ശഹാദത്ത് കലിമ പറഞ്ഞു കൊടുക്കുകയെന്നതാണ് തൽഖീൻ കൊണ്ടുള്ള വിവക്ഷ.
3. നവജാത ശിശുവിന് ബാങ്കും ഇഖാമത്തും കൊടുക്കുന്നത് സംബന്ധിച്ച് വന്ന ഹദീസുകൾ ദുർബലമാണെന്ന് ശൈഖ് നാസിറുദ്ദീൻ അൽബാനി രേഖപ്പെടുത്തിയിട്ടുണ്ട്. അതേ സമയം പ്രമുഖ സുഊദീ പണ്ഡിതനായ ശൈഖ് ഉസൈമീന്റെ അഭിപ്രായത്തിൽ നവജാത ശിശുവിന്റെ വലത് ചെവിയിൽ ബാങ്ക് കൊടുക്കണമെന്ന് നിർദ്ദേശിക്കുന്ന ഹദീസ് സ്വീകാര്യവും എന്നാൽ ഇഖാമത്തുമായി ബന്ധപ്പെട്ട ഹദീസ് സ്ഥിരീകരിക്കപ്പെടാത്തതുമാണ്. എന്നാൽ ശൈഖ് ഇബ്നുബാസിന്റെ അഭിപ്രായത്തിൽ നവജാത ശിശുവിന് ബാങ്കും ഇഖാമത്തും കൊടുക്കുന്നതിൽ തെറ്റില്ല. ഇമാം തുർമുദിയെ ഉദ്ധരിച്ച് കൊണ്ട് ഇമാം നവവി എഴുതുന്നു. നവജാത ശിശുവിന്റെ വലത് ചെവിയിൽ ബാങ്കും ഇടത് ചെവിയിൽ ഇഖാമത്തും കൊടുക്കുന്നത് അഭിലഷണീയ(മുസ്തഹബ്ബ്) മാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു (അൽ അദ്കാർ, പേജ് 253).

പുസ്തകം / ഡോ. ഉമർ ഒ. തസ്നീം

# 'ക്രോധത്തിന്റെ കാലം' ഫാഷിസ്റ്റ് വിരുദ്ധ പോരാളികൾക്ക് ഒരു കൈപ്പുസ്തകം




പങ്കജ് മിശ്രയുടെ
Age of Anger:
a History of the Present
എന്ന പുസ്തകത്തെ കുറിച്ച്.


ചരിത്രം ഭൂതകാലത്തിന്റെ വസ്തുതാപരമായ വിവരണമല്ല; മറിച്ച്, ഒരു ജനത മറക്കാൻ ഓർമിക്കുകയും, ഓർമിക്കാൻ മറക്കുകയും ചെയ്യുന്ന സംഭവങ്ങളുടെ കലവറയാണ് എന്ന അർഥത്തിൽ സ്വൻലിൻഡ് ക്വിസ്റ്റ് നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്. ഇന്ന് നാം വായിക്കുന്ന നവോത്ഥാനത്തിന്റെയും പുരോഗതിയുടെയും പടിഞ്ഞാറൻ ചരിത്രം ലിൻഡ് ക്വിസ്റ്റിന്റെ അഭിപ്രായത്തിൽ, ഇത്തരം ഒരു ശുചീകൃത വിവരണം (Sanitized Account) ആണ്. അല്ലായിരുന്നെങ്കിൽ, അഭിനവ പാശ്ചാത്യ നാഗരിക ചരിത്രം വിവരിക്കാൻ ജോസഫ് കോൺറാഡ് 'ഇരുളിന്റെ ആത്മാവ്' എന്ന വിഖ്യാത ഗ്രന്ഥത്തിൽ ഉപയോഗിച്ച ഒരേയൊരു വാക്യം മതിയാകുമായിരുന്നു എന്നാണ് ലിൻഡ് ക്വിസ്റ്റിന്റെ അഭിപ്രായം. Exterminate the Brutes (കിരാതരെ കൊന്നൊടുക്കുക) എന്നതാണ് ആ വാക്യം.


അമേരിക്ക മുതൽ ആസ്ത്രേലിയ വരെ യൂറോപ്യൻ സാമ്രാജ്യത്വം ചെയ്തുകൂട്ടിയത് ഈയൊരു പ്രമാണത്തിന്റെ പൂർത്തീകരണമായിരുന്നു.


സാമ്രാജ്യത്വത്തിന്റെ കാലാൾ പടയാളികൾക്ക് തൊലി കറുത്തതോ മഞ്ഞളിച്ചതോ ആയ കിരാതരെ വകവരുത്തുക എന്നത് ഒരു മൃഗയാ വിനോദത്തിന്റെ രസാനുഭൂതിയായിരുന്നെങ്കിൽ, കിപ്ളിംഗിനെയും സ്പെൻസറിനെയും കുവിയറിനെയും പോലെ അധീശവൽക്കരണത്തിന് ബൗദ്ധിക ഇന്ധനം സ്വരൂപിച്ചു കൊടുത്തവർക്ക് അത് കൃത്യമായ അജണ്ടയോടു കൂടിയ ഒരു വ്യാവസായിക നശീകരണ പദ്ധതിയായിരുന്നു. Survival of the Fittest എന്ന അപകടകരമായ സിദ്ധാന്തം ആവിഷ്കരിച്ച സ്പെൻസറിന്റെ അഭിപ്രായത്തിൽ നിലനിൽക്കാനുള്ള അർഹത എല്ലാ ജീവവർഗങ്ങൾക്കും ഒരു പോലെയല്ല; ചിലർ അതിജീവനത്തിന് അർഹരാണ് എന്നത് പോലെ തന്നെ ചിലർ നാമാവശേഷമാകേണ്ടത് പ്രകൃതി നിയമങ്ങളുടെ താൽപ്പര്യമാണ്; അർഹതയുള്ളവരുടെ അതിജീവനത്തിന് വേണ്ട ജീവസ്ഥലി (നാസികളെ ഏറെ പ്രചോദിപ്പിച്ച 'ലെയ്ബൻസ് റോം' എന്നതിന്റെ പച്ച മലയാളമാണ് ഈ വാക്ക്) ഒരുക്കാൻ ഈ പ്രക്രിയ അനിവാര്യമാണ്. അതിനാൽ താണ തരം ജീവവർഗങ്ങളെയും ജനുസ്സുകളെയും ആഹുതി ചെയ്ത് അതിജീവന ശേഷിയുള്ളവർ ഭൂമിയിൽ അവരുടെ അധിനിവേശം ഉറപ്പിക്കുക. സ്പെൻസറിനെ ഇങ്ങനെയാണ് തെറ്റായോ ശരിയായോ പലരും വായിച്ചത്; അതിനാൽ തന്നെ അവർ ആധുനിക ലോകത്ത് അരങ്ങേറിയ നരമേധങ്ങൾക്ക് കാർമികത്വം വഹിച്ചതോ / നോക്കിക്കണ്ടതോ നിർവികാരതയോടെ എന്നതിനേക്കാൾ വർധിതാതിരേകത്തോടെയായിരുന്നു (സ്പെൻസറിൽ നിന്ന് രക്ഷിക്കാനായില്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസം കൊണ്ട്

പങ്കജ് മിശ്ര






എന്ത് പ്രയോജനം എന്ന് മഹാത്മജി ചെസ്റ്റേർട്ടനെ ഉദ്ധരിച്ച് പറഞ്ഞത് ആനുഷംഗികമായി ഓർക്കാം).

ഹിംസയുടെയും ക്രോധത്തിന്റെയും വർത്തമാന ചരിത്രം വിവരിക്കുന്ന പങ്കജ് മിശ്രയുടെ Age of Anger എന്ന കൃതിയിൽ സ്പെൻസറിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട എത്രയോ കഥാപാത്രങ്ങളും അവർ വർത്തമാന ചരിത്രത്തിൽ വഹിച്ച പങ്കും കടന്നു വരുന്നു.

**അനൺസിയോവും മാസ്സിനിയും**

ഗബ്രിയേൽ ഡി അനൺസിയോ എന്ന ഇറ്റലിക്കാരൻ ചില്ലറക്കാരനായിരുന്നില്ല. നോവലിസ്റ്റും നാടകകൃത്തും കവിയും കാമുകനുമായിരുന്ന അയാൾ പൈലറ്റും പോരാളിയുമായിരുന്നു. ഇറ്റാലിയൻ ഫാഷിസത്തിനും തീവ്ര ദേശീയതക്കും വിത്തു പാകിയ അനൺസിയോയുടെ സംഭവബഹുലമായ ജീവിതം വിവരിച്ചുകൊണ്ടാണ് മിശ്ര അപര വിരോധത്തിന്റെ വർത്തമാന ചരിത്രം ആവിഷ്കരിക്കുന്നത്. നീത്ഷെ പറഞ്ഞ അതിമാനുഷനാണ് താനെന്ന് സ്വയം വിശ്വസിച്ച അനൺസിയോവിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ ഒരു കാലത്ത് ഇറ്റലിയിൽ ചെറുപ്പക്കാരുടെ വലിയ തിരക്കായിരുന്നു. അന്ന് തീരെ അറിയപ്പെടാതിരുന്ന ഹിറ്റ്ലറും മുസ്സോളിനിയും അദ്ദേഹത്തിന്റെ ശിഷ്യത്വം മനസ്സാ വരിച്ചവരായിരുന്നു. നേരിയ ഒരിടവേളയിൽ ഫ്യും പട്ടണത്തിന്റെ ഭരണാധികാരിയായ അനൺസിയോ എതിരാളികളെ വകവരുത്താൻ സവിശേഷമായ ഒരു പീഡന രീതി ആവിഷ്കരിച്ചിരുന്നു. അവരെ വയറു നിറയെ ആവണക്കെണ്ണ കുടിപ്പിക്കും; എന്നിട്ട് സ്വന്തം വിസർജ്യത്തിൽ അവർ കിടന്ന് പുളയുന്നതു കണ്ട് ആനന്ദനിർവൃതിയടയും.

തീവ്ര ഇറ്റാലിയൻ ദേശീയതയുടെ പ്രണേതാക്കളായ അനൺസിയോയുടെയും മാസ്സിനിയുടെയും ആശയങ്ങളും ജീവിത സന്ദർഭങ്ങളും ഇരുപതാം നൂറ്റാണ്ടിൽ ശക്തമായ അക്രമാസക്ത ദേശീയതയുടെ ജനിതകവും പരിണാമവും അന്വേഷിക്കാനുള്ള ചവിട്ടുപലകയായി ഉപയോഗിക്കുന്ന മിശ്ര തുടർന്ന് റൂസ്സോയിലേക്കും വോൾട്ടയറിലേക്കും ഖുത്ബിലേക്കും ശരീഅത്തിയിലേക്കും സവർക്കറിലേക്കും ചരിത്രപഥങ്ങളെ കീറിമുറിച്ച് ട്രപ്പീസ് കളിക്കാരന്റെ മെയ്വഴക്കത്തോടെ ചാഞ്ചാടുന്നു. ആധുനിക ഭാവനയെ ഏറെ സ്വാധീനിച്ച ഈ വ്യക്തികളുടെ ജീവിത സംഭവങ്ങളിലൂടെയും ചിന്തകളിലൂടെയും സഞ്ചരിച്ച് ഫുക്കോൾഡിയൻ രീതിയിൽ വർത്തമാനത്തിന്റെ ഒരു പുരാവസ്തു ചരിതം (Archaeology) രചിക്കാനാണ് ഈ ഗ്രന്ഥത്തിൽ മിശ്രയുടെ ശ്രമം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രധാനമായും 19-ഉം 20-ഉം നൂറ്റാണ്ടുകളിൽ സ്പെൻസറിന്റെയും നീത്ഷെയുടെയും സ്വാധീനത്തിൽ വളർന്ന തീവ്ര ദേശീയതയിലാണ് അഭിനവ ഭീകരതയുടെ ആദിബീജങ്ങൾ അന്വേഷിക്കേണ്ടത്; അല്ലാതെ സദാ പ്രതിക്കൂട്ടിൽ നിർത്തപ്പെടുന്ന ഇസ്‌ലാം മത ശാസനകളിലോ മറ്റോ അല്ല.

ഇറ്റലിയെ സംബന്ധിച്ചേടത്തോളം ഫാഷിസത്തിന്റെ 'സ്നാപക യോഹന്നാൻ' എന്ന് മുസ്സോളിനി വിശേഷിപ്പിച്ച അനൺസിയോ ഈ പ്രക്രിയയിൽ ഒറ്റക്കായിരുന്നില്ല. ഫിലിപ്പോ മാരിനെറ്റി തുടക്കം കുറിച്ച ഫ്യൂച്ചറിസം എന്ന സാഹിത്യ-കലാ പ്രസ്ഥാനം തന്നെ ഹിംസയുടെയും അപരന്റെ ചോര ചിന്തുന്നതിന്റെയും മഹത്വം ഉദ്ഘോഷിച്ച പ്രസ്ഥാനമായിരുന്നു.

ലിബിയയിൽ ഇറ്റാലിയൻ ഇംപീരിയലിസ്റ്റുകൾ നടത്തിയ മനുഷ്യമനസ്സാക്ഷിയെ മരവിപ്പിച്ച ക്രൂരതകൾക്കും നരമേധങ്ങൾക്കും പ്രചോദനവും പ്രോത്സാഹനവുമായത് ഈ കലാകാരന്മാരുടെ രചനകളായിരുന്നു. പ്രധാനമായും സ്പെൻസറിന്റെ ചിന്തകളിൽ ആകൃഷ്ടനായ മാരിനെറ്റിയുടെ അഭിപ്രായത്തിൽ കല ഹിംസാത്മകമാവണം; അത് ധാർമികതയെ ഉൽപ്പാദിപ്പിക്കുന്ന യുദ്ധത്തെ പ്രോത്സാഹിപ്പിക്കണം; കാരണം, യുദ്ധത്തിലൂടെ സംഭവിക്കുന്നത് ഒരു തരം ശുചീകരണ പ്രക്രിയ (Hygenic Process)ആണ്. ഇറ്റലിയുടെ ലിബിയൻ അധിനിവേശം അരങ്ങേറിയപ്പോൾ മാരിനെറ്റിക്ക് തന്റെ ആവേശം അടക്കാനായില്ല. 'വെടിയുണ്ടകളുടെ മാസ്മരിക സംഗീതാനുഭൂതി'യെ അയാൾ തന്റെ 'ഫ്യൂച്ചറിസ്റ്റ് മാനിഫെസ്റ്റോ'യിൽ മനോഹരമായി വർണിച്ചു. ഒരുപക്ഷേ, മാരിനെറ്റിയേക്കാൾ കാര്യങ്ങൾ തെളിച്ചു പറഞ്ഞത് ഫ്യൂച്ചറിസത്തിന്റെ മറ്റൊരു അപ്പോസ്തലനായിരുന്ന പാപിനിയായിരുന്നു. ഭൂമിയെ കറുത്തവരുടെ ചുടുചോരയിൽ കുളിപ്പിക്കേണ്ടതുണ്ടെന്ന് അയാൾ ഭംഗ്യന്തരേണ പറയുന്നുണ്ട് (മിശ്ര 247). യുദ്ധവേളയിൽ ലിബിയ സന്ദർശിച്ച മാരിനെറ്റിക്ക് ഒരു സങ്കടമുണ്ടായിരുന്നു; 'മാനുഷികതയിലുള്ള കൊളോണിയലിസ്റ്റുകളുടെ മൂഢവിശ്വാസം' മൂലം ഇറ്റാലിയൻ പട്ടാളക്കാർ പലപ്പോഴും യഥാർഥ ക്രൗര്യം കാണിക്കാൻ അറച്ചു നിൽക്കുന്നു. ഇറ്റാലിയൻ ക്രൂരതയെ ലോകം മുഴുവൻ അപലപിച്ചുകൊണ്ടിരുന്ന ഘട്ടത്തിലാണ് ഈ ധിഷണാശാലി ഇങ്ങനെ മൊ

●● Matrimonial

മുസ്‌ലിം യുവതി (27/5'2"). 45 Kg. M.Com. സഹോദരനൊപ്പം ഖത്തറിലെ സ്കൂളിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. വിവാഹ മോചിത. പാലക്കാട് ജില്ല. അനുയോജ്യരായ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു. ഖത്തറിൽ ജോലി ചെയ്യുന്നവർക്ക് മുൻഗണന.

**0097433115470**(ഖത്തർ)
**9745718227**


ഗബ്രിയേൽ ഡി അനൺസിയോ


അലി ശരീഅത്തി

ഴിഞ്ഞതെന്നോർക്കണം.

ചെടികളിലെന്നതു പോലെ മനുഷ്യരിലും കളകളുണ്ട്; അവ പിഴുതുകളഞ്ഞ് അതിജീവനത്തിനർഹതയുള്ള മേത്തരം ജനുസ്സുകളിൽപെട്ട വംശങ്ങൾക്ക് പുഷ്ടിപ്പെടാൻ സ്ഥലവും അവസരവുമൊരുക്കുകയെന്ന സ്പെൻസേറിയൻ കാഴ്ചപ്പാട് തന്നെയായിരുന്നു തീവ്ര ദേശീയതയെ പ്രചോദിപ്പിച്ചതെന്ന് പറയുന്ന മിശ്ര സ്വയം അതിമാനുഷ പദവി എടുത്തു ചാർത്തുന്ന അനൺസിയോയുടെയും മാരിനെറ്റിയുടെയും വിവിധ ദേശാന്തര പതിപ്പുകളെ അവലോകനവിധേയമാക്കുന്നു.

**സ്പെൻസറും സവർക്കറും**

സാമ്പത്തിക പ്രാരാബ്ധങ്ങളാൽ വലഞ്ഞ ആ മറാഠി ബ്രാഹ്മണന് തന്റെ മകനെ കോളേജിലയച്ച് പഠിപ്പിക്കാൻ മാർഗമുണ്ടായിരുന്നില്ല. സമ്പന്നനായ സുഹൃത്ത് തന്റെ മകളെ അവനെ ക്കൊണ്ട് വിവാഹം കഴിപ്പിച്ച് പഠന ചെലവ് വഹിക്കാമെന്നേറ്റു. പൂനെ ഫെർഗൂസൺ കോളേജിൽ പ്രവേശനം നേടിയ സവർക്കർ എന്ന ചെറുപ്പക്കാരൻ അവിടെ വെച്ച് സ്പെൻസറിന്റെ മാന്ത്രിക പ്രഭാവത്തിന് വശംവദനായി. ചെറുപ്പത്തിലേ അവന്റെ മനസ്സ് അപര വിരോധത്തിന്റെ നെരിപ്പോടായി മാറിയിരുന്നു. ആത്മകഥയിൽ, പന്ത്രണ്ടാം വയസ്സിൽ ഏതാനും സുഹൃത്തുക്കൾക്കൊപ്പം ഒരു മുസ്‌ലിം പള്ളി അലങ്കോലമാക്കിയത് വീരസ്യത്തോടെ വിവരിച്ചത് ഇതിന്റെ തെളിവായിരുന്നു. സ്പെൻസർ സിദ്ധാന്തങ്ങളിൽ ആകൃഷ്ടനായ സവർക്കർ സ്കോളർഷിപ്പോടെ ഇംഗ്ലണ്ടിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധ തീവ്ര ദേശീയതയുടെ വക്താവായ മാസ്സിനിയിൽ പതിഞ്ഞു. ആശയങ്ങൾ പുഷ്ടി നേടാൻ അവക്ക് ചോരയുടെ ചൂര് തട്ടണമെന്ന് വിശ്വസിച്ച മാസ്സിനിയുടെ മാസ്മരികത വർഷങ്ങളോളം സവർക്കറെ പ്രലോഭിപ്പിച്ചതായി മിശ്ര ചൂണ്ടിക്കാണിക്കുന്നു.

കൊളോണിയൽ മാനവിക സങ്കൽപ്പനങ്ങൾ കാരണം ഇറ്റാലിയൻ പട്ടാളക്കാർ ലിബിയയിൽ തദ്ദേശീയരോട് വേണ്ട രീതിയിൽ ക്രൗര്യം കാണിക്കുന്നില്ല എന്നാണ് അനൺസിയോ പരിതപിച്ചതെങ്കിൽ 'സ്ത്രീത്വത്തോട് കാണിക്കേണ്ട ധീരമര്യാദ'(Chivalry)യെ കുറിച്ച ധാരണകൾ കാരണം ഹിന്ദു പടയാളികൾ മുസ്‌ലിം സ്ത്രീകളെ ബലാത്സംഗം ചെയ്യുന്നില്ല എന്നതായിരുന്നു സവർക്കറുടെ പരാതി. ഹിംസ സവർക്കർക്ക് ഒരു വിമോചന രൂപകമായെങ്കിൽ വെറുപ്പ് അദ്ദേഹത്തിന്റെ തത്ത്വ ശാസ്ത്രത്തിന്റെ അവിഭാജ്യാംശമായി (Categorical Imperative) എന്ന് മിശ്ര വിവരിക്കുന്നു (256-57). വർത്തമാന ഇന്ത്യയിൽ അരങ്ങേറുന്ന ഹിംസയുടെയും കലാപങ്ങളുടെയും ജനിതകമന്വേഷിക്കുന്നവർക്ക് മിശ്രയുടെ ഈ നിരീക്ഷണങ്ങൾ ഒരു വെളിപാടായി അനുഭവപ്പെടാതിരിക്കില്ല.

ആധുനിക വംശീയ ഉന്മൂലന ചരിത്രം വിവരിക്കുന്ന തന്റെ ഗ്രന്ഥത്തിന് ലെൻഡ് ക്വിസ്റ്റ് കോൺറാഡിൽ നിന്ന് കടമെടുത്ത 'കിരാതരെ കൊന്നൊടുക്കുക' എന്ന തലവാചകമാണ് ഉപയോഗിക്കുന്നതെങ്കിൽ സവർക്കറെ വിശകലനം ചെയ്യുന്ന അധ്യായത്തിന് ഉപശീർഷകമായി മിശ്ര കൊടുക്കുന്നത് Learning from (while Exterminating) the Brutes (255) എന്നാണ്. അതായത് സ്പെൻസറിനെയും മാസ്സിനിയെയും പോലുള്ള പടിഞ്ഞാറൻ വംശീയതയുടെ വക്താക്കൾക്ക് ഗുരുദക്ഷിണ നൽകുമ്പോൾ തന്നെ തങ്ങൾ വിഭാവനം ചെയ്യുന്ന പുണ്യഭൂമി സങ്കൽപ്പനത്തിനു പുറത്തായതിനാൽ അവരെയും കിരാതരായി കാണാനേ തീവ്ര ഹിന്ദുത്വ ദേശീയതക്ക് കഴിയുന്നുള്ളൂ എന്ന് സാരം.

**വിദ്വേഷം നുരയുന്ന ആഗോള ഗ്രാമം**

എല്ലാവരും സ്വന്തം തോടിലേക്ക് ഉൾവലിയുന്ന ആഗോള ഗ്രാമത്തിൽ സഹകരണം, സഹാനുഭൂതി, അനുകമ്പ തുടങ്ങിയവ എടുക്കാച്ചരക്കുകളായി മാറിയതായി മിശ്ര പരിതപിക്കുന്നു. വിദ്യാഭ്യാസത്തിന്റെ സാർവത്രികത കീഴാളരിലെ വലിയൊരു വിഭാഗത്തിൽ വിമോചനത്തിന്റെ പ്രത്യാശക്ക് തിരികൊളുത്തി. എന്നാൽ ആഗോളീകരണവും നഗരവൽക്കരണവും ചരിത്രത്തിലില്ലാത്ത സാമ്പത്തിക - സാമൂഹിക അസമത്വങ്ങൾക്കാണ് ഹേതുവായത്. നിരാശയും വെറുപ്പും അസൂയയും (Resentment) കലർന്ന ഒരു പ്രത്യേക വൈകാരികാവസ്ഥയാണ് ഇതൊരു തലമുറയിൽ ഉണ്ടാക്കിയത്. ആൽബർ കാമ്യു വിവരിച്ചതു പോലെ ഒരു ആത്മവിഷസംക്രമണി ഇവിടെ വ്യക്തികളിൽ അവരറിയാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഉഗ്രസംഹാര ശേഷിയുള്ള ഈ വിഷം ഭീകരതയുടെ ഭിന്ന വക്താക്കളിൽ പൊതുവായി കാണുന്ന ഏകകമാണെന്ന് മിശ്ര വാദിക്കുന്നു. ഓക്‌ലഹോമ ഭീകരാക്രമണത്തിന് ഉത്തരവാദിയായിരുന്ന തിമോത്തി മാക് വെയ്യും പാളിപ്പോയ ആദ്യ വേൾഡ് ട്രേഡ് സെന്റർ ആക്രമണം ആസൂത്രണം ചെയ്ത അഹ്മദ് റംസിയും തമ്മിൽ ഈയർഥത്തിൽ അടുത്ത ചാർച്ചയാണുള്ളത്. ഇരുവരും ജയിലിൽ അടുത്ത കൂട്ടുകാരായി മാറിയ കാര്യം അദ്ദേഹം സൂചിപ്പിക്കുന്നു. മാക് വെയ്യെ വധശിക്ഷക്ക് വിധേയമാക്കിയപ്പോൾ റംസി പറഞ്ഞു: 'അയാളോളം എന്റെ വ്യക്തിത്വവുമായി സാദൃശ്യമുള്ള ഒരാളിനെയും ഞാനിതു വരെയും കണ്ടിട്ടില്ല.'

നിരപരാധികളെ കൊന്നുവെന്ന പാപത്തിന്റെ പേരിൽ തന്നെ ശിക്ഷിക്കാൻ അമേരിക്കക്ക് യാതൊരധികാരവുമില്ലെന്ന് വിചാരണാവേളയിൽ വാദിച്ച മാക് വെയ് അമേരിക്കൻ അധികൃതരോട് പറഞ്ഞ കാര്യങ്ങൾ കൂരമ്പിന്റെ മൂർച്ചയു


ഫിലിപ്പോ മാരിനേറ്റി


ജോസഫ് കോൺറാഡ്


മാസ്സിനി


മുഹമ്മദ് അത്ത

ള്ളതായിരുന്നു: 'രണ്ട് ഇറാഖികളെ ക്രൂരമായി അറുകൊല ചെയ്തതിന് നിങ്ങൾ എന്നെ മെഡൽ നൽകി ആദരിച്ചിരുന്നു. അമേരിക്കൻ മിലിറ്ററി യൂണിഫോമിൽ ഞാൻ അന്ന് നിറയൊഴിച്ചത് ആത്മപ്രതിരോധാർഥമായിരുന്നില്ല... ആ കൊല്ലപ്പെട്ടവരും എന്നെപ്പോലെ ആഗ്രഹങ്ങളും സ്വപ്നങ്ങളുമുള്ള മനുഷ്യരായിരുന്നു.'


ബോംബ് വെച്ച് നശിപ്പിച്ച ഫെഡറൽ കെട്ടിടത്തിൽ കുട്ടികളുണ്ടായിരുന്നുവെന്ന കാര്യം തനിക്കറിയില്ലായിരുന്നുവെന്ന് വാദിച്ച മാക് വെയ് ഇറാഖിലെ കെട്ടിടങ്ങൾക്കകത്ത് കുട്ടികളുണ്ടായിരുന്നു എന്നറിഞ്ഞിട്ടും യാതൊരു മനസ്സാക്ഷിക്കുത്തും കൂടാതെ അവ ബോംബ് വെച്ച് തകർത്തതിന്റെ ന്യായം എന്തായിരുന്നുവെന്ന് ചോദിച്ചു.

**മാക്‌വെയും മുഹമ്മദ് അത്തയും**

വേൾഡ് ട്രേഡ് സെന്ററിലേക്ക് വിമാനം പറത്തിക്കയറ്റിയ മുഹമ്മദ് അത്തയിലും വെളുത്ത ഭീകരവാദിയായ മാക് വെയ്യിലും ഓസ്ലോ വെടിവെപ്പിന് ഉത്തരവാദിയായ ആൻഡേഴ്സ് ബ്രെവിക്കിലും എല്ലാം എരിയുന്നത് ഒരേ പകയും വിദ്വേഷവുമാണെന്ന് വാദിക്കുന്ന മിശ്ര മുസ്‌ലിം തീവ്രവാദികളുടെ ഭൂതകാല ജീവിതം ചികയാനും മറക്കുന്നില്ല. പടിഞ്ഞാറൻ നിശാകേന്ദ്രങ്ങളിലും വേശ്യാതെരുവുകളിലും അലഞ്ഞിരുന്ന ഇവരിൽ മിക്കവർക്കും പറയത്തക്ക മത ബോധമോ പരിജ്ഞാനമോ ഇല്ലായിരുന്നുവെന്നാണ് അദ്ദേഹം എത്തിപ്പെടുന്ന വിധിതീർപ്പ്. സ്ഥിതിവിവര കണക്കുകളുടെ അകമ്പടിയോടെ ചരിത്ര യാഥാർഥ്യങ്ങളെ കുലങ്കശമായി വിലയിരുത്തി വർത്തമാന പ്രതിഭാസങ്ങളെ അപഗ്രഥനം ചെയ്യുക എന്നതിനേക്കാൾ ഒരു കാലഘട്ടത്തിന്റെ പ്രജ്ഞ രൂപീകരിച്ച സാഹിത്യ-കലാ ഉൽപ്പന്നങ്ങളെ അവലോകനവിധേയമാക്കി വർത്തമാനത്തിന്റെ ഒരു മനോവിശ്ലേഷണമാണ് അദ്ദേഹം ലക്ഷ്യമാക്കുന്നത്. ഈ സമീപനം ഒരേസമയം കൃതിയുടെ ശക്തിയും ദൗർബല്യവുമായി പരിണമിക്കുന്നുണ്ട്.

തീവ്ര ദേശീയതയിലും അപര നിഗ്രഹത്തിലും അധിഷ്ഠിതമായ സവർക്കറിന്റെ വിചാരധാരയെ സ്പെൻസറിലേക്കും മാസ്സിനിയിലേക്കും ബന്ധിപ്പിക്കുമ്പോൾ തന്നെ അതിന് മനുവിലും ചാണക്യനിലുമുള്ള അടിവേരുകൾ അദ്ദേഹം അവഗണിക്കുന്നു. ചാണക്യനുമായി താരതമ്യം ചെയ്യുമ്പോൾ മാക്യവെല്ലി മദർ തെരേസയെപ്പോലെ നിഷ്കളങ്കനെന്ന് വെൻഡി ഡോണിഗർ പറഞ്ഞത് ഒരർഥത്തിൽ മനുവും മാസ്സിനിയും തമ്മിലുള്ള താരതമ്യത്തിലും സംഗതമാണ് (മനുവുമായി താരതമ്യം ചെയ്യുമ്പോൾ ഹിറ്റ്ലർ നിരുപദ്രവകാരിയെന്ന് സഹോദരൻ അയ്യപ്പൻ പറഞ്ഞത് നമുക്ക് ആനുഷംഗികമായി ഓർക്കാം). ഇതുപോലെ മുഹമ്മദ് അത്തയെയും റംസി യൂസുഫിനെയും പറ്റിയുള്ള വിലയിരുത്തലുകൾ ആധുനികതയിലും അതുൽപ്പാദിപ്പിക്കുന്ന സവിശേഷമായ Resentment എന്ന സങ്കീർണമായ മാനസികാവസ്ഥയുടെ പരിചരണത്തിലും പരിമിതപ്പെട്ടുപോകുന്നു. ഫലസ്ത്വീൻ അടക്കമുള്ള പ്രശ്നങ്ങളിൽ അറബ് ലോകവും പടിഞ്ഞാറും തമ്മിൽ നിലനിൽക്കുന്ന നീണ്ട അനീതിയുടെ ചരിത്രം പരിശോധിക്കാൻ ഒരു ഖണ്ഡിക പോലും മിശ്ര നീക്കിവെക്കുന്നില്ല. ഈ വിഷയത്തിൽ, കഴിഞ്ഞ ദശാബ്ദത്തിലിറങ്ങിയ ടെറി ഈഗ്ൾട്ടന്റെ Holy Terror, തലാൽ അസദിന്റെ On Suicide Bombing തുടങ്ങിയ ശ്രദ്ധേയ കൃതികളൊന്നും മിശ്ര തന്റെ പഠനത്തിലുദ്ധരിക്കുന്നില്ല. ഭീകരതയെ നേരിടാനുള്ള മികച്ച ഔഷധം നീതിയാണെന്ന് വാദിക്കുന്ന ഈഗ്ൾട്ടൺ, നീതിയും ആത്മാഭിമാനവും നിഷേധിക്കപ്പെടുന്ന സമൂഹങ്ങളിലുണ്ടാകുന്ന മാനസിക വിഭ്രമങ്ങളുടെ ജനിതക രീതികൾ അന്വേഷിക്കുന്നുണ്ട്. തങ്ങൾ നൂറ്റാണ്ടുകളായി നടത്തിക്കൊണ്ടിരിക്കുന്ന ചൂഷണത്തിന്റെയും അപഹരണത്തിന്റെയും അപമാനവീകരണത്തിന്റെയും പ്രതികരണമായി


തലാൽ അസദ്


നീത്ഷെ

ആ ഹിംസയെ കാണുന്നതിനു പകരം, ക്രിസ്തീയ ഭാവന പാവനത്വം കൽപ്പിക്കുന്ന ബലിദാനം എന്ന രീതിയിൽ സ്വയം പൊട്ടിത്തെറിച്ച് മരണം വരിക്കുന്ന ചാവേറുകളെ വിലയിരുത്തുന്നതിലുള്ള അബദ്ധമാണ് അസദ് തന്റെ പഠനത്തിൽ അപഗ്രഥിക്കുന്നത്.

മിശ്ര തന്റെ ഗ്രന്ഥത്തിലുദ്ധരിക്കുന്ന ബിൻ ലാദന്റെ 'നിങ്ങൾ ഞങ്ങളുടെ നിരപരാധികളെ കൊന്നതിനാൽ ഞങ്ങൾ നിങ്ങളുടെ നിരപരാധികളെ കൊല്ലുന്നു' എന്ന പ്രസ്താവന (294) ഈയൊരു മനോഘടനയെയാണ് സൂചിപ്പിക്കുന്നത്. ഈ രൂപത്തിൽ, ചരിത്രസന്ദർഭങ്ങളെ കണക്കിലെടുത്തുള്ള വിശകലനങ്ങൾക്ക് മുതിർന്നിരുന്നുവെങ്കിൽ മിശ്രയുടെ ഗ്രന്ഥം കൂടുതൽ മികവുറ്റതാകുമായിരുന്നു. പക്ഷേ, ഈ പരിമിതികൾക്കൊപ്പം തന്നെ ഈ രചന ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് ഒരു മികച്ച കൈപ്പുസ്തകമാണെന്ന് സമ്മതിച്ചേ പറ്റൂ. 'എഡ്വേഡ് സൈദിന്റെ അനന്തിരവൻ' എന്ന് 'ദ എക്കണോമിസ്റ്റ്' പങ്കജ് മിശ്രയെ വിശേഷിപ്പിച്ചത് എന്തുകൊണ്ടും അന്വർഥമെന്ന് ഇതിലെ ഓരോ താളും സാക്ഷ്യപ്പെടുത്തുന്നു. ●

# ധൂർത്തടിക്കുന്ന പണം ഇങ്ങനെ ചെലവഴിച്ചിരുന്നെങ്കിൽ

അനുഭവം/ **ഡോ. അബ്ദുർറഹ്മാൻ അസ്സുമൈത്ത്**

(കുവൈത്തിലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മുന്നണിപ്പോരാളിയും പ്രശസ്ത പ്രബോധകനുമായ ഡോ. അബ്ദുർറഹ്മാൻ അസ്സുമൈത്ത് തന്റെ അനുഭവം വിവരിക്കുന്നു)

ആഫ്രിക്കൻ രാജ്യങ്ങളിലെ പര്യടനത്തിനിടയിൽ ഒരു പാവപ്പെട്ട സ്ത്രീയുടെ ദീനവിലാപം ശ്രദ്ധയിൽ പെട്ടു. ഞങ്ങളുടെ സംഘത്തിലുണ്ടായിരുന്ന ഡോക്ടറോട് അവർ സഹായത്തിനായി കേണപേക്ഷിക്കുകയാണ്. തന്റെ മകനെ വിദ്യാഭ്യാസ- ആരോഗ്യ സഹായമർഹിക്കുന്നവരുടെ സ്പോൺസർ പട്ടികയിൽ ചേർക്കണമെന്ന് നിരന്തരം ആവശ്യപ്പെടുന്നു. അവരുടെ കരച്ചിൽ നിയന്ത്രണാതീതമായപ്പോൾ ഞാൻ ഡോക്ടറോട് നേരിൽ സംസാരിച്ചു. അദ്ദേഹം പറഞ്ഞു: 'ആ കുഞ്ഞിന്റെ ആരോഗ്യാവസ്ഥ വളരെ മോശം. അധിക കാലം ജീവിക്കുകയില്ല. അവനെ സഹായ പട്ടികയിൽ ചേർക്കാനാണ് അവർ വാശി പിടിക്കുന്നത്. ജീവിച്ചിരിക്കാൻ സാധ്യതയുള്ളവർക്കല്ലേ പരിഗണന നൽകേണ്ടത്?' പിന്നീട് പരിഭാഷകൻ മുഖേന ആ ഉമ്മയോട് ചോദിച്ചു: 'ഈ കുട്ടിക്ക് ഒരു ദിവസത്തേക്ക് എത്ര സംഖ്യ വേണം?' അവർ ആവശ്യപ്പെട്ട തുക എന്റെ നാട്ടിൽ ഒരു പെപ്സിയുടെ വിലയേക്കാൾ കുറവായിരുന്നു. 'സഹോദരീ, നിങ്ങളുടെ മകന്റെ മുഴുവൻ ചെലവും ഞാൻ വ്യക്തിപരമായി ഏറ്റെടുത്തിരിക്കുന്നു. സമാധാനിക്കുക.' സന്തോഷാധിക്യത്താൽ എന്റെ കൈ ചുംബിക്കാൻ മുന്നോട്ടു വന്നെങ്കിലും ഞാൻ അവരെ വിലക്കുകയായിരുന്നു. ആ കുട്ടിയുടെ ഒരു വർഷത്തെ ചെലവിനാവശ്യമായ സംഖ്യ ചെക്കായി ഏൽപിക്കുകയും ചെയ്തു. അത് തീർന്നാൽ തന്റെ ഓഫീസുമായി ബന്ധപ്പെട്ടാൽ തുടർന്നും സഹായം ലഭിക്കുമെന്നറിയിച്ചു. ആ മാതാവ് പുതുതായി ഇസ്‌ലാമിലേക്ക് വന്നവരായിരുന്നു. അവരുടെ മനസ്സിനെ ഇണക്കുകയും സമാധാനിപ്പിക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. ആ കുട്ടിയുടെ മോശം ആരോഗ്യാവസ്ഥ മൂലം അവന്റെ ജീവിതം എണ്ണപ്പെട്ട ദിവസങ്ങൾ മാത്രമാണെന്ന് മനസ്സ് മന്ത്രിക്കുന്നുണ്ടായിരുന്നു.

കാലക്കറക്കത്തിൽ ആ കുട്ടിയുടെ കഥ ഞാൻ പറ്റേ മറന്നു. ഒരു വ്യാഴവട്ടക്കാലത്തിനു ശേഷം വീണ്ടും ആ പ്രദേശം സന്ദർശിക്കാനെത്തി. ഓഫീസിലെ കൃത്യനിർവഹണത്തിനിടയിൽ എന്നെ കാണാനായി ഒരു സ്ത്രീ അനുവാദം തേടുന്നതായി ഉദ്യോഗസ്ഥൻ അറിയിച്ചു. ഇതിനു മുമ്പും അവർ പലപ്പോഴായി ഇതേ ആവശ്യവുമായി വന്നിരുന്നുവെന്നും അയാൾ പറഞ്ഞു. അവരെ അകത്തേക്ക് വിടാൻ ഞാൻ പറഞ്ഞു. മുൻപരിചയമില്ലാത്ത ആ സ്ത്രീ തന്റെ ബാലനോടൊപ്പം എന്റെ മുന്നിൽ ഹാജരായി, ശാന്തമായി പറഞ്ഞു തുടങ്ങി: 'ഇതെന്റെ പുത്രൻ അബ്ദുർറഹ്മാൻ. ഖുർആൻ മുഴുവൻ മനഃപാഠമാക്കി; ധാരാളം നബിവചനങ്ങളും ഹൃദസ്ഥമാക്കിയിട്ടുണ്ട്. ഒരു പ്രബോധകനാകണമെന്നാണ് അവന്റെ അഭിലാഷം.' അവരുടെ ആവേശം കണ്ടപ്പോൾ ഞാൻ അവരോട് പറഞ്ഞു: 'നിങ്ങളെ എനിക്കറിയില്ലല്ലോ.' അന്നേരം ആ ബാലൻ ശുദ്ധമായ അറബിയിൽ പറഞ്ഞു തുടങ്ങി: 'ഇസ്‌ലാമിന്റെ കാരുണ്യമില്ലായിരുന്നുവെങ്കിൽ ഞാൻ താങ്കളുടെ സന്നിധിയിൽ എഴുന്നേറ്റു നിൽക്കുമായിരുന്നില്ല. എന്റെ മാതാവ് സംഭവങ്ങളെല്ലാം എന്നെ സവിസ്തരം ധരിപ്പിച്ചിട്ടുണ്ട്. എന്റെ ശൈശവം തൊട്ട് ബാല്യം വരെയും താങ്കളുടെ ധനസഹായമായിരുന്നു ഞങ്ങളുടെ ഏക ആശ്രയം. ഇനി മുതൽ താങ്കളോടൊപ്പം പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതനാവാൻ ഞാൻ ആഗ്രഹിക്കുന്നു. അറബിയോടൊപ്പം ആഫ്രിക്കൻ ഭാഷയും ഞാൻ നന്നായി കൈകാര്യം ചെയ്യും. പ്രതിഫലമായി ഭക്ഷണം നൽകിയാൽ മതി. എന്റെ ഖുർആൻ പാരായണം താങ്കളൊന്ന് കേൾക്കണം.' *അൽ ബഖറ* അധ്യായത്തിലെ ഏതാനും സൂക്തങ്ങൾ ശ്രവണമധുരമായ ശബ്ദത്തിൽ എന്നെ കേൾപ്പിച്ചു. അവന്റെ സുന്ദരമായ നയനങ്ങൾ അപ്പോഴും തന്റെ ആഗ്രഹം സാധിപ്പിച്ചുതരണമെന്ന് അഭ്യർഥിക്കുന്നതായി തോന്നി.

ഓർമകൾ പലതും ചികഞ്ഞെടുക്കാനുള്ള ശ്രമങ്ങളിൽ ഞാൻ അവരോട് ചോദിച്ചു: 'സ്പോൺസർഷിപ്പ് നിരസിക്കപ്പെട്ട ആ ബാലനാണോ ഇത്?' അവൻ പറഞ്ഞു: 'അതെ. എന്നെ താങ്കൾക്ക് പരിചയപ്പെടുത്തണമെന്ന് ഉമ്മാക്ക് നിർബന്ധമായിരുന്നു. താങ്കളുടെ പേരു തന്നെയാണ് അവർ എനിക്ക് നൽകിയതും.' ഇത്രയുമായപ്പോൾ എന്റെ പാദങ്ങൾ തളർന്നു, പക്ഷാഘാതം ഏറ്റ പോലെ ഞാൻ നിലംപതിച്ചു. സന്തോഷ -സന്താപ സമ്മിശ്ര വികാരങ്ങളോടെ സർവശക്തനു മുന്നിൽ സുജൂദ് ചെയ്തു കൊണ്ട് പറഞ്ഞു: 'അല്ലാഹുവേ! നീ എത്ര അത്യുദാരൻ! നിസ്സാരമായ ഒരു സംഖ്യ കൊണ്ട് ഒരു ജീവൻ രക്ഷിച്ചു; ഒരു ഇസ്‌ലാമിക പ്രബോധകനെ സമ്മാനിക്കുകയും ചെയ്തു. നാമെത്ര സമ്പത്താണ് ധൂർത്തടിക്കുന്നത്?' ഈ ബാലൻ പിന്നീട് ആഫ്രിക്കൻ വൻകരയിലെ ഏറ്റവും പ്രശസ്തനും സ്വീകാര്യനുമായ പ്രബോധകനായിത്തീർന്നു. സ്വർഗം അതെത്ര സുന്ദരം! അത് പ്രാപിക്കുക എത്ര എളുപ്പം! ഒരു കാരക്കച്ചീളു കൊണ്ടെങ്കിലും നരകത്തെ കാക്കുക. ●

മൊഴിമാറ്റം: **എം.ബി അബ്ദുർറശീദ്, അന്തമാൻ**

# കെ.കെ അബ്ദുല്ല

**ഒരു ഇസ്‌ലാമിക** പ്രവർത്തകന് അനിവാര്യമായും ഉണ്ടാകേണ്ട പഠനം, മനനം, പരന്ന വായന, പ്രതിബദ്ധത, ലാളിത്യം, വിശാലമനസ്കത, നൂതന ചിന്ത എന്നീ ഗുണങ്ങളൊക്കെ സംഗമിച്ച വ്യക്തിത്വമായിരുന്നു ഈയിടെ നമ്മെ വിട്ടുപിരിഞ്ഞ കെ.കെ അബ്ദുല്ല (70). അധ്യാപകൻ, ഗവേഷകൻ, ഖത്വീബ്, പ്രഭാഷകൻ, എഴുത്തുകാരൻ, പരിഭാഷകൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. മലപ്പുറം ജില്ലയിലെ ഒലിപ്പുഴയിൽ 1950-ൽ ജനനം. 1963-ൽ ശാന്തപുരം കോളേജിലെ ഒന്നാം ക്ലാസിൽ ചേർന്നു. ഒന്നിൽനിന്ന് മൂന്നിലേക്ക് പ്രമോഷൻ കിട്ടിയതിനാൽ പത്ത് വർഷമാണ് ശാന്തപുരത്ത് പഠിച്ചത്. ഈ കാലയളവിൽ അദ്ദേഹത്തിന്റെ നാല് സഹോദരന്മാരും മൂന്ന് സഹോദരിമാരും അവിടെ പഠിച്ചിരുന്നു. വലിയൊരു സമ്പന്നന്റെ മകനായി ജനിച്ച അദ്ദേഹത്തിന്റെ ജീവിതവും വസ്ത്രധാരണവും ഏറ്റവും ലളിതമായിരുന്നു. വിലകുറഞ്ഞ ഖദർ ജുബ്ബയും കോറ മുണ്ടുമായിരുന്നു വേഷം. പഠനകാലത്ത് ഇംഗ്ലീഷിൽ വ്യുൽപത്തി നേടാൻ പ്രത്യേകം ശ്രദ്ധിച്ചു. നാലു വർഷം പൂർത്തിയായപ്പോഴേക്കും ശാന്തപുരം ഇസ്‌ലാമിയാ കോളേജിലെ ഇംഗ്ലീഷ് കൈയെഴുത്തു പത്രമായ 'ഡോണി'ൽ എഴുതുകയും മോഡൽ പാർലമെന്റിൽ ഇംഗ്ലീഷിൽ സംസാരിക്കുകയും ചെയ്തിരുന്നു.

പഠനകാലത്ത് കോളേജിന്റെ പരിസരത്തുള്ള സ്ഥാപനങ്ങളിലേക്ക് വിദ്യാർഥികൾ സ്‌ക്വാഡ് വർക്കുകൾ നടത്തിയിരുന്നു. ഒരിക്കൽ തന്റെ നാടൻ വേഷത്തിൽ കെ.കെ അങ്ങാടിപ്പുറത്തെ പോളിടെക്നിക്കിലെത്തി. അവിടത്തെ അധ്യാപകർ പരസ്പരം അദ്ദേഹത്തെ ഇംഗ്ലീഷിൽ കളിയാക്കി ചിരിച്ചു. അദ്ദേഹം മലയാളത്തിൽ മറുപടി നൽകിക്കൊണ്ടിരുന്നു. പെട്ടെന്ന് ആ വാഗ്ചാതുരി ഇംഗ്ലീഷിലേക്ക് വഴിമാറി. അധ്യാപകർ വാ പൊളിച്ചു നിന്നു. യാതൊരു ഭാവഭേദവും കൂടാതെ ഇസ്‌ലാമിനെ ലളിതമായി അവർക്ക് പരിചയപ്പെടുത്തുകയായിരുന്നു അദ്ദേഹം. മൗലവി എല്ലാ ആഴ്ചയും വരണമെന്നായി പിന്നെ ആ അധ്യാപകർ. പഠനകാലത്ത് 'റേഡിയൻസ്' ഇംഗ്ലീഷ് വാരികയിലും എഴുതിയിരുന്നു. പലയിടത്തേക്കും ഖുത്വ്ബക്കും നികാഹ് ഖുത്വ്ബക്കും എ.കെ അബ്ദുൽ ഖാദർ മൗലവിയും അബുൽ ജലാൽ മൗലവിയും ശരീഫ് മൗലവിയും അദ്ദേഹത്തെയാണ് അയക്കുക. ജമാഅത്ത് പൊതുയോഗങ്ങളിലും കെ.കെയുടെ പ്രഭാഷണം പതിവായിരുന്നു.



ശാന്തപുരത്ത് പഠനം പൂർത്തിയാക്കിയ ശേഷം ഗവേഷണ പഠനങ്ങൾക്കായി പോയത് അലീഗഢിലുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ ഗ്രന്ഥരചനാ വിഭാഗത്തിലേക്കായിരുന്നു. മൗലാനാ മുഹമ്മദ് യൂസുഫ്, സദ്റുദ്ദീൻ ഇസ്‌ലാഹി, ഡോ. എഫ്.ആർ ഫരീദി, ഡോ. നജാത്തുല്ലാ സിദ്ദീഖി, മുഹമ്മദ് മുസ്‌ലിം എന്നിവരുമായി ഇക്കാലത്ത് അദ്ദേഹം അടുത്ത ബന്ധം പുലർത്തി. ജമാഅത്തെ ഇസ്‌ലാമി മുൻ അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസർ ഉമരിയും അന്ന് ആ സ്ഥാപനത്തിൽ ഉണ്ടായിരുന്നു. ഉർദു ഭാഷ ഗഹനമായി പഠിക്കാൻ ആ കാലത്ത് കഴിഞ്ഞു. അഖിലേന്ത്യാ നേതാക്കളുടെ പാണ്ഡിത്യം, ലാളിത്യം, സമർപ്പണം തുടങ്ങിയ കാര്യങ്ങൾ ക്ലാസ്സുകളിലും യോഗങ്ങളിലും അദ്ദേഹം നിരന്തരം പറയുമായിരുന്നു. മുഹമ്മദ് മുസ്‌ലിം, ഡോ. നജാത്തുല്ല സിദ്ദീഖി, എഫ്.ആർ ഫരീദി എന്നിവരോട് വളരെ അടുപ്പമുണ്ടായിരുന്നു. ആ കാലത്ത് 'റേഡിയൻസി'ൽ ശ്രദ്ധേയമായ ലേഖനങ്ങളെഴുതി. 1975 ജൂൺ 25-ന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഓഫീസ് പൂട്ടി. തുടർന്ന് ഈജിപ്തിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിലേക്ക് ഉപരിപഠനത്തിന് പോകാൻ ശ്രമിച്ചെങ്കിലും ജമാഅത്തുകാരനായതിനാൽ പാസ്പോർട്ട് നിഷേധിച്ചു.

പിന്നീട് നാട്ടിലേക്ക് മടങ്ങി എ.കെയുടെ നിർദേശപ്രകാരം പറവൂരിനടുത്ത വാണിയക്കാട് മഹല്ല് ഖത്വീബും ഫുൾടൈം പ്രവർത്തകനുമായി ചുമതലയേറ്റു. അന്നാട്ടിലെ യുവാക്കൾക്ക് കാക്കുവും സാധാരണക്കാർക്ക് മൗലവിയും ബുദ്ധിജീവികൾക്ക് പ്രഫസറുമായിരുന്നു അദ്ദേഹം. രണ്ടു വർഷത്തിനകം അദ്ദേഹം നടത്തിയ ശ്രദ്ധേയമായ ഖുത്വ്ബകളാണ് ഫിത്വ്ർ സകാത്ത്, ഉദ്ഹിയ്യത്ത്, പലിശരഹിത നിധി, സകാത്ത് സെൽ, വിദ്യാഭ്യാസ വകുപ്പ് തുടങ്ങി പുതിയ പല സംരംഭങ്ങൾക്കും തുടക്കം കുറിക്കാൻ നിമിത്തമായത്. കെ.ടി അബ്ദുർറഹീം സാഹിബ് വിദേശത്തേക്ക് പോയപ്പോൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഫുൾടൈം പ്രവർത്തകനായി അദ്ദേഹത്തെ നിയോഗിച്ചു.

ആ കാലത്ത് മദീന മസ്ജിദിൽ ഖുത്വ്ബ നിർവഹിക്കാനും പൊതു പരിപാടികളിൽ സംബന്ധിക്കാനും അദ്ദേഹം എറണാകുളത്ത് വരുമായിരുന്നു. സ്വാമിമാരും ക്രൈസ്തവ പുരോഹിതരും അത്ഭുതാദരവുകളോടെയാണ് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചത്.

വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരുന്നതിനാൽ ആ ചുമതലയിൽ നിന്ന് ഒഴിവായി 1978-ൽ കോഴിക്കോട് മജ്‌ലിസുത്തഅ്‌ലീമിൽ ഇസ്‌ലാമി ഓഫീസിലെത്തി. പിതാവിന് ഹൃദ്രോഗം വന്നതോടെ അതേ വർഷം ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ അധ്യാപകനായി നാടിനടുത്തേക്ക് മാറി. 1977-ൽ അടിയന്തരാവസ്ഥ

പിൻവലിക്കുകയും ജമാഅത്തിന് പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തപ്പോൾ അന്നത്തെ അമീറായിരുന്ന മുഹമ്മദ് യൂസുഫ് സാഹിബ് കേരളത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽ നടത്തിയ ഇംഗ്ലീഷ് പ്രഭാഷണങ്ങൾ നാലിടങ്ങളിൽ പരിഭാഷപ്പെടുത്തിയത് കെ.കെയായിരുന്നു. ശാന്തപുരത്ത് അധ്യാപകനായി സേവനം ചെയ്ത സമയത്തും പിന്നീട് ജിദ്ദയിലായിരിക്കുമ്പോഴും അതിഥികളുടെ അറബി, ഇംഗ്ലീഷ്, ഉർദു പ്രസംഗങ്ങൾ അനായാസം പരിഭാഷപ്പെടുത്തിയിരുന്നു. ഏറെ ഭൂസ്വത്തും മറ്റു വരുമാന മാർഗങ്ങളുമുണ്ടായിരുന്ന പിതാവിന് ഏറെ ഇഷ്ടപ്പെട്ടവനായിരുന്നു അദ്ദേഹം. അതിന് കാരണമായി പറഞ്ഞത് ഈ മകന്റെ ലളിത ജീവിതം, ജീവിത ചിട്ട, മിതവ്യയം, പരന്ന വായന, ഭാഷാപരിജ്ഞാനം എന്നിവയും.

ശാന്തപുരത്ത് അധ്യാപകനായ രണ്ട് വർഷം കൈയെഴുത്തു പത്രങ്ങളുടെ നിലവാരം ഉയർത്തുന്നതിലും മോഡൽ പാർലമെന്റ് യോഗങ്ങൾ ഫലവത്താക്കുന്നതിലും വലിയ സംഭാവനയാണ് അദ്ദേഹം നൽകിയത്. ശാന്തപുരം പള്ളിയിൽ ഇടക്കിടെ ശ്രദ്ധേയമായ ഖുത്ബയും നടത്തിയിരുന്നു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, കേരളപ്പിറവി ദിനം തുടങ്ങിയ സന്ദർഭങ്ങളിലെ ഖുത്ബകൾ ആനുകാലിക പ്രസക്തവും വേറിട്ടതുമായിരുന്നു. ഇംഗ്ലീഷ്, അറബി, ഉർദു എന്നീ മൂന്ന് ഭാഷാ ക്ലാസ്സുകളും അദ്ദേഹം അനായാസം എടുക്കുമായിരുന്നു. മൂന്ന് ഭാഷകളിൽ ഒരധ്യാപകൻ ക്ലാസ്സെടുക്കുന്നത് അപൂർവത തന്നെയായിരിക്കുമല്ലോ. ഉർദു ക്ലാസ്സുകളിൽ ഇഖ്ബാലിന്റെ വരികൾ ധാരാളമായി ഉദ്ധരിക്കും. ഇംഗ്ലീഷ്, അറബി ക്ലാസ്സുകളിൽ ശ്രദ്ധേയ എഴുത്തുകാരെയും അവരുടെ പുസ്തകങ്ങളെയും പരിചയപ്പെടുത്തുമായിരുന്നു. നന്നായി റഫർ ചെയ്ത ശേഷമേ ക്ലാസ്സിൽ വരൂ. റഫർ ചെയ്യാൻ സമയം വേണമെന്നു പറഞ്ഞ് ശാന്തപുരത്തു നിന്ന് പതിനഞ്ച് കിലോമീറ്റർ മാത്രം ദൂരമുള്ള വീട്ടിലേക്ക് മാസത്തിലൊരിക്കലേ പോകാറുണ്ടായിരുന്നുള്ളൂ.

ഇടക്കിടെ എ.കെ അബ്ദുൽ ഖാദർ മൗലവി പല സ്ഥലങ്ങളിലേക്കും കെ.കെയെ പ്രഭാഷണങ്ങൾക്ക് വിടും. എന്നെ മാത്രം അയക്കുന്നതെന്തിന് എന്ന് ചോദിക്കുമ്പോൾ നിനക്കാകുമ്പോൾ ടി.എ വേണ്ടല്ലോ എന്നായിരിക്കും മറുപടി. തന്റെ ശമ്പളത്തിൽ ഒരു ഭാഗം പിടിച്ച് മറ്റുള്ളവരെയും പറഞ്ഞയക്കാൻ എ.കെയോട് ആവശ്യപ്പെടുമായിരുന്നു. അവർക്കും എ.കെ അവസരം നൽകി. കെ.കെയുടെ പ്രഭാഷണങ്ങളിൽ അന്താരാഷ്ട്ര വിഷയങ്ങൾ ധാരാളമായി കടന്നുവന്നിരുന്നു. പരന്ന വായനയാണതിന് ഒരു കാരണം. റേഡിയോ കേൾക്കുന്നതും പതിവാക്കിയിരുന്നു. പ്രത്യേകിച്ച് ബി.ബി.സി, കൈറോ റേഡിയോ, ലാഹോർ റേഡിയോ എന്നിവ. അവ യഥാക്രമം ഇംഗ്ലീഷ്, അറബി, ഉർദു റേഡിയോ നിലയങ്ങളായിരുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങും. 'ബ്ലിറ്റ്സ്' വായിക്കാനായിരുന്നു കുട്ടികളോടാവശ്യപ്പെട്ടിരുന്നത്. 'ദഅ്വത്ത്' ഉർദു പത്രത്തിൽ മുഹമ്മദ് മുസ്‌ലിം സാഹിബ് എഴുതുന്ന കോളം വായിക്കാൻ പറയും. അധ്യാപകർക്കും വിദ്യാർഥികൾക്കും നാട്ടിൽ പോകാൻ സാമ്പത്തിക പ്രയാസമുണ്ടാകുമ്പോൾ സഹായിക്കാൻ കെ.കെ മുൻപന്തിയിലുണ്ടാവും.

1982 ഫെബ്രുവരിയിലാണ് അദ്ദേഹം ജിദ്ദയിലേക്ക് പോകുന്നത്. 'അറബ് ന്യൂസ്' എഡിറ്റർ ഷീബാനിയുടെ സെക്രട്ടറിയായിട്ടായിരുന്നു നിയമനം. ഇടക്കിടെ 'അറബ് ന്യൂസി'ൽ എഴുതിയിരുന്നു. ഹോളണ്ട് ബാങ്കിലും ഫ്രഞ്ച് ബാങ്കിലും ജോലി ചെയ്തെങ്കിലും വൈകാതെ ആ ജോലി ഉപേക്ഷിച്ചു. പിന്നെ സീനിയർ ഓഫീസറായി ഇസ്‌ലാമിക് ബാങ്കിലും ഫൈസൽ ഇസ്‌ലാമിക് ബാങ്കിലുമാണ് നീണ്ട കാലം ജോലി ചെയ്തിരുന്നത്. ഇസ്‌ലാമിക് ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് ആഴത്തിൽ പഠിച്ചിരുന്നു. ജിദ്ദ, രിയാദ്, ദമ്മാം, ഖത്തർ, ബഹ്റൈൻ തുടങ്ങി പലയിടങ്ങളിലും ഇസ്‌ലാമിക് ബാങ്കിനെ പ്രതിനിധീകരിച്ച് സെമിനാറുകളിൽ പങ്കെടുത്തിരുന്നു. ഡോ. നജാത്തുല്ല സിദ്ദീഖി, ഡോ. ഔസാഫ് അഹ്മദ്, ഡോ. എഫ്. ആർ ഫരീദി എന്നിവരുമൊന്നിച്ച് വേദി പങ്കിട്ടിട്ടുണ്ട്. 'ഏജസ് ജിദ്ദ' നടത്തിയ ഇസ്‌ലാമിക് ബാങ്കിംഗുമായി ബന്ധപ്പെട്ട ഒരു സെമിനാറിൽ മലയാളികളിൽ ഇങ്ങനെയൊരാളോ എന്ന് പലരും അത്ഭുതപ്പെട്ടു. 1990 അവസാനമാണ് അദ്ദേഹം കെ.ഐ.ജിയുമായി ബന്ധപ്പെടുന്നത്. 2000-ൽ കെ.ഐ.ജി ജിദ്ദ പ്രസിഡന്റാവുകയും ചെയ്തു.

ദീർഘകാലത്തെ പ്രവാസം മതിയാക്കി നാട്ടിൽ തിരിച്ചെത്തുമ്പോൾ ശാന്തപുരം അൽജാമിഅ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനാകാനായിരുന്നു താൽപര്യം. മറവിരോഗവും മറ്റും കാരണം അത് തുടരാൻ കഴിഞ്ഞില്ല. പിന്നെ പ്രാദേശിക പ്രവർത്തനങ്ങളിൽ ശ്രദ്ധയൂന്നി. സ്വന്തം നാട്ടിലെ സഹോദര സമുദായാംഗങ്ങളുമായി ഹൃദ്യമായ ബന്ധമുണ്ടാക്കിയെടുത്തിരുന്നു. താൻ പരിചയപ്പെടുകയും അഗാധ ബന്ധമുണ്ടാക്കിയെടുക്കുകയും ചെയ്ത അഖിലേന്ത്യാ നേതാക്കളെക്കുറിച്ച് എഴുതണമെന്ന് ആഗ്രഹമുണ്ടായിരുന്നു. 'ഇസ്‌ലാമിക് ബാങ്കിംഗ്: തത്ത്വവും പ്രയോഗവും' എന്ന തലക്കെട്ടിൽ ഒരു പുസ്തകമെഴുതാനും ആലോചനയുണ്ടായിരുന്നു. രണ്ട് ആഗ്രഹങ്ങളും ബാക്കിവെച്ചാണ് അദ്ദേഹം നമ്മോട് വിടപറഞ്ഞിരിക്കുന്നത്.

ഒലിപ്പുഴ കാട്ടുകണ്ടത്തിൽ മുഹമ്മദ് ഹാജി - ഫാത്വിമ ദമ്പതികളുടെ 14 മക്കളിൽ ആറാമനാണ് കെ.കെ. ഭാര്യ സാഹിറ അരീക്കോട്. മക്കൾ മർസൂഖ് (ഖത്തർ), എഞ്ചി. ജാവേദ്, മെഡിക്കൽ വിദ്യാർഥിനി യുംന.


**എ. ഫാറൂഖ് ശാന്തപുരം**


**Matrimonial**

മുസ്‌ലിം യുവതി (20/159 cm). B.Sc. Food Technology പൂർത്തിയാക്കി. പ്രസ്ഥാന കുടുംബം. സൗന്ദര്യം. മലപ്പുറം ജില്ല.

**9496173004**
**9447981522**

# മനസ്സിലെഴുതിയ കുറിപ്പ് മരണാനന്തരം



**ശാന്തപുരത്തു** നിന്ന് വാണിമേലിലേക്ക് മടങ്ങിയ സായാഹ്നം. ഒപ്പം ടി. മുഹമ്മദ് വേളം. വർത്തമാന വിഷയങ്ങൾ പലത്. എവിടെയോ വെച്ച് മഞ്ചേശ്വരത്തെ സി. അഹമ്മദ് കുഞ്ഞി വർത്തമാനത്തിൽ കയറി.

വെൽഫെയർ പാർട്ടി സംഘാടന സന്ദർശനങ്ങളിലൂടെ കുഞ്ഞി ടി.എമ്മിന്റെ മനസ്സിൽ ഇടം നേടിയെന്ന് അദ്ദേഹത്തിന്റെ സംസാരം തെളിയിച്ചു. കുഞ്ഞിയെക്കുറിച്ച് 'പ്രബോധനം' വാരികയിൽ എഴുതുന്ന കാര്യം വിഷയമായി. അലസതയാൽ നീണ്ടു. ഈദുൽ ഫിത്വ്ർ ദിനത്തിൽ ടി.എമ്മിനെ കണ്ടപ്പോൾ വിഷയമായത് സി.അഹമ്മദ് കുഞ്ഞിയുടെ മരണം.

മഞ്ചേശ്വരംകാരുടെ 'സി' വിട്ടേച്ചുപോയത് കാസർകോടിന്റെ ചരിത്രവും സ്വയം ചരിത്രമായ തന്റെ ജീവിതവുമാണ്. യു.പി.എ സർക്കാർ നിയോഗിച്ച ജസ്റ്റിസ് രജീന്ദർ സച്ചാർ കമീഷൻ 2006 നവംബർ 30-ന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് അന്നത്തെ തദ്ദേശ സ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ് കുട്ടി ചെയർമാനായി സർക്കാർ 2007 ഒക്ടോബർ 15-ന് രൂപവത്കരിച്ച സമിതിയിൽ സി. അംഗമായിരുന്നു. ടി.കെ ഹംസ എം.പി, കെ.ഇ ഇസ്മയിൽ എം.പി, കെ.എ അസീസ് എം.എൽ.എ, ഡോ. കെ.ടി ജലീൽ എം.എൽ.എ, ടി.കെ വിൽസൺ, ഡോ. ഫസൽ ഗഫൂർ, 'മാധ്യമം' എഡിറ്റർ ഒ. അബ്ദുർറഹ്മാൻ, ഡോ. ഹുസൈൻ രണ്ടത്താണി, കടക്കൽ അബ്ദുൽ അസീസ് മൗലവി എന്നിവരായിരുന്നു സമിതിയിലെ മറ്റംഗങ്ങൾ.

കേരളത്തിനു പുറത്തും അറിയപ്പെടുന്ന ഈ പ്രഗത്ഭരുടെ കൂട്ടത്തിൽ എന്തെങ്കിലും സന്തുലനം പാലിക്കാൻ ഉൾപ്പെടുത്തിയ പേരായിരുന്നില്ല അഹമ്മദ് കുഞ്ഞിയുടേത്. മുസ്‌ലിം ലീഗ് വിട്ട് സി.പി.എമ്മിൽ ചേർന്ന അദ്ദേഹത്തിന്റെ കഴിവുകളും ബോധ്യങ്ങളും ആ പാർട്ടി തിരിച്ചറിഞ്ഞതിന്റേതായിരുന്നു ആ പരിഗണന. കമ്മിറ്റിയിൽ തന്റെ നിയോഗം എന്താണെന്ന മാർഗനിർദേശം ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയ കാര്യ വിഭാഗം അന്ന് നൽകിയത് അനുഗ്രഹമായി കരുതുകയും പാലിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു അദ്ദേഹം.

ന്യൂനപക്ഷങ്ങളുടെ പൊതുവായ പ്രശ്നങ്ങൾക്ക് ഉപരിയായ സവിശേഷതകൾ കാസർകോട്ടുണ്ടെന്ന് സമിതി വഴി സർക്കാറിനെ ബോധ്യപ്പെടുത്താനുള്ള തീവ്രശ്രമം തന്നെ സി. നടത്തി. ഉർദു മാതൃഭാഷയായ തുർക്കന്മാർ എന്നറിയപ്പെടുന്ന, ടിപ്പു സുൽത്താന്റെ പടയാളികളുടെ പിന്മുറക്കാർ മഞ്ചേശ്വരം ഉപ്പളയിൽ വലിയ സമൂഹമായി താമസിക്കുന്നുണ്ട്. ഹനഫികളായ ഈ വിഭാഗത്തിന്റെ പ്രത്യേക ആരാധനാലയവും മറ്റും പ്രവർത്തിക്കുന്നു. സച്ചാർ കമീഷൻ റിപ്പോർട്ടിൽ ഉർദു മേഖലക്ക് ശിപാർശ ചെയ്ത പ്രത്യേക ആനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാക്കാനുള്ള സി.യുടെ ഇടപെടൽ എടുത്തുപറയേണ്ടതാണ്. എന്നാൽ ഈ വിഭാഗത്തിൽ നിന്നുള്ള വിദ്യാർഥികൾ ആരും ഉർദു മീഡിയം സ്കൂളിൽ പഠിക്കുന്നില്ലെന്ന മുടന്തൻ ന്യായം പറഞ്ഞ് സച്ചാർ കമീഷൻ ശിപാർശയടിസ്ഥാനത്തിൽ ഉപ്പളക്ക് അവകാശപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഇംഗ്ലീഷ് മീഡിയമാക്കിയുള്ള പ്രഖ്യാപനമാണ് അന്നത്തെ തൊഴിൽ മന്ത്രി പി.കെ ഗുരുദാസൻ നിയമസഭയിൽ നടത്തിയത്. അതിന് ബലമായ താവട്ടെ പാലോളി കമ്മിറ്റി അംഗമായ ഡോ. കെ.ടി ജലീൽ സഭയിൽ നടത്തിയ പ്രസംഗവും.

സി. അഹമ്മദ് കുഞ്ഞിയിലെ ഭാവനാസമ്പന്നത അദ്ദേഹം അധികാര സ്ഥാനങ്ങളിൽ ഇരുന്നേടത്തെല്ലാം പ്രകടമായിരുന്നു. ഇ. പത്മാവതി പ്രസിഡന്റായ 2000-2005 വർഷ കാസർകോട് ജില്ലാ പഞ്ചായത്ത് ഇടത് ഭരണസമിതി പുറത്തിറക്കിയ 'കാസർകോട്: ചരിത്രവും സമൂഹവും' ഗ്രന്ഥത്തിന്റെ ആമുഖത്തിലും തുടർന്ന് എം.വി ബാലകൃഷ്ണൻ മാസ്റ്റർ നേതൃത്വം നൽകിയ അടുത്ത ഇടത് ഭരണസമിതി പുതുക്കി പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ അവസാന ഭാഗത്തും സി. അഹമ്മദ് കുഞ്ഞിയുടെ സമർപ്പണ പത്രം കാണാം. ഇന്നേവരെ കേരളത്തിൽ മറ്റൊരു ജില്ലക്കും സാധിക്കാത്ത, കാസർകോടിനെ സമഗ്രമായി സ്പർശിക്കുന്ന ഗ്രന്ഥം 1995-2000 വർഷങ്ങളിൽ പ്രഥമ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായ സി. അഹമ്മദ് കുഞ്ഞി ആവിഷ്കരിച്ച പദ്ധതിയുടെ തുടർപ്രവർത്തനം മാത്രമാണതെന്ന് ആ പത്രിക ബോധ്യപ്പെടുത്തും. അന്ന് അദ്ദേഹം മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് കൂടിയായിരുന്നു.

അഹമ്മദ് കുഞ്ഞി മഞ്ചേശ്വരം പഞ്ചായത്ത് പ്രസിഡന്റായ കാലത്താണ് മലബാർ അക്വാ ഫാം എന്ന ചെമ്മീൻ കൃഷി സ്ഥാപനം അന്നത്തെ ഫിഷറീസ് മന്ത്രി എം. ടി പത്മ ഉദ്ഘാടനം ചെയ്തത്. പഞ്ചായത്ത് പാട്ടവ്യവസ്ഥയിൽ കൈമാറിയ ഭൂമിയിൽ തുടങ്ങിയ ഫാം പഞ്ചായത്തിന് സ്ഥിരവരുമാനവും പ്രദേശവാസികൾക്ക് തൊഴിലും തീരദേശത്തിന് ഉണർവും പകർന്ന പദ്ധതിയായിരുന്നു. ഈ സ്ഥാപനം പിന്നീട് ഒരു യു.ഡി.എഫ് പ്രമുഖന്റെ കേസ്സും ഇടത് മുന്നണി ഭരണത്തിൽ അഡ്വക്കറ്റ് ജനറലായിരുന്ന വ്യക്തിക്ക് കൈമാറിയ ലക്ഷങ്ങളുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യപ്പെട്ട രാഷ്ട്രീയ അശ്ലീലം സി.യിൽനിന്ന് അകലം പാലിച്ച് സംഭവിച്ചതാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടർന്ന മഞ്ചേശ്വരം കൺസ്യൂമർ സൊസൈറ്റി നടത്തുന്ന പൗരാവകാശ പ്രവർത്തനങ്ങൾ ആലംബഹീനർക്ക് അത്താണിയും ബ്യൂറോക്രാറ്റുകൾക്ക് ഭീഷണിയുമാണ്.

രാഷ്ട്ര കവി ഗോവിന്ദ പൈയുടെ ഭവനം കേരള-കർണാടക സർക്കാറുകളുടെ സഹകരണത്തോടെ സാംസ്കാരിക സ്ഥാപനമായി മാറ്റുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളിൽ സി. വഹിച്ച പങ്ക് നിസ്തുലമായിരുന്നു. മംഗളൂരു രൂപതയുടെ കീഴിൽ മഞ്ചേശ്വരം വൊർക്കാടിയിൽ സ്ഥിതിചെയ്യുന്ന കൊറഗ സങ്കേതവും ക്രൈസ്തവ ദേവാലയവു

# ബൈത്തുസ്സകാത്ത് കേരളയും ഇഖ്റ ഹോസ്പിറ്റലും കൈകോർക്കുന്നു

**കോഴിക്കോട്:** നിർധനരായ രോഗികൾക്ക് സൗജന്യ നിരക്കിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ ഇഖ്റ ഹോസ്പിറ്റലും ബൈത്തുസ്സകാത്ത് കേരളയും തമ്മിൽ ധാരണയായി. ഇതു സംബന്ധിച്ച ധാരണാ പത്രം ഇഖ്റ ഹോസ്പിറ്റലിൽ നടന്ന ചടങ്ങിൽ ഇഖ്റ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അൻവർ ബൈത്തുസ്സകാത്ത് ട്രസ്റ്റിയും പീപ്ൾസ് ഫൗണ്ടേഷൻ ചെയർമാനുമായ എം.കെ മുഹമ്മദലിക്ക് കൈമാറി. പീപ്ൾസ് ഫൗണ്ടേഷൻ ഏരിയാ കോഡിനേറ്റർമാർ മുഖേനയാണ് ഇതിനായുള്ള അപേക്ഷകൾ സ്വീകരിക്കുക. ചടങ്ങിൽ പീപ്ൾസ് ഫൗണ്ടേഷൻ സെക്രട്ടറി എം. അബ്ദുൽ മജീദ്, അഡ്മിനിസ്ട്രേറ്റർ ഹമീദ് സാലിം എന്നിവരും പങ്കെടുത്തു.



*ധാരണാ പത്രം ഇഖ്റ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അൻവർ ബൈത്തുസ്സകാത്ത് ട്രസ്റ്റിയും പീപ്ൾസ് ഫൗണ്ടേഷൻ ചെയർമാനുമായ എം.കെ മുഹമ്മദലിക്ക് കൈമാറുന്നു*

## കനിവിന് കരുതലൊരുക്കി എസ്.ഐ.ഒ പൈങ്ങോട്ടായി

**ആയഞ്ചേരി:** ഒരു പതിറ്റാണ്ടിലധികമായി പൈങ്ങോട്ടായിലും പരിസരത്തും ജനസേവന പ്രവർത്തനങ്ങൾ നടത്തുന്ന കനിവിന് കരുതലൊരുക്കി എസ്.ഐ.ഒ പൈങ്ങോട്ടായി യൂനിറ്റ്. പ്രവർത്തകരുടെ പെരുന്നാക്കോടിയുടെ വിഹിതം സ്വരുക്കൂട്ടിയാണ് കനിവിനൊപ്പം ചേർന്നത്. പിരിച്ചെടുത്ത തുക എസ്.ഐ.ഒ പ്രസിഡന്റ് എ.കെ നാസിം, സെക്രട്ടറി ഫർഹാൻ, ടി.കെ നുഅ്മാൻ, ടി.എച്ച് മൻസൂർ എന്നിവർ ചേർന്ന് കൈമാറി. കനിവ് ചെയർമാൻ കെ. ഫൈസൽ, കൺവീനർ കെ.വി ജൗഹർ എന്നിവർ ഏറ്റുവാങ്ങി.

മായി അഹമ്മദ് കുഞ്ഞി പുലർത്തിയ സൗഹൃദം മതേതര മഹിമയോടൊപ്പം ഫാഷിസത്തിനെതിരെ പരിചയുമായി.

മഞ്ചേശ്വരം കുഞ്ചത്തൂർ മാഡയിൽ ആൺ/പെൺ അനാഥാലയങ്ങൾ, സ്കൂൾ, കോളേജ് തുടങ്ങിയവയോടെ പ്രവർത്തിക്കുന്ന മുസ്‌ലിം ഓർഫനേജ് എന്നിവ മുപ്പതു വർഷം മുമ്പ് അഹമ്മദ് കുഞ്ഞി തുടക്കമിട്ടതാണ്. സന്താന സൗഭാഗ്യം അനുഗ്രഹമാവാത്ത തന്റെ ജീവിതം അനാഥകളെ താലോലിക്കുന്നതിലേക്ക് നീണ്ടപ്പോൾ മഞ്ചേശ്വരം മണ്ഡലം എം.എൽ.എ കൂടിയായ തന്റെ പാർട്ടി നേതാവ് ചെർക്കളം അബ്ദുല്ല പിന്തുണയേകി. ശാരീരിക വൈകല്യം മാനസിക ഉല്ലാസത്തിലൂടെ മറികടന്ന ടാസ അബൂബക്കർ സാഹിബ് തുണയാവുകയും ചെയ്തു (ടാസ നാലു വർഷം മുമ്പ് അന്തരിച്ചു). ഇരുവരുടെയും പ്രഭാതങ്ങൾ ദൈവപ്രണാമത്തിനു ശേഷം അനാഥ മക്കൾക്കു മേൽ കാരുണ്യം ചൊരിഞ്ഞു. ആ പൈതങ്ങളുടെ ശൗച്യാനന്തര ശുചീകരണം വരെ അറപ്പില്ലാതെയും മനസ്സ് നാഥനിൽ അർപ്പിച്ചും നിർവഹിച്ച നിർവൃതിയുടെ തുടർച്ചയായാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്ന പ്രഥമ അധികാരക്കസേരയിൽ അഹമ്മദ് കുഞ്ഞി അവരോധിതനായത്.

സ്വയം ചരിത്രമാവുക കൂടിയായിരുന്നു സി. അഹമ്മദ് കുഞ്ഞി. തുളുനാടിന്റെ ഭാഷകളും വേഷവും പ്രസംഗ ഗാംഭീര്യവും കൊണ്ട് മഞ്ചേശ്വരത്ത് ഇദ്ദേഹം മേൽക്കൈ നേടുന്നതിനെതിരെ മുസ്‌ലിം ലീഗിനകത്തുണ്ടായ കരുനീക്കങ്ങളെ തുടർന്നാണ് സി. പാർട്ടി വിട്ട് സി.പി.എമ്മിൽ ചേർന്നത്. അദ്ദേഹത്തിന് വളരെ വേഗം ആ പാർട്ടിയിൽ അംഗീകാരം ലഭിക്കുകയും നേതൃത്വത്തിലെത്തുകയും ചെയ്തിരുന്നു. കമ്യൂണിസ്റ്റ് രീതികളും തന്റെ ഇസ്‌ലാമിക ശൈലിയും തമ്മിലുള്ള മനോസംഘർഷം പിരിമുറുകിത്തുടങ്ങിയ ഘട്ടത്തിൽ ചെങ്കൊടി ഉപേക്ഷിച്ചു. മഞ്ചേശ്വരം റെയിൽവേ സ്റ്റേഷന് പടിഞ്ഞാറ് കളിപ്പാട്ടങ്ങളും യൂനാനി മരുന്നും വിൽക്കുന്ന കൊച്ചു കടയിലേക്ക് ഒതുങ്ങിയെങ്കിലും രാഷ്ട്രീയാതീത ആദരവോടെ അദ്ദേഹത്തെ ജനങ്ങൾ സമീപിക്കുന്നുണ്ടായിരുന്നു. പിന്നീടാണ് അദ്ദേഹം വെൽഫെയർ പാർട്ടിയിൽ എത്തിയത്. വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റ്, സംസ്ഥാന വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. വെൽഫെയർ പാർട്ടി സംസ്ഥാന സമിതി അംഗമായിരിക്കെയാണ് മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് എം.സി ഖമറുദ്ദീനും ജനറൽ സെക്രട്ടറി എ. അബ്ദുർറഹ്മാനും അദ്ദേഹത്തെ ചെന്നു കണ്ട് തിരിച്ചുവരാൻ അഭ്യർഥിച്ചത്. താൻ വളർത്തിയ പച്ചയിലേക്ക് അവസാനം അദ്ദേഹം മടങ്ങുകയും ചെയ്തു.

**സൂപ്പി വാണിമേൽ**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും സ്വർഗത്തിൽ ഉന്നത സ്ഥാനവും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*

# മലപ്പുറത്തിനെതിരെ വിദ്വേഷ പ്രചാരണം ബി.ജെ.പി എം.പിക്കെതിരെ കേസ്

**മലപ്പുറം:** മലപ്പുറം ജില്ലക്കെതിരെ നടത്തിയ വിദ്വേഷ പ്രചാരണത്തിന്റെ പേരിൽ ബി.ജെ.പി എം.പി മനേകാ ഗാന്ധിക്കെതിരെ ഐ.പി.സി 153 വകുപ്പ് പ്രകാരം പോലീസ് കേസെടുത്തു. മലപ്പുറം പോലീസ് സ്റ്റേഷനിലാണ് എഫ്.ഐ.ആർ (No. 321/2020) രജിസ്റ്റർ ചെയ്തിരിക്കുന്നത്. സോളിഡാരിറ്റി യൂത്ത് മൂവ്മെന്റിനു പുറമെ, മുസ്‌ലിം ലീഗ്, കോൺഗ്രസ്, സുപ്രീം കോടതി അഭിഭാഷകൻ കെ.ആർ സുഭാഷ് ചന്ദ്രൻ എന്നിവർ പരാതി നൽകിയിരുന്നു. മനേകാ ഗാന്ധിക്കെതിരെ എസ്.ഐ.ഒ, ഡി.ജി.പിക്ക് പരാതി നൽകിയിട്ടുണ്ട്. 'മലപ്പുറം ജില്ല ക്രിമിനൽ പ്രവർത്തനങ്ങൾക്ക് പേരുകേട്ട സ്ഥലമാണ്, മലപ്പുറത്തുകാർ റോഡിലേക്ക് വിഷം എറിഞ്ഞ് 300 മുതൽ 400 വരെ പക്ഷികളെയും നായ്ക്കളെയും ഒറ്റയടിക്ക് കൊന്നിട്ടുണ്ട്' തുടങ്ങിയ വംശീയ വിദ്വേഷ പ്രചാരണമാണ് ട്വിറ്ററിലും ദേശീയ വാർത്താ ഏജൻസിയായ എ.എൻ.ഐക്ക് നൽകിയ അഭിമുഖത്തിലും മനേകാ ഗാന്ധി നടത്തിയത്. ഇതിനെതിരെ എസ്.ഐ.ഒ മലപ്പുറം ജില്ലാ സെക്രട്ടറി ഫവാസ് അമ്പാളിയാണ് ഡി.ജി.പിക്ക് പരാതി നൽകിയത്. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടും വ്യാജ വാർത്തകൾ പ്രചരിപ്പിച്ചുകൊണ്ടും മതസ്പർധ വളർത്തുകയും പ്രദേശപരമായ വിഭാഗീയതക്ക് ശ്രമിക്കുകയും ചെയ്ത മനേക സഞ്ജയ് ഗാന്ധിയുടെ പ്രവർത്തനങ്ങളെ ക്രിമിനൽ കുറ്റമായിക്കണ്ട് നിയമ നടപടി എടുക്കണമെന്ന് പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

---

# സൂറത്തുൽ മആരിജ് വിജ്ഞാന പരീക്ഷ ഫലം പ്രഖ്യാപിച്ചു

**കുവൈറ്റ്:** കെ.ഐ.ജി ഫർവാനിയ ഏരിയയുടെ ആഭിമുഖ്യത്തിൽ റമദാനിലെ ഒന്നിടവിട്ട ദിവസങ്ങളിൽ യുവ പണ്ഡിതൻ അനീസ് അബ്ദുൽ സലാമിന്റെ നേതൃത്വത്തിൽ നടത്തിയ ഖുർആനിലെ സൂറത്തുൽ മആരിജ് ആസ്പദമാക്കിയുള്ള ഖുർആൻ പഠന ക്ലാസിനെ അവലംബിച്ചു നടത്തിയ വിജ്ഞാന പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പരീക്ഷയിൽ കുവൈത്തിൽ നിന്നും പുറത്തു നിന്നുമായി 211 പേർ പങ്കെടുത്തു. സമീറ അബ്ദുൽ അസീസ്, നസീർ, ഷമീറ, മബ്റൂറ, ഷമീന അബ്ദുൽ ഖാദർ, റസാഖ് കെ. സലാം, സന ഉമ്മർ, ഹിബ ശരീഫ്, ശബ്‌ന മൊയ്ദു, മർസൂക്ക്, മെഹബൂബ് അലി, നജ്മ ശരീഫ്, നൗസി നൗഷാദ്, അൻവർ, ഷുക്കൂർ, ഷഹല ഫെബിൻ എന്നിവർ മുഴുവൻ മാർക്കും കരസ്ഥമാക്കി ഒന്നാം സ്ഥാനത്തിന് അർഹരായി. ഏരിയ പ്രസിഡന്റ് നൈസാം, പ്രോഗ്രാം കൺവീനർ സി.കെ നജീബ് എന്നിവർ നേതൃത്വം നൽകിയ പരീക്ഷക്ക് ചോദ്യങ്ങൾ തയാറാക്കിയത് അബ്ദദുൽ റസാഖ് നദ്‌വിയും സാങ്കേതിക സഹായം നൽകിയത് റിഷ്ദിൻ അമീറുമാണ്. ഓൺലൈൻ ക്ലാസുകൾ https://www.youtube.com/playlist?list=PL-zwO5LW4O4tvwUchO3-oh6lblDKjZWrn എന്ന യൂട്യൂബ് ചാനലിൽ ലഭ്യമാണ്. വിജയികൾക്കുള്ള സമ്മാനങ്ങൾ പിന്നീട് നൽകുന്നതാണ്

---

# രാഷ്ട്രീയ പകപോക്കൽ അപലപനീയം യൂത്ത് ഇന്ത്യ

**ബഹ്റൈൻ:** പൗരത്വ പ്രക്ഷോഭത്തിൽ പങ്കെടുത്തവർക്കും മുസ്‌ലിംകൾക്കും ദലിതർക്കുമെതിരെ ഈ കോവിഡ് കാലത്തും തുടർന്നു കൊണ്ടിരിക്കുന്ന വേട്ടയാടൽ അടിയന്തരമായി അവസാനിപ്പിക്കണമെന്ന് യൂത്ത് ഇന്ത്യ ആവശ്യപ്പെട്ടു.

ദൽഹിയിൽ വിദ്യാർഥികളെയും പൗരത്വ പോരാളികളെയും കേന്ദ്രീകരിച്ച് നടക്കുന്ന ഭരണകൂട വേട്ടയുടെ ഏറ്റവും പുതിയ ഇരകളാണ് ജാമിഅ മില്ലിയ ഇസ്‌ലാമിയ വിദ്യാർഥികളായ സഫൂറ സർഗാർ, മീരാൻ ഹൈദർ, ജെ.എൻ.യു വിദ്യാർഥിയായിരുന്ന ഉമർ ഖാലിദ് എന്നിവർ. സകല ജനാധിപത്യ മര്യാദകളും ലംഘിച്ചു കൊണ്ട് രാജ്യദ്രോഹം ഉൾപ്പെടെയുള്ള വകുപ്പുകളാണ് നിരപരാധികളായ വിദ്യാർഥികൾക്കെതിരെ ചുമത്തിയിരിക്കുന്നത്. ചോദ്യം ചെയ്യാനെന്ന പേരിൽ ഏപ്രിൽ ഒന്നിന് പോലീസ് സ്റ്റേഷനിലേക്ക് വിളിക്കപ്പെട്ട ഗവേഷണ വിദ്യാർഥിയായ മീരാനെ വിട്ടയക്കാതെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. ഒന്നാം ലോക്ക് ഡൗൺ അവസാന ഘട്ടത്തിൽ ഗുരുതരമായ കുറ്റാരോപണങ്ങളോടെ മീരാനെ 14 ദിവസത്തെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിടുകയാണുണ്ടായത്. രാജ്യദ്രോഹം, കലാപം സൃഷ്ടിക്കൽ, കൊലപാതകം തുടങ്ങി ഇരുപത്തഞ്ചോളം കുറ്റകൃത്യങ്ങളാണ് പോലീസ് മീരാനെതിരെ കെട്ടിച്ചമച്ചിരിക്കുന്നത്.

മീരാന്റെ അറസ്റ്റിൽ നിരന്തരമായി ഇടപെലുകൾ നടത്തിക്കൊണ്ടിരിക്കെയാണ് സഫൂറ സർഗാറിനെ പോലീസ് അറസ്റ്റ് ചെയ്യുന്നത്. ഏപ്രിൽ 10-ന് അറസ്റ്റ് രേഖപ്പെടുത്തപ്പെട്ട എം.ഫിൽ വിദ്യാർഥിനിയായ സഫൂറക്കെതിരെ ചാർത്തിയ ആദ്യ എഫ്. ഐ.ആറിൽ ജാമ്യം ലഭിച്ച ഉടനെ ദൽഹി വയലൻസുമായി ബന്ധപ്പെടുത്തി വീണ്ടും അറസ്റ്റ് ചെയ്യുകയായിരുന്നു. തുടർന്ന് ഏപ്രിൽ 21-ന് യു.എ.പി.എ ചാർത്തുന്നു. ഗർഭിണി കൂടിയായ, ഏറെ ആരോഗ്യ പരിരക്ഷ ആവശ്യമുള്ള സഫൂറക്ക് ജാമ്യം പോലും നിഷേധിച്ചുള്ള പകപോക്കൽ നടപടിയാണ് പോലീസ് ചെയ്യുന്നത്.

ഒരു വശത്ത് ലോക്ക് ഡൗണിന്റെ മറവിൽ സമരപ്രവർത്തകർക്കെതിരിൽ യു.എ.പി.എ ചാർത്തി ജയിലിലടച്ച് സി.എ.എ പ്രക്ഷോഭത്തെ അടിച്ചമർത്താനും മറുവശത്ത് യഥാർഥ അക്രമികൾ പോലീസ് പിന്തുണയോടെ വിഹരിക്കുമ്പോൾ സി.എ.എ സമരപ്രവർത്തകരെ 'കലാപ'കാരികളെന്ന് മുദ്രകുത്തി വേട്ടയാടുകയുമാണ് ദൽഹി പോലീസും കേന്ദ്ര ഭരണകൂടവും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. പരസ്യമായി ദൽഹിയിൽ കലാപാഹ്വാനം നടത്തുകയും ആസൂത്രിതമായി കലാപം നടത്തുകയും ചെയ്തവർക്കെതിരെ ഒരു നടപടി ഇതുവരെ ദൽഹി പോലീസോ കേന്ദ്ര ആഭ്യന്തര വകുപ്പോ സ്വീകരിച്ചിട്ടില്ല

ഈ നീതിനിഷേധങ്ങൾക്കെതിരെ പൗര സമൂഹം മുന്നോട്ട് വരണമെന്ന് യൂത്ത് ഇന്ത്യ ആവശ്യപ്പെടുന്നു. യൂത്ത് ഇന്ത്യ പ്രസിഡന്റ് വി.കെ അനീസ്, ജനറൽ സെക്രട്ടറി വി.എൻ മുർഷാദ് എന്നിവർ പ്രസ്താവനയിൽ ഒപ്പുവെച്ചു.

ഹദീസ്

ഫാത്വിമ കോയക്കുട്ടി

# വെളിച്ചമാണ് അധ്യാപകൻ

عن جابر رضى الله عنه  أن النبى صلَّى الله عليه وسلَّم قال: إنَّ الله تعالى لم يَبْعثني مُعنتًا ولا مُتعنِّتًا، ولكن بَعثَني مُعلِّمًا مُيسِّرًا (رواه مسلم)

**ജാബിറി(റ)ൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: 'കാർക്കശ്യക്കാരനും അടിച്ചേൽപിക്കുന്നവനുമായിട്ടല്ല എന്നെ അല്ലാഹു നിയോഗിച്ചിട്ടുള്ളത്. കാര്യങ്ങൾ എളുപ്പമാക്കിക്കൊടുക്കുന്ന അധ്യാപകനായിട്ടാണ് അവൻ എന്നെ നിയോഗിച്ചിട്ടുള്ളത് (മുസ്‌ലിം).**

ഇസ്‌ലാമിൽ അധ്യാപകർക്ക് വലിയ പദവിയും പ്രാധാന്യവുമുണ്ട്. നബി (സ) തന്നെ കുറിച്ച് പറഞ്ഞിട്ടുള്ളത് നല്ലൊരു അധ്യാപകൻ എന്നാണ്. 'നിങ്ങളിലെ വിജ്ഞാനം നൽകപ്പെട്ട വിശ്വാസികൾക്ക് ഉയർന്ന പദവികളുണ്ട്' എന്ന് അല്ലാഹു സന്തോഷ വാർത്ത അറിയിക്കുന്നുണ്ട്.

അധ്യാപനം ഒരു തൊഴിൽ എന്നതിനേക്കാളുപരി ദൈവ നിയോഗമായി കരുതിയാൽ മാത്രമേ ഈ പുണ്യപ്രവൃത്തിയുടെ മാഹാത്മ്യം മനസ്സിലാവുകയുള്ളൂ. ഔപചാരിക വിദ്യാഭ്യാസത്തിന്റെ മർമപ്രധാനമായ ഘടകമാണ് അധ്യാപകർ. കുട്ടികൾ വിദ്യാലയത്തിലൂടെ കടന്നുപോവുകയല്ല, മറിച്ച് വിദ്യ അവരിലൂടെ കടന്നുപോവുകയാണ് വേണ്ടത്. അതിനുള്ള ചാലകശക്തിയാണ് അധ്യാപകൻ. വസ്തുക്കളെയല്ല, വ്യക്തികളെയാണ് ഒരു അധ്യാപകൻ കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ തകർന്നുപോകാൻ സാധ്യതയുണ്ട്.

എജുക്കേഷൻ എന്ന പദം 'പുറത്തുകൊണ്ടുവരിക' എന്നർഥമുള്ള 'എജുക്കാരേ' എന്ന ലത്തീൻ പദത്തിൽ നിന്നാണ് ഉത്ഭവിച്ചത്. അധ്യാപകൻ അടിസ്ഥാനപരമായി പ്രചോദകനാണ്. ഓരോ കുട്ടിയിലും അന്തർലീനമായിക്കിടക്കുന്ന കഴിവുകൾ പുറത്തു കൊണ്ടുവരിക. അതാണ് വിദ്യാഭ്യാസത്തിലൂടെ ചെയ്യുന്നത്. അത് നേടിയെടുക്കുമ്പോഴും വിദ്യാലയങ്ങൾ വിട്ടൊഴിഞ്ഞ് കുട്ടികൾ പോകുമ്പോഴും സിലബസ് മറന്നുകഴിഞ്ഞതിനു ശേഷവും അവരിൽ അവശേഷിക്കേണ്ട സനാതന മൂല്യങ്ങൾ സന്നിവേശിപ്പിക്കേണ്ടത് അധ്യാപകന്റെ ജോലിയാണ്. നല്ല ഒരു അധ്യാപകൻ എന്നും നല്ല ഒരു വിദ്യാർഥിയും കൂടിയാകണം. വിദ്യയാണ് ഏറ്റവും വലിയ സമ്പത്ത്. അതിന്റെ വിതരണക്കാരാണ് അധ്യാപകർ.

അതുകൊണ്ടു തന്നെ ഒരധ്യാപകനെ സംബന്ധിച്ചേടത്തോളം അയാൾക്ക് അനിവാര്യമായും ഉണ്ടാകേണ്ട ചില സ്വഭാവ സവിശേഷതകളുണ്ട്. ധൈര്യം, ഭാവന, അച്ചടക്കം, സഹിഷ്ണുത, ക്ഷമാശീലം, സമർപ്പണ മനോഭാവം, കർത്തവ്യബോധം, ശരിതെറ്റുകൾ മനസ്സിലാക്കി ശരിയെന്ന് തോന്നുന്ന കാര്യങ്ങളിലുള്ള ഉറച്ച നിലപാടുകൾ ഇതെല്ലാം ഒരു നിപുണനായ അധ്യാപകന്റെ സ്വഭാവ ഗുണങ്ങളാണെന്ന് പണ്ഡിതന്മാർ വിശദീകരിക്കുന്നു.

സമൂഹത്തിൽ ഇന്ന് ക്രിമിനലുകളും മാഫിയകളുമൊക്കെ അധികരിച്ചുവരുന്നതിന്റെ ഒരു പ്രധാന കാരണം അത്തരക്കാർക്ക് തങ്ങൾ ജീവിക്കുന്ന കാലഘട്ടത്തിന്റെയും അഭിമുഖീകരിക്കുന്ന സാമൂഹിക ചുറ്റുപാടുകളുടെയും അടിസ്ഥാനത്തിലുള്ള വിജ്ഞാനങ്ങൾ നൽകപ്പെടാത്തതാണ്. ധാർമിക – സദാചാര മൂല്യങ്ങളുടെയും കാലോചിതമായ വൈജ്ഞാനിക മികവുകളുടെയും അഭാവം അവരെ മൂല്യച്യുതിയിലേക്കു വഴി നടത്തുന്നു. അഥവാ അവർക്ക് വേണ്ട രീതിയിലുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കുന്നില്ല.


അങ്ങനെയാണ് സമൂഹത്തിൽ ഇത്രയേറെ കുറ്റകൃത്യങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ഇമാം ഗസ്സാലി പറയുകയുണ്ടായി; മറ്റുള്ളവർക്ക് പ്രകാശം നൽകി എരിഞ്ഞു തീരുന്ന വിളക്കുതിരിയാണ് ഒരു അധ്യാപകൻ. നബി (സ) പറഞ്ഞു: 'എന്നിൽ നിന്ന് ഒരു സദുപദേശം കേൾക്കുകയും അതു വഴി സ്വയം ഉദ്ബുദ്ധനായി താൻ കേട്ടതുപോലെ അത് മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്ന ആളെ അല്ലാഹു അനുഗ്രഹിക്കട്ടെ.'

മുസ്‌ലിമായ അധ്യാപകനെ സംബന്ധിച്ചേടത്തോളം വലിയ ഉത്തരവാദിത്തമാണ് അയാൾക്കുള്ളത്. അയാൾ സ്വയം ഒരു പ്രബോധകനാണ്. തന്റെ ശിഷ്യന്മാരെ നന്മയിലേക്കു ക്ഷണിക്കുകയും അവരിലേക്ക് തിന്മ കടന്നുവരുന്നത് തടയുകയും ചെയ്യേണ്ടതുണ്ട്. ഒരു ഹദീസിൽ ഇങ്ങനെ വന്നിട്ടുണ്ട്: 'ഒരാൾ ഒരു അറിവു പകർന്നു നൽകുകയാണെങ്കിൽ അതിന്റെ ഫലമായി അത് പ്രവർത്തിച്ചവന്റേതു പോലുള്ള പ്രതിഫലം ആ വിജ്ഞാനം പകർന്നു നൽകിയ ആൾക്കും അല്ലാഹു നൽകും.'

കുട്ടികളെ ആത്മാർഥമായി പഠിപ്പിക്കുക, അവരുടെ സംശയങ്ങൾ ദൂരീകരിക്കുക, കാര്യങ്ങൾ നന്നായി മനസ്സിലാക്കിക്കൊടുക്കുക... ഇതൊക്കെ ഒരു അധ്യാപകന്റെ ഡ്യൂട്ടിയാണ്. ഇൽമ് അല്ലാഹുവിന്റെ ദാനമാണ്. അത് മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനുള്ളതാണ്. തനിക്കു ലഭിച്ച അറിവ് മറ്റുള്ളവർക്ക് പകർന്നു കൊടുക്കാത്തവരെക്കുറിച്ച് അല്ലാഹു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പല ഖുർആനിക സൂക്തങ്ങളിലും നമുക്കത് കാണാം.

'അല്ലാഹു തന്റെ ഗ്രന്ഥത്തിലൂടെ ഇറക്കിയ ഈ വിജ്ഞാനം (ഐഹികമായ നേട്ടങ്ങൾക്കു വേണ്ടി) മറച്ചു വെക്കുന്ന ആളുകൾ, അങ്ങനെയുള്ള ആളുകൾ അവരുടെ വയറ്റിൽ അതു മൂലം സമ്പാദിച്ചുവെക്കുന്നതൊക്കെ നരകത്തീയാണ്.'

അതായത് ആത്മാർഥതയോടെ, സത്യസന്ധമായി വേണ്ടവിധം തന്റെ ശിഷ്യഗണത്തിന് അറിവും സംസ്കാരവും പകർന്നു കൊടുത്തില്ലെങ്കിൽ ഈ ആയത്തിൽ പറയുന്നതു പോലുള്ളൊരു ദുരനുഭവമായിരിക്കും അത്തരക്കാരെ കാത്തിരിക്കുന്നത്. ●



കവിത

# കുഞ്ഞു ഖബ്റുകൾ

അശ്റഫ് കാവിൽ

കൊല്ലപ്പെട്ട കുഞ്ഞുങ്ങൾ
ഒന്നുമറിയാതെ
മണ്ണു പുതച്ചുറങ്ങുന്നു.

അവരുടെ ഖബ്റിടം
അലൗകികമായ
വെളിച്ചത്തിൽ
നിറഞ്ഞിട്ടുണ്ടാവണം.

കത്തിയെരിക്കപ്പെട്ട
തെരുവുകളെക്കുറിച്ച്
അവരിനി എന്തിനോർക്കണം.

ഗോലി കളിച്ചുനടന്ന
തെരുവിനെക്കുറിച്ച്,
വെണ്ണപുരട്ടി
അമ്മ വിളമ്പിവെച്ച
റൊട്ടിയെക്കുറിച്ച്
എന്തിനോർക്കണം.

കരുണയില്ലാത്ത
കാപാലികരെയാണ്
ഓർമകൾ
ഉടനീളം വേട്ടയാടുക!

അവർ കൊളുത്തുന്ന
ഓരോ വിളക്കും
കൊല്ലപ്പെട്ടവർ
വന്നൂതിക്കെടുത്തും.

കുഞ്ഞുങ്ങളെ
ലാളിക്കുമ്പോൾ
ആ കുഞ്ഞിക്കണ്ണുകൾ
ക്രുദ്ധമൗനം കൊണ്ട്
അവരെ വേട്ടയാടും.

കഴുകിയിട്ടും
കഴുകിയിട്ടും മാറാത്ത
കറുത്ത രക്തം
ഓരോ പിടി അന്നത്തിലും
രുചിക്കും.

ഒറ്റക്കാകുന്ന
ഓരോ നിമിഷവും
ആത്മവിചാരണയുടെ
ഉമിത്തീയിൽ വേവും.

കണ്ണാടി നോക്കുമ്പോൾ
മുളച്ചു പൊന്തുന്ന
സ്വന്തം കൊമ്പുകൾ കണ്ട്
പേടിച്ച്, പിന്തിരിഞ്ഞോടും.

Vol. No: 77 Issue No. 04 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid